
VOL NO: 04 | ISSUE 43
www.nerpatham.com
mail@nerpatham.com

# നേർപഥം
വാരിക

2020 OCTOBER 24 | 1442 RABIUL AWWAL 06 | ₹12

# സ്വത്വരാഷ്ട്രീയവും പ്രതിരോധത്തിലെ സ്വത്വബോധവും

രാജ്യത്ത് പട്ടിണിയും പരിവട്ടവും പെരുകിവരുമ്പോഴും വംശീയ ധ്രുവീകരണത്തിനായി കെണികൾ ഒരുക്കുന്ന തിരക്കിലാണ് അധിനിവേശത്തിലൂടെ ആധിപത്യമുറപ്പിച്ച ആര്യൻമാരുടെ പിൻമുറക്കാർ. ഹിന്ദുത്വമെന്ന മതരാഷ്ട്ര സ്വത്വരാഷ്ട്രീയത്തെ എതിർക്കാൻ മതപരമായ സ്വത്വവാദവുമായി മുന്നോട്ടിറങ്ങുന്നത് വർഗീയത വളർത്തുന്നവർക്ക് വളമാവുമെന്നതാണ് വർത്തമാനകാല പാഠങ്ങൾ. ആദർശരംഗത്ത് സ്വത്വമുയർത്തിപ്പിടിക്കുന്നതോടൊപ്പം തന്നെ യോജിച്ച പ്രതികരണങ്ങളാണ് ഇനി ഉയർന്നുവരേണ്ടത്.



|| കേരളത്തിലെ നാസ്തിക സന്ദേഹങ്ങൾ
|| ശിയാക്കളും മരിച്ചവരുടെ തിരിച്ചുവരവും
|| കോവിഡ് പ്രോട്ടോകോളും മരണാനന്തര ചടങ്ങുകളും

## നബിദിനാഘോഷം: അവഗണിക്കുന്നത് നബിചര്യയെ

വർഷത്തിലൊരിക്കൽ മീലാദുന്നബി ആഘോഷിച്ചാൽ യഥാർഥ പ്രവാചക സ്നേഹമായി എന്ന് വിശ്വസിക്കുന്നവരാണ് സമൂഹത്തിലെ നല്ലൊരു ശതമാനവും! ശരിയായ പ്രവാചകസ്നേഹത്തെ കുറിച്ചു പറഞ്ഞാൽ സ്റ്റേജിലും പേജിലും സൈബറിടങ്ങളിലും നിലവാരം കുറഞ്ഞ പ്രതികരണങ്ങളുമായി ഇവർ രംഗത്തുവരും.

# മാനസിക സമ്മർദങ്ങൾക്ക് സ്നേഹ സാന്ത്വനം

WISDOM YOUTH

WISDOM HEALTHCARE

wisdomyouth

---

WISDOM

# alive

## COUNSELLING DESK

**കൊറന്റൈൻ ചെയ്യപ്പെട്ടവർക്ക് സമാശ്വാസം**

- മാനസിക ശാരീരിക പ്രതിസന്ധികൾക്ക് പരിഹാരം
- വിളിക്കേണ്ട സമയം : 9 AM to 5 PM
- വിദഗ്ദ്ധ ഡോക്ടർമാർ, മാനസികരോഗ വിദഗ്ദ്ധർ, ഫാമിലി കൗൺസിലർമാർ, പണ്ഡിതൻമാർ തുടങ്ങിയവരുടെ സേവനം.

TRIVANDRUM: +919961607451, +919747393614, +91 9526524467, +91 9846111569, +919846111569
KOLLAM: +919847115662, +919496328778, +91 9846843174, +91 79077 76442, +91 94474 37338, +91 9947802460, +91 9961493999
ALAPPUZHA: +919996310518, +918943464478, +91 7593944659, +91 95394 22947
IDUKKI: +919946545193, +9199950 25976, +9197462 36553, +9190376 40858
ERNAKULAM: +917902470463, +91082898 80889, +9195445 00993, +9198460 45037, +9199463 48085, +9195441 36813, +9198462 54531
THRISSUR: +919446737160, +919961037934, +919946222282, +917510580834, +9198958130490, +916282230820
PALAKKAD: +919847939173, +919656118833, +919447623139, +919995222000, +919847748685, +919495467259
MALAPPURAM WEST: +919895953579, +919037159419, +917012095123, +919744229447, +919656533301
MALAPPURAM NORTH: +919946199288, +91 90379 29121, +919495889689, +916282276726, +917012803394, +919947298978
MALAPPURAM EAST: +919447749005, +91 9747600123, +91 9995662305, +91 9446993783, +919446243017, +919544712061
KOZHIKODE NORTH: +919895626691, +919961037934, +919567858078, +919847536497, +919995222000, +919400875558, +919447543832
KOZHIKODE SOUTH: +919895356111, +918547853036, +91 9447753369, +919895311428, +919746560146
WAYANAD: +91 94469 90991, +91 99612 84586, +91 97448 80711, +91 99612 15816, +91 96569 85505
KANNUR: +91 95676 21604, +91 98473 85524, +91 99951 81788, +919567678026, +968 9187 2007, +91 94474 11307, +919746559284
KASARAGOD: +919526749667, +919656322000, +919745438099, +918075011566, +917012577245

Wisdom Islamic Youth Organization, CV Complex, PV Swami Road - Calicut

നേർപഥം
വാരിക

0197 / 2020 ഒക്ടോബർ 24 / 1442 റബീഉൽ അവ്വൽ 06 / പുസ്തകം 04 / ലക്കം 43



# സ്വത്വരാഷ്ട്രീയവും പ്രതിരോധത്തിലെ സ്വത്വബോധവും

മുജീബ് ഒട്ടുമ്മൽ

**മുഖമൊഴി**
നബിദിനാഘോഷം:
അവഗണിക്കുന്നത് നബിചര്യയെ / 05

**ജാലകം**
'അക്ബർ ദി ഗ്രേറ്റ്!' / 06
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**ക്വുർആൻ ദർശനം**
മുംതഹിന (പരീക്ഷിക്കപ്പെടേണ്ടവൾ) / 15
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**ബാലപഥം**
അബുൽആസ്വി(റ)ന്റെ
ചരിത്രത്തിൽനിന്ന് / 21
ഉസ്മാൻ പാലക്കാഴി

**ലേഖനം**
ഭൗതികവിരക്തി / 07
അബ്ദുൽ ജബ്ബാർ മദീനി
ശിയാക്കളും മരിച്ചവരുടെ തിരിച്ചുവരവും / 18
നൂറുദ്ദീൻ സ്വലാഹി
കേരളത്തിലെ നാസ്തിക സന്ദേഹങ്ങൾ / 22
അലി ചെമ്മാട്
കോവിഡ് പ്രോട്ടോകോളും മരണാനന്തര ചടങ്ങുകളും / 26
ടി.കെ.അശ്റഫ്
പരിശുദ്ധ ക്വുർആനിലെ ഉപമാലങ്കാരങ്ങളിലൂടെ / 29
ഡോ: ഹാഫിസ് ജലാലുൽഹഖ് സലഫി, ആമയൂർ

**കവിത**
തകരുന്ന സ്വപ്നങ്ങൾ / 34
സൈദലവി വിളയൂർ

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

ചലനങ്ങൾ

# മനുഷ്യാവകാശങ്ങൾക്കായി രാജ്യം ഒന്നിക്കണം: വിസ്ഡം യൂത്ത്

മലപ്പുറം: രാജ്യത്ത് വർധിച്ചുവരുന്ന മനുഷ്യാവകാശ ധ്വംസനങ്ങൾക്കെതിരെ വിഭാഗീയതകൾക്കതീതമായി പ്രതിരോധം തീർക്കാൻ രാജ്യം ഒന്നിക്കണമെന്ന് വിസ്ഡം യൂത്ത് സംസ്ഥാന കൗൺസിൽ അഭിപ്രായപ്പെട്ടു. ആംനസ്റ്റി അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടനയ്ക്ക് പോലും ഇന്ത്യയിൽ പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കാത്ത അവസ്ഥ സംജാതമായിരിക്കുന്നു. ഈ സാഹചര്യത്തിൽ പൗരത്വ ഭേദഗതി നിയമത്തിനെതിരെ രാജ്യശബ്ദം ഒന്നായതുപോലെ മനുഷ്യാവകാശ ധ്വംസനങ്ങൾക്കെതിരെയും ഒന്നിച്ചുനിൽക്കേണ്ടതുണ്ട്. ഹത്രാസിലെ ദളിത് പെൺകുട്ടി ക്രൂരമായി കൊലചെയ്യപ്പെട്ടതിനെതിരെ ഭരണകൂടത്തിന്റ മൗനം ഭീതിജനകമാണ്. ന്യൂനപക്ഷങ്ങളിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുംവിധമുള്ള ഫാസിസ്റ്റ് സമീപനങ്ങൾക്കെതിരെ മതനിരപേക്ഷ ചേരി ശക്തിപ്പെടണം. താൽകാലിക രാഷ്ട്രീയലാഭം മാത്രം ലക്ഷ്യമാക്കിയുള്ള ആരോപണ, പ്രത്യാരോപണങ്ങളിലൂടെ വസ്തുതകൾ വിസ്മരിക്കപ്പെടുകയാണ്. ഇത്തരം സാഹചര്യങ്ങളിലൂടെ പൊതു ഇടങ്ങളിൽ നുഴഞ്ഞു കയറാൻ ശ്രമിക്കുന്ന വർഗീയ ശക്തികൾക്കെതിരെ ജാഗ്രത പുലർത്തണം. കോവിഡ് 19ന്റ വ്യാപനം മൂർധന്യാവസ്ഥയിലായിരിക്കെ അശ്രദ്ധയും അലസതയും കൈവെടിഞ്ഞ് അതീവ ജാഗ്രത പുലർത്തണമെന്നും വിസ്ഡം യൂത്ത് ആവശ്യപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി ഉൽഘാടനംചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ.സി ഹാരിസ് മദനി ആധ്യക്ഷ്യം വഹിച്ചു. വിസ്ഡം ജനറൽ സെക്രട്ടറി ടി. കെ. അശ്‌റഫ്, വിസ്ഡം യൂത്ത് ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി, വിസ്ഡം സ്റ്റുഡൻസ് സംസ്ഥാന പ്രസിഡന്റ് അർഷദ് അൽ ഹികമി, വിസ്ഡം യൂത്ത് സംസ്ഥാന ഭാരവാഹികളായ ഡോ.പി എൻ ഷബീൽ, പി യു സുഹൈൽ, ഡോ.പി.പി നസീഫ്, ജംഷീർ സ്വലാഹി, നിഷാദ് സലഫി, ഒ. മുഹമ്മദ് അൻവർ, യു. മുഹമ്മദ് മദനി, കെ. അബ്ദുല്ല ഫാസിൽ, ഡോ. ഫസലുറഹ്മാൻ കക്കാട്, പി.വി.എ പ്രിംറോസ്, മുജീബ് ഒട്ടുമ്മൽ പ്രസംഗിച്ചു.

വിസ്ഡം അലൈവ്, തൽസമയ മുഖാമുഖം, ഡയലോഗ്, ഔട്ട്‌ലുക്ക്, ട്രീറ്റ് റേഷൻ പദ്ധതി, പ്രവാസി ക്ഷേമം, ആദർശ പഠന കോഴ്സ് എന്നിവയ്ക്ക് അന്തിമ രൂപം നൽകി.

# ഓപ്പൺ സർവകലാശാല നിയമനം വർഗീയവത്കരിക്കരുത്: വിസ്ഡം സ്റ്റുഡന്റ്സ്

കോഴിക്കോട്: കൊല്ലത്ത് ആരംഭിച്ച ശ്രീനാരായണ ഗുരു ഓപ്പൺ സർവകലാശാലയിലെ വി.സി നിയമനം വർഗീയവത്കരിക്കരുതെന്ന് വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സംഘടിപ്പിച്ച സംസ്ഥാന കൗൺസിൽ സമ്മേളനം ആവശ്യപ്പെട്ടു. അക്കാദമിക യോഗ്യതകൾ മാത്രം അടിസ്ഥാനമാക്കി നടത്തുന്ന നിയമനങ്ങളിൽ മറ്റു താൽപര്യങ്ങൾ മുന്നോട്ടു വെക്കരുത്. ഇത്തരത്തിലുള്ള ഔദ്യോഗിക നിയമനങ്ങൾ പോലും വർഗീയതക്ക് ആക്കം കൂട്ടുംവിധം ദുരുപയോഗം ചെയ്യുന്നത് അഭിലഷണീയമല്ലെന്നും സമ്മേളനം കൂട്ടിച്ചേർത്തു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. അശ്‌റഫ് സമ്മേളനം ഉദ്ഘാടനം ചെയ്തു. വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന പ്രസിഡന്റ് അർഷദ് അൽഹികമി ആധ്യക്ഷ്യംവഹിച്ചു. ജനറൽ സെക്രട്ടറി കെ.പി. മുഹമ്മദ് ശമീൽ, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ.സി. ഹാരിസ് മദനി എന്നിവർ പ്രസംഗിച്ചു.

പഠനത്തിൽ ബുദ്ധിമുട്ടുന്ന വിദ്യാർഥികൾക്കായുള്ള സ്കോളർഷിപ്പ് സ്കീമുകൾ, തുടർ മതപഠന സംരംഭമായ സി.ആർ.ഇ. യുടെ രണ്ടാം സെമസ്റ്റർ ആരംഭം, ഇസ്‌ലാമിക് ലേണിംഗ് ആപ്പായ 'എഡിഫിസിന്റെ' സൈൻഅപ്പ് ക്യാമ്പയിൻ, മണ്ഡലം കേന്ദ്രങ്ങളിൽ സ്റ്റുഡന്റ്സ് സമ്മിറ്റ് തുടങ്ങിയവക്ക് സമ്മേളനം അന്തിമരൂപം നൽകി. വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന ട്രഷറർ കെ. മുനവ്വർ, വൈസ് പ്രസിഡന്റുമാരായ കെ.കെ. ജാബിർ, സി.വി. അസ്വീൽ, നൂറുദ്ദീൻ സ്വലാഹി, ത്വാഹ റഷാദ്, സെക്രട്ടറിമാരായ കെ. ശഹബാസ്, അബ്ദുൽ അഹദ് ചുങ്കത്തറ, കെ. ഷബീബ് തുടങ്ങിയവർ സംസാരിച്ചു.

# “നബിദിനാഘോഷം: അവഗണിക്കുന്നത് നബിചര്യയെ”

ഇന്ന് മുസ്‌ലിംകളിൽ പലരിലും കാണപ്പെടുന്നത് മതബോധമല്ല, മതത്തിന്റെ പേരിലുള്ള വികാരപ്രകടനങ്ങൾ മാത്രമാണ്. മുഹമ്മദ് നബി ﷺ യെ ആരെങ്കിലും വിമർശിച്ചാൽ ഇവർ സൈബറിടങ്ങളിൽ ആശാസ്യമല്ലാത്ത രൂപത്തിലുള്ള പ്രതികരണവുമായി രംഗത്തിറങ്ങും. ചിലപ്പോൾ അക്രമാസക്തരായി തെരുവിലിറങ്ങിയെന്നും വരും. എന്നാൽ ഇവരുടെ ജീവിതമാകട്ടെ ഒട്ടും ഇസ്‌ലാമികമായിരിക്കില്ല! പ്രവാചകചര്യകൾക്ക് യാതൊരു പരിഗണനയും നൽകാത്ത, പലപ്പോഴും അതിനെ അവമതിക്കുന്ന നിലപാടിലുള്ള ജീവിതമായിരിക്കും ഇവർ നയിക്കുന്നത്. ഇവരും പ്രവാചകനെ വിമർശിക്കുന്നവരും തമ്മിൽ പിന്നെ എന്തു വ്യത്യാസമാണുള്ളത്? പ്രവാചകനെ അംഗീകരിക്കുന്നു എന്ന് പറയുന്നതുകൊണ്ടു മാത്രം ഒരാൾ പ്രവാചകസ്‌നേഹിയായി മാറുമോ? പ്രവാചകചര്യകൾക്ക് വിരുദ്ധമായി ജീവിക്കുകയും എന്നാൽ താൻ വലിയ പ്രവാചകസ്‌നേഹിയാണ് എന്ന് മേനിനടിക്കുകയും ചെയ്യൽ വാസ്തവത്തിൽ നബിനിന്ദയല്ലേ?

വർഷത്തിലൊരിക്കൽ മീലാദുന്നബി ആഘോഷിച്ചാൽ യഥാർഥ പ്രവാചക സ്‌നേഹമായി എന്ന് വിശ്വസിക്കുന്നവരാണ് സമൂഹത്തിലെ നല്ലൊരു ശതമാനവും! അതിന് മതത്തിൽ തെളിവുണ്ടോ ഇല്ലേ എന്ന ചർച്ച പോലും അവർക്ക് അസഹനീയമാണ്. നബിദിനാഘോഷത്തിന്റെ പേരിൽ ഇവർ നടുറോട്ടിൽ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾ കണ്ടാൽ ഒരു യഥാർഥ സത്യവിശ്വാസി ലജ്ജിച്ചു തലതാഴ്ത്തിപ്പോകും. പ്രവാചകസ്‌നേഹത്തിന്റെ പേരിൽ ഗതാഗത തടസ്സമുണ്ടാക്കി ജനങ്ങളെ വലയ്ക്കുന്നവർ ‘വഴിയിലുള്ള ഉപദ്രവം നീക്കം ചെയ്യൽ വിശ്വാസത്തിന്റെ ഭാഗമാണ്’ എന്നു പഠിപ്പിച്ച പ്രവാചകനെ സ്‌നേഹിക്കുകയാണോ ചെയ്യുന്നത്, അതല്ല മറ്റുള്ളവർ പ്രവാചനെ വെറുക്കുന്ന തരത്തിലുള്ള പ്രവർത്തനമാണോ ചെയ്യുന്നത്?

ഈ കോപ്രായങ്ങൾക്ക് തെളിവു ചോദിച്ചാൽ പലപ്പോഴും ഇക്കൂട്ടർ നിരത്തുക ‘മീലാദുന്നബി’ നടത്തുന്ന ചില വിദേശ രാജ്യങ്ങളുടെ ലിസ്റ്റാണ്. കേരളത്തിലെ അൽപം ചില ‘പുത്തൻവാദികൾ’ മാത്രമെ ഇതിനെ എതിർക്കുന്നുള്ളൂ എന്നും പറയും. തങ്ങളാണ് യഥാർഥ പുത്തൻവാദികൾ എന്ന് ഇവർ മനസ്സിലാക്കാതെ പോകുന്നു!

ഇസ്‌ലാമിൽ ഒരു കാര്യം ഇബാദത്ത് (ആരാധന) ആകുന്നത് അത് ലോകത്ത് ഏതൊക്കെ രാജ്യങ്ങളിൽ അനുഷ്ഠിക്കുന്നു എന്ന് നോക്കിയോ, ഭൂരിപക്ഷം ജനങ്ങളും ആചരിക്കുന്നുണ്ടോ എന്ന് നോക്കിയോ അല്ല. അത് പ്രമാണങ്ങൾ പഠിപ്പിക്കുന്നുണ്ടോ എന്നാണ് പരിശോധിക്കേണ്ടത്.

അല്ലാഹു പറയുന്നു: “സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും” (ക്വുർആൻ 4:59).

ഈ വചനത്തിന്റെ വിവരണത്തിൽ ക്വുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞിട്ടുള്ളത്; അല്ലാഹുവിലേക്ക് മടക്കണം എന്നതിന്റെ വിവക്ഷ അല്ലാഹുവിന്റെ ഗ്രന്ഥ(ക്വുർആനിലേക്ക്)ത്തിലേക്ക് എന്നാണ്. നബി ﷺ യിലേക്ക് മടക്കണമെന്ന് പറഞ്ഞതിന്റെ വിവക്ഷ പ്രവാചക നിയോഗശേഷം അവിടുത്തെ സുന്നത്തിലേക്ക് മടക്കണം എന്നുമാണ്. ഈ മാർഗം തിരഞ്ഞെടുത്തവർക്കാണ് ആത്യന്തിക വിജയമുള്ളത് എന്നാണ് പ്രമാണങ്ങൾ പഠിപ്പിക്കുന്നത്.

ജാലകം

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com

# 'അക്ബർ ദി ഗ്രേറ്റ്!'

വർഷങ്ങൾക്കു മുമ്പ് മധ്യകേരളത്തിൽ നടന്ന ഒരു വമ്പിച്ച യുവജന വിദ്യാർഥി സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത ജില്ലയിലെ ഒരു മേധാവി ഇസ്‌ലാമിനെ പ്രശംസിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: "മുസ്‌ലിംകൾ മഹാനായ അക്ബർ ചക്രവർത്തിയെ പ്രകീർത്തിച്ചുകൊണ്ട് അഞ്ചുനേരവും 'അല്ലാഹു അക്ബർ' എന്ന് പള്ളികളിൽനിന്നു വിളിച്ചുപറയാറുണ്ട്'. ഇതുകേട്ട് ശ്രോതാക്കളായി വന്ന വിവിധ മത സമൂഹങ്ങളിൽ പെട്ട പതിനായിരക്കണക്കിന് യുവജന വിദ്യാർഥികൾ ഊറിച്ചിരിച്ചു; 'ഗോഡ് ഈസ് ദി ഗ്രേറ്റും' 'അക്ബർ ദി ഗ്രേറ്റും' തമ്മിലെ വ്യത്യാസമറിയാത്ത ഈ മഹാജ്ഞാനിയുടെ സ്ഥാനത്തെയോർത്ത്!

ഈയിടെ ക്വുർആനിനെ മുഖ്യവിഷയമാക്കി മീഡിയകളിൽ ആടിത്തിമിർക്കുന്ന രാഷ്ട്രീയതാരങ്ങളുടെ വൈഭവങ്ങൾ കണ്ടപ്പോഴാണ് പഴയ ആ സംഭവം ഓർക്കാനിടയായത്. കൊറോണയും ക്വുർആനും തമ്മിൽ വല്ല രഹസ്യബന്ധവുമുണ്ടോ എന്നുവരെ ഇനി മീഡിയകളിൽ ചർച്ചവന്നാലും അത്ഭുതപ്പെടാനില്ല! വരാനിരിക്കുന്ന തെരഞ്ഞെടുപ്പിന്റെ മുന്നോടിയായി ക്വുർആൻ കയറിവന്നതിന്റെ നിജസ്ഥിതി ഉത്തരവാദപ്പെട്ടവർ കണ്ടെത്തട്ടെ. നാം ചിന്തിക്കേണ്ടത് ക്വുർആനിനെ മനുഷ്യർക്കു മുമ്പിൽ സത്യസന്ധമായി സമർപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ എന്നതിനെപ്പറ്റിയാണ്.

ഇസ്‌ലാമിനെയും ക്വുർആനിനെയും ബോധപൂർവം കൃത്യമായ അജണ്ടകളുടെ അടിസ്ഥാനത്തിൽ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നവരുണ്ട്. അവരുടെ വായപൊത്താനോ മറ്റുനിലയ്ക്ക് തടുക്കാനോ ആർക്കുമാവില്ല. ഇസ്‌ലാം അത് ആവശ്യപ്പെടുന്നുമില്ല. 'ലാറൈബ ഫീഹി' (ഈ ഗ്രന്ഥത്തിൽ സംശയത്തിന്ന് ഒരു പഴുതുമില്ല) എന്ന് സ്വയം പ്രഖ്യാപിച്ചുകൊണ്ട് അല്ലാഹു അവതരിപ്പിച്ച ക്വുർആനിനെ വർഗീയമോ, രാഷ്ട്രീയമോ ആയ അജണ്ടകൾ മുൻനിർത്തി സംശയങ്ങളുണ്ടാക്കുന്നവരെ നമുക്ക് അവഗണിക്കാം. എന്നാൽ അവരുണ്ടാക്കുന്ന സംശയങ്ങളുടെയും വ്യാജ ആരോപണങ്ങളുടെയും സത്യാവസ്ഥ മനുഷ്യരിലേക്കെത്തിക്കാൻ നാം ശ്രമിക്കണം.

ഇസ്‌ലാമിക നവോത്ഥാനത്തിന്റെ ചരിത്രം പരിശോധിച്ചാൽ ക്വുർആനിന്റെ അനുയായികളെന്ന് അവകാശപ്പെടുന്നവരുടെ ചെയ്തികളാണ് ക്വുർആനിനെയും ഇസ്‌ലാമിനെയും തെറ്റിദ്ധരിക്കാൻ കാരണമായത് എന്നു കണ്ടെത്താനാവും. ബോധപൂർവം തെറ്റിദ്ധരിപ്പിക്കുന്നവർക്ക് അടിക്കാൻ വടികൊടുക്കുന്നവരും അതിന്റെ അനുയായികൾ തന്നെയാണ്. ഹിന്ദുമത വിശ്വാസമുള്ള ഒരു വ്യക്തിയോ ഒരു ആൾക്കൂട്ടമോ ചെയ്യുന്ന തെറ്റുകൾക്ക് ഹിന്ദുമതത്തെ ആരും പഴിപറയാറില്ല. സഭയിലൊരാൾ നീചകൃത്യം ചെയ്താൽ അതുകാരണം സഭാവിശ്വാസത്തെയും സംവിധാനങ്ങളെയും ചീത്തവിളിക്കാറുമില്ല. എന്നാൽ ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും കാര്യത്തിൽ അങ്ങനെയല്ല കാണുന്നത്. മുസ്‌ലിംകൾ ചെയ്യുന്ന തെറ്റുകൾക്ക് പ്രതിസ്ഥാനത്ത് ഇസ്‌ലാമും മുഹമ്മദ് നബിﷺയും ക്വുർആനുമാണ് വിചാരണ ചെയ്യപ്പെടുന്നത് എന്നത് ഏറെ വിചിത്രമാണ്.

ഈ പ്രവണത തിരുത്തപ്പെടാൻ സത്യസന്ധമായ പ്രബോധന പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുക എന്നതേ മാർഗമുള്ളൂ. ലിങ്കുകൾ വഴിയുള്ള ആശയപ്രചരണങ്ങൾ ഏറെ നടക്കുന്ന കാലമാണിത്. പ്രകാശവേഗതയിൽ മനുഷ്യരെ പരസ്പരം അടുപ്പിക്കുവാനുള്ള സംവിധാനങ്ങൾ ഇന്നുണ്ട്. എന്നാൽ അതോടൊപ്പം അതിലേറെ ശക്തിയിൽ മനുഷ്യരെ പലപേരിലും അകറ്റാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. അറിയാനും അറിയിക്കാനും വേണ്ടി അല്ലാഹു തുറന്നുതന്ന ഈ മഹത്തായ അനുഗ്രഹങ്ങളെ പൂർണമായും പ്രയോജനപ്പെടുത്തി ഇസ്‌ലാമിനെയും ക്വുർആനിന്റെ മാനവികതയെയും മനുഷ്യബന്ധങ്ങളെന്ന ലിങ്കുവഴി ജനങ്ങളിലെത്തിക്കാൻ ഇനിയും വലിയ ശ്രമങ്ങൾ വേണ്ടതുണ്ട്.

രാജ്യത്തിന്റെ ഭരണരംഗത്തുള്ളവർ, നിയമജ്ഞർ, എക്സിക്യൂട്ടീവുകൾ, കലാസാഹിത്യ, സാംസ്കാരിക രംഗത്ത് നേതൃത്വം നൽകുന്നവർ, നിയമപാലന മേധാവികൾ തുടങ്ങിയ ഇടങ്ങളിലേക്ക് ഏകനിയന്താവിന്റെ മാർഗദർശനം എത്തിച്ചുകൊടുക്കാൻ വഴികണ്ടെത്തിയാൽ, അല്ലാഹു അക്ബറും അക്ബർ ചക്രവർത്തിയും തമ്മിലുള്ള ബന്ധം തിരിച്ചറിയാനെങ്കിലും അത് സഹായിക്കും; തെറ്റിദ്ധരിക്കാതിരിക്കാനും. വസ്തുതകൾ അറിഞ്ഞുകൊണ്ടല്ല പലരും ഇസ്‌ലാമിനെ തെറ്റായി ധരിക്കുന്നത്.

"അവർ അവരുടെ വായകൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാനാണ് വിചാരിക്കുന്നത്. സത്യനിഷേധികൾക്ക് അനിഷ്ടകരമായാലും അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുന്നവനാകുന്നു" (ക്വുർആൻ 61:8) എന്ന് അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ.

ഈ പ്രകാശപൂർത്തീകരണം അല്ലാഹുവിന്റെ കൽപനപ്രകാരം അവന്റെ പക്കൽനിന്നുള്ള സഹായത്തോടെ മനുഷ്യരാണ് നിർവഹിക്കേണ്ടത്. സാഹചര്യങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്തി, മനുഷ്യ സമൂഹത്തിന്റെ പൊതുനന്മക്കുവേണ്ടി, സദുദ്ദേശ്യത്തോടെ പ്രബോധനവൃത്തത്തെ നാം ഇനിയും വിപുലീകരിക്കണം. അല്ലാഹു സഹായിക്കട്ടെ.

ലേഖനം

ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ: 35

അബ്ദുൽ ജബ്ബാർ മദീനി
abduljabbaricc@gmail.com




# ഭൗതികവിരക്തി

'പരലോകത്ത് ഫലപ്പെടാത്തത് കയ്യൊഴിക്കലാണ് സുഹ്ദ് (വിരക്തി)' എന്ന് ശൈഖുൽ ഇസ്‌ലാം ഇബ്‌നുതയ്മിയ്യയും ഭൗതികലോകത്തുനിന്ന് യാത്രയായി പരലോകത്തെ പദവികളിൽ ഹൃദയം ഇടം കാണലാണ് സുഹ്ദ് എന്ന് ജ്ഞാനികൾ ഏകോപിച്ചുപറഞ്ഞതായി ഇമാം ഇബ്‌നുൽകയ്യിമും പറഞ്ഞിട്ടുണ്ട്. ഭൗതിക ജീവിതത്തിലെ വിരക്തിയെ കുറിച്ച് ഇമാം മാലികിനോട് ചോദിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം പ്രതിവചിച്ചു: 'വിശിഷ്ഠമായ സമ്പാദ്യവും ഹ്രസ്വമായ പ്രതീക്ഷയുമാണത്.'

വിരക്ത ജീവിതം നയിക്കുന്നവൻ നല്ലത് തനിക്കു തടയില്ല. സ്വത്ത് ദുർവ്യയം ചെയ്യില്ല. ദാനധർമങ്ങൾ പ്രതീക്ഷിച്ച് അധ്വാനിക്കാതെ ചടഞ്ഞിരിക്കില്ല. സമ്പത്ത് അവന്റെ കയ്യിലായിരിക്കും; ഹൃദയത്തിലായിരിക്കില്ല. സ്വത്ത് വരുന്നതും പോകുന്നതും അവന്റെ പരിഗണയിൽ ഒരുപോലെയായിരിക്കും. വന്നാൽ അവന്ന് നിഗളിപ്പില്ല. പോയാൽ അവന്ന് ദുഃഖവുമില്ല. ഭൗതികജീവിതത്തിൽ സമാശ്വാസവും പാരത്രിക ജീവിതത്തിൽ സൗഭാഗ്യവുമാണ് വിരക്തി മനുഷ്യനു സമ്മാനിക്കുന്നത്. തങ്ങളുടെ ചേതനകൊണ്ട് റബ്ബിലേക്കു യാത്രയാവുകയും സ്വർഗത്തിൽ മനസ്സുനടുകയും പാരത്രിക സുഖങ്ങളിൽ കണ്ണുവയ്ക്കുകയും ചെയ്തവരാണ് വിരക്തർ.

തിരുനബിﷺയുടെ അടുക്കലേക്ക് ഒരു വ്യക്തി വന്നുകൊണ്ട് പറഞ്ഞു: 'തിരുദൂതരേ, ഞാൻ അനുഷ്ഠിച്ചാൽ അല്ലാഹുവും ജനങ്ങളും എന്നെ ഇഷ്ടപ്പെടുന്ന ഒരു കർമം എന്നെ അറിയിച്ചാലും.' അപ്പോൾ തിരുദൂതർﷺ പറഞ്ഞു: 'ഭൗതിക ജീവിതത്തിൽ നീ വിരക്തിയിൽ കഴിയുക; അല്ലാഹു താങ്കളെ ഇഷ്ടപ്പെടും. ജനങ്ങളുടെ കൈകളിലുള്ളതിലും വിരക്തി കാണിക്കുക; ജനങ്ങളും താങ്കളെ ഇഷ്ടപ്പെടും' (സുനനു ഇബ്നിമാജ, അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

ഭൗതികതയിൽ ആളുകൾക്ക് വിരക്തിയും വൈമുഖ്യവുമുണ്ടാക്കുവാൻ വിവിധ ശൈലികൾ വിശുദ്ധ ക്വുർആനും തിരുസുന്നത്തും പ്രയോഗിച്ചത് നമുക്ക് കാണാം. ചിലത് ഇവിടെ നൽകുന്നു. ഭൗതികവിഭവങ്ങൾ പെട്ടെന്ന് നീങ്ങിപ്പോവുകയും നാമാവശേഷമാവുകയും ചെയ്യുമെന്ന് അല്ലാഹു ഒരു ഉപമയിലൂടെ വിവരിക്കുന്നു:

"(നബിയേ,) നീ അവർക്ക് ഐഹികജീവിതത്തിന്റെ ഉപമ വിവരിച്ചുകൊടുക്കുക: ആകാശത്തുനിന്ന് നാം വെള്ളം ഇറക്കി. അതുമൂലം ഭൂമിയിൽ സസ്യങ്ങൾ ഇടകലർന്നുവളർന്നു. താമസിയാതെ അത് കാറ്റുകൾ പറത്തിക്കളയുന്ന തുരുമ്പായിത്തീർന്നു. (അതുപോലെയത്രെ ഐഹികജീവിതം). അല്ലാഹു ഏതുകാര്യത്തിനും കഴിവുള്ളവനാകുന്നു. സ്വത്തും സന്താനങ്ങളും ഐഹികജീവിതത്തിന്റെ അലങ്കാരമാകുന്നു. എന്നാൽ നിലനിൽക്കുന്ന സൽകർമങ്ങളാണ് നിന്റെ രക്ഷിതാവിങ്കൽ ഉത്തമമായ പ്രതിഫലമുള്ളതും ഉത്തമമായ പ്രതീക്ഷനൽകുന്നതും" (ക്വുർആൻ 18:45,46).

"നിങ്ങൾ അറിയുക: ഇഹലോകജീവിതമെന്നാൽ കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം ദുരഭിമാനം നടിക്കലുംസ്വത്തുകളിലും സന്താനങ്ങളിലും പെരുപ്പം കാണിക്കലും മാത്രമാണ്-ഒരു മഴ പോലെ. അതുമൂലമുായ ചെടികൾ കർഷകരെ ആശ്ചര്യപ്പെടുത്തി. പിന്നീടതിന് ഉണക്കം ബാധിക്കുന്നു. അപ്പോൾ അതു മഞ്ഞനിറം പൂണ്ടതായി നിനക്കു കാണാം. പിന്നീടതു തുരുമ്പായിപ്പോകുന്നു..." (ക്വുർആൻ 57:20).

"അവരിൽ (മനുഷ്യരിൽ) പല വിഭാഗങ്ങൾക്ക് നാം ഐഹികജീവിതാലങ്കാരം അനുഭവിപ്പിച്ചതിലേക്ക് നിന്റെ ദൃഷ്ടികൾ നീ പായിക്കരുത്. അതിലൂടെ നാം അവരെ പരീക്ഷിക്കാൻ (ഉദ്ദേശിക്കുന്നു). നിന്റെ രക്ഷിതാവ് നൽകുന്ന ഉപജീവനമാകുന്നു കൂടുതൽ ഉത്തമവും നിലനിൽക്കുന്നതും" (ക്വുർആൻ 20:131).

ഐഹികലോകത്ത് ജനങ്ങൾക്ക് അലംകൃതമാക്കപ്പെട്ടതെല്ലാം നീങ്ങിപ്പോകുന്നതും നശ്വരവുമാണെന്ന് വിവരിച്ചു.

"നിങ്ങളുടെ അടുക്കലുള്ളത് തീർന്നുപോകും. അല്ലാഹുവിങ്കലുള്ളത് അവശേഷിക്കുന്നതത്രെ"(ക്വുർആൻ 16:96).

ഭൗതികലോകം വഞ്ചനാപരമാണെന്നും അതിൽ വഞ്ചിതരാവരുതെന്നും മുന്നറിയിപ്പു നൽകി:

"ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല"(ക്വുർആൻ3:185). ഭൗതികസുഖങ്ങൾ വഞ്ചിച്ചുകളയാതിരിക്കുവാൻ ഉൽബോധിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു:

"...തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു. അതിനാൽ ഐഹികജീവിതം നിങ്ങളെ വഞ്ചിച്ചുകളയാതിരിക്കട്ടെ. പരമവഞ്ചകനായ പിശാചും അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങളെ വഞ്ചിച്ചു കളയാതിരിക്കട്ടെ..." (ക്വുർആൻ 31: 33).

ഭൗതിക വിഭവങ്ങൾ പരലോകത്തെ അപേക്ഷിച്ച് വളരെ തുച്ഛമാണ്:

"പറയുക: ഇഹലോകത്തെ സുഖാനുഭവം വളരെ തുച്ഛമായതാണ്. പരലോകമാണ് സൂക്ഷ്മതപാലിക്കുന്നവർക്ക് കൂടുതൽ ഗുണകരം" (ക്വുർആൻ 4:77).

പരലോക അനുഗ്രഹങ്ങളേക്കാൾ ഭൗതിക വിഭവങ്ങൾക്ക് പ്രാമുഖ്യം കൽപിക്കുന്നവരെ അല്ലാഹു ആക്ഷേപിച്ചു:

"...പരലോകത്തിനു പകരം ഇഹലോകജീവിതം കൊണ്ട് നിങ്ങൾ തൃപ്തിപ്പെട്ടിരിക്കുകയാണോ? എന്നാൽ പരലോകത്തിന്റെ മുമ്പിൽ ഇഹലോകത്തിലെ സുഖാനുഭവം തുച്ഛം മാത്രമാകുന്നു" (ക്വുർആൻ 9:38).

**വിരക്ത ജീവിതം നയിക്കുന്നവൻ സ്വത്ത് ദുർവ്യയം ചെയ്യില്ല. ദാനധർമങ്ങൾ പ്രതീക്ഷിച്ച് അധ്വാനിക്കാതെ ചടഞ്ഞിരിക്കില്ല. സമ്പത്ത് അവന്റെ കയ്യിലായിരിക്കും; ഹൃദയത്തിലായിരിക്കില്ല. സ്വത്ത് വരുന്നതും പോകുന്നതും അവന്റെ പരിഗണയിൽ ഒരുപോലെയായിരിക്കും. വന്നാൽ അവന്ന് നിഗളിപ്പില്ല. പോയാൽ അവന്ന് ദുഃഖവുമില്ല.**

വിശ്വാസികളെ ഭൗതികതയിൽ വിരക്തരാക്കുകയും പാരത്രിക സുഖത്തിൽ ആകൃഷ്ടരാക്കുകയും ചെയ്തുകൊണ്ടുള്ള പ്രവാചക തിരുമൊഴികളും ധാരാളമാണ്. യഹ്‌യാ ഇബ്‌നുസഈദിﷺൽ നിന്ന് നിവേദനം. തിരുദൂതർﷺ പറഞ്ഞു:

"അല്ലാഹുവാണെ സത്യം! പരലോകത്തെ സംബന്ധിച്ചിടത്തോളം ഇഹലോകം നിങ്ങളിൽ ഒരാൾ തന്റെ വിരൽ (യഹ്‌യാ തന്റെചൂണ്ടുവിരൽ ചൂണ്ടി) കടലിൽ വെക്കുന്നതുപോലെ മാത്രമാണ്. വിരൽ തിരിച്ചെടുക്കുമ്പോൾ (എത്ര വെള്ളം അതിലുണ്ടാകുമെന്ന്) അവൻ നോക്കട്ടെ"(മുസ്‌ലിം).

അബൂ സഈദിൽഖുദ്‌രിﷺയിൽനിന്നു നിവേദനം. തിരുദൂതർﷺ പറഞ്ഞു:

"നിശ്ചയം ഭൗതികലോകം മധുരവും പച്ചപ്പുള്ളതുമാണ്. നിങ്ങൾ എന്ത് പ്രവർത്തിക്കുന്നു എന്നു നോക്കുന്നതിനു വേണ്ടി അല്ലാഹു നിങ്ങളെ അതിൽ പിന്മുറക്കാരാക്കുന്നു. അതിനാൽ നിങ്ങൾ ദുനിയാവിനെ സൂക്ഷിക്കുക. സ്ത്രീകളെയും സൂക്ഷിക്കുക..." (മുസ്‌ലിം).

ഇബ്‌നുഉമർﷺ പറഞ്ഞതായി ഇമാം മുജാഹിദിൽ നിന്ന് നിവേദനം: "തിരുദൂതർ എന്റെ ചുമലിൽ പിടിച്ചു. എന്നിട്ടു പറഞ്ഞു: 'താങ്കൾ ഭൗതികലോകത്ത് ഒരു വിദേശിയെ പോലെ, അല്ലെങ്കിൽ ഒരു വഴിയാത്രികനെ പോലെ ആയിത്തീരുക"(ബുഖാരി).

ഈ വസിയ്യത്തിൽ ആകൃഷ്ടനായി ഇബ്‌നു ഉമർ പറയുമായിരുന്നു: 'നീ പ്രദോഷത്തിൽ പ്രവേശിച്ചാൽ പ്രഭാതത്തെ പ്രതീക്ഷിക്കരുത്. പ്രഭാതത്തിൽ പ്രവേശിച്ചാൽ പ്രദോഷത്തേയും പ്രതീക്ഷിക്കരുത്. നീ ആരോഗ്യനാളുകളിൽനിന്ന് രോഗത്തിന്റെ നാളുകളിലേക്കും ജീവിതത്തിൽനിന്ന് മരണാനന്തരജീവിതത്തിനും പുണ്യങ്ങൾ സ്വീകരിക്കുക' (ബുഖാരി).

തുർമുദിയുടെ നിവേദനത്തിൽ അദ്ദേഹം പറഞ്ഞതായി ഇപ്രകാരവുമുണ്ട്: 'താങ്കളെ ക്വബ്‌റാളികളിൽ ഒരാളായി താങ്കൾ തന്നെ എണ്ണുക.'

ജാബിറുബ്‌നുഅബ്ദില്ലയിﷺൽ നിന്നും നിവേദനം: "തിരുദൂതർﷺ ആലിയയുടെ ഒരു ഭാഗത്തിലൂടെ പ്രവേശിച്ചുകൊണ്ട് അങ്ങാടിയിലൂടെ നടന്നു. ജനങ്ങൾ തിരുദൂതരുടെ ഇരുഭാഗങ്ങളിലുമുണ്ടായിരുന്നു. ജീവനില്ലാത്ത, കുറിയൻ ചെവിയനായ ഒരു ആട്ടിൻകുട്ടിയുടെ അരികിലൂടെ നടന്ന തിരുമേനിﷺ അതിന്റെ ചെവിപിടിച്ചു. അവിടുന്ന് ചോദിച്ചു: 'ഒരു ദിർഹമിന് ഇത് ഉടമപ്പെടുത്തുവാൻ ഇഷ്ടപ്പെടുന്നവൻ നിങ്ങളിൽ ആരുണ്ട്?' ആളുകൾ പ്രതികരിച്ചു: 'ഒന്നും നൽകി അത് ഉടമപ്പെടുത്തുന്നത് ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ട് ഞങ്ങൾ എന്തു ചെയ്യാനാണ്?' തിരുമേനി വീണ്ടും ചോദിച്ചു: 'ഇത് ഉടമപ്പെടുത്തുവാൻ നിങ്ങൾ ഇഷ്ടപ്പെടുന്നുണ്ടോ?' അവർ പറഞ്ഞു: 'അല്ലാഹുവാണേ, അതിനു ജീവനുണ്ടെങ്കിൽതന്നെ അത് ന്യൂനതയുള്ളതാണ്. അത് കുറിയൻ ചെവിയനാണ്. അപ്പോൾ ജീവനില്ലാത്ത അത് എങ്ങനെയാണ് ഉടമപ്പെടുത്തുക?' തിരുമേനിﷺ പറഞ്ഞു: 'അല്ലാഹുവാണേ സത്യം, നിങ്ങൾക്ക് ഇത് എത്രമാത്രം നിസ്സാരമാണോ, അതിനെക്കാൾ ഇഹലോകം അല്ലാഹുവിങ്കൽ നിസ്സാരമാണ്" (മുസ്‌ലിം).

അബൂസഈദിൽഖുദ്‌രിﷺയിൽനിന്ന് നിവേദനം: "തിരുനബിﷺ തന്റെ മുമ്പിൽ ഒരു കൊള്ളി നാട്ടി. അതിന്റെ പാർശ്വത്തിൽ മറ്റൊന്നും വിദൂരമായി മറ്റൊന്നും നാട്ടി. ശേഷം പറഞ്ഞു: 'ഇത് എന്താണെന്ന് നിങ്ങൾക്കറിയുമോ?' അവർ പറഞ്ഞു: 'അല്ലാഹുവും അവന്റെ ദൂതനുമാണ് നന്നായി അറിയുന്നവർ.' തിരുമേനിﷺ പറഞ്ഞു: 'ഇതു മനുഷ്യനാണ്. ഇത് അവധിയാണ്(മരണമാണ്). ഞാനതിനെ കാണുന്നു. ഇത് പ്രതീക്ഷയാണ്. മനുഷ്യൻ പ്രതീക്ഷയിൽ മുഴുകിക്കഴിയും. എന്നാൽ പ്രതീക്ഷ പുലരുംമുമ്പ് അവനിലേക്കു മരണം വന്നുചേരും" (ശറഹുസ്സുന്ന, അൽബഗവി).

ഉമറുബ്‌നുൽഖത്ത്വാബിﷺൽനിന്നും നിവേദനം: "തിരുദൂതർ ഒരു പായയിൽ കിടക്കുകയായിരുന്നു. തിരുമേനിﷺയുടെയും പായയുടെയും ഇടയിൽ (വിരിപ്പൊന്നും) ഉണ്ടായിരുന്നില്ല. ഈത്തപ്പനനാരു നിറച്ച തോലിന്റെ ഒരു തലയിണ അദ്ദേഹത്തിന്റെ തലക്കടിയിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാലുകൾക്കരികിൽ തോലുകൾ ഊറക്കിടുവാൻ ഉപയോഗിക്കുന്ന കൊന്നയും തലക്കരികിൽ കെട്ടിത്തൂക്കിയ തോൽസഞ്ചികളും ഉണ്ടായിരുന്നു. പായയുടെ അടയാളങ്ങൾ തിരുദൂതരുടെ പാർശ്വഭാഗത്ത് ഞാൻ കണ്ടു. അപ്പോൾ ഞാൻ കരഞ്ഞു. തിരുമേനി പറഞ്ഞു: 'താങ്കളെ കരയിപ്പിക്കുന്നത് എന്താണ്?' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, കിസ്‌റയും ക്വയ്സറും (അവിശ്വാസികളായിട്ടും) എത്രമാത്രം ഭൗതിക സുഖങ്ങളിലാണ്. അവിടുന്ന് അല്ലാഹുവിന്റെ റസൂലായിട്ടും (എത്രമാത്രം ഭൗതികവിരക്തിയിലാണ്!). അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'അവർ രണ്ടുപേർക്കും ഇഹലോക സുഖങ്ങളും താങ്കൾക്ക് പാരത്രിക വിജയവുംആകുന്നത് താങ്കൾ ഇഷ്ടപ്പെടുന്നില്ലേ" (ബുഖാരി, മുസ്‌ലിം). **(അവസാനിച്ചു)**

മുജീബ് ഒട്ടുമ്മൽ
mujeeb.ottummal@gmail.com



# സ്വത്വരാഷ്ട്രീയവും പ്രതിരോധത്തിലെ സ്വത്വബോധവും

**രാജ്യത്ത് പട്ടിണിയും പരിവട്ടവും പെരുകിവരുമ്പോഴും വംശീയ ധ്രുവീകരണത്തിനായി കെണികൾ ഒരുക്കുന്ന തിരക്കിലാണ് അധിനിവേശത്തിലൂടെ ആധിപത്യമുറപ്പിച്ച ആര്യൻമാരുടെ പിൻമുറക്കാർ. ഹിന്ദുത്വമെന്ന മതരാഷ്ട്ര സ്വത്വരാഷ്ട്രീയത്തെ എതിർക്കാൻ മതപരമായ സ്വത്വവാദവുമായി മുന്നോട്ടിറങ്ങുന്നത് വർഗീയത വളർത്തുന്നവർക്ക് വളമാവുമെന്നതാണ് വർത്തമാനകാല പാഠങ്ങൾ. ആദർശരംഗത്ത് സ്വത്വമുയർത്തിപ്പിടിക്കുന്നതോടൊപ്പം തന്നെ യോജിച്ച പ്രതികരണങ്ങളാണ് ഇനി ഉയർന്നുവരേണ്ടത്.**

'അഡോൾഫ് ഹിറ്റ്ലർക്ക് ഭരണം നൽകുക, അതിലൂടെ നേടാൻ ബാക്കിയായതെല്ലാം ജർമൻ ജനതയ്ക്ക് ഒരിക്കൽകൂടി പിടിച്ചെടുക്കാം; സ്വാതന്ത്ര്യത്തിനും ഭക്ഷണത്തിനും വേണ്ടി!' 1932ൽ ജർമനിയിലെ ആദ്യത്തെ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് പ്രസിദ്ധീകരിച്ച ലേഖനത്തിൽ നിന്നുള്ള വരികളാണിത്.

സ്വാതന്ത്ര്യം, ഭക്ഷണം എന്നിവ മനുഷ്യജീവിതത്തിലെ അനിവാര്യ ഘടകങ്ങളാണ്. മഹത്തായ ലക്ഷ്യങ്ങളെ ആവരണമായി സ്വീകരിച്ചുകൊണ്ടാണ് ഹിറ്റ്ലർ ജർമൻ ജനതയിലേക്ക് അധികാര മോഹവുമായിറങ്ങിയത്. അധികാര സോപാനത്തിലിരുന്നപ്പോൾ പതിനായിരങ്ങളെ ഗ്യാസ് ചേമ്പറിലിട്ട് അറുകൊല ചെയ്ത ഹിറ്റ്ലറുടെ മനസ്സിലെ ക്രൂരത മധുരിക്കുന്ന വാക്കുകളിലെവിടെയും കാണാനാവില്ല. മാനവ

ചരിത്രത്തിൽ സർവനാശം വിതച്ച ഏത് പ്രത്യയ ശാസ്ത്ര വക്താക്കളിലും പ്രകടമായ കപടതയുടെ വികൃതമുഖമാണിത്.

വർഗരഹിത സമൂഹമെന്ന കമ്യൂണിസ്റ്റ് സ്വപ്നത്തെ സാക്ഷാത്കരിക്കാനായി തൊഴിലാളി വർഗത്തിന്റെ സർവാധിപത്യരാഷ്ട്ര സംവിധാനം മാനവരിൽ അവതരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടാണ് കമ്യൂണിസ്റ്റ് ഭൗതിക പ്രത്യയശാസ്ത്രം തേരോട്ടം നടത്തിയത്. അത് ജനങ്ങളുടെമേൽ അധീശത്വം സ്ഥാപിച്ച് കൊന്നുകളഞ്ഞത് കോടിക്കണക്കിന് മനുഷ്യരെയാണ്.

സ്റ്റാലിന്റെ ഭരണത്തിൽ മാത്രം ഒന്നര കോടിയോളം ജനങ്ങൾ കൊല്ലപ്പെട്ടതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഉക്രയ്നിലെയും വോൾഗയിലെയും കസാക്കിസ്ഥാനിലെയും വടക്കൻ കോക്കാസസിലെയും കർഷകരെ പട്ടിണിക്കിട്ടുകൊണ്ട് 60 ലക്ഷം പേരെയാണ് കൊന്നൊടുക്കിയത്. തൊഴിലാളി വർഗാധിപത്യമെന്ന ആകർഷകമായ ആശയ പ്രചാരണത്തിനു പിന്നിലും സർവനാശത്തിന്റ ഒളിയജണ്ടകളുണ്ടെന്നത് നാം വിസ്മരിക്കരുത്.

ഇന്ത്യൻ തെരഞ്ഞെടുപ്പ് ഉച്ചഭാഷിണികളിൽനിന്ന് അത്യധികം ഒഴുകിയ വാക്കുകളാണ് മതേതരത്വവും സാഹോദര്യവും. സംഘപരിവാരങ്ങളുടെ നാവുകളിൽനിന്നും ഈ പദങ്ങൾ നിർഗളിച്ചൊഴുകിയപ്പോൾ എല്ലാവരുടെയും മുഖങ്ങളിൽ പരിഹാസങ്ങളുടെ മന്ദഹാസമായിരിക്കാം. ന്യൂനപക്ഷങ്ങളെ ഉൻമൂലനാശം വരുത്താൻ നിയമനിർമാണങ്ങൾക്കായുള്ള ധൃതിപിടിച്ച ശ്രമങ്ങളാണ് പിന്നീടു നാം കണ്ടത്. രാജ്യത്ത് ന്യൂനപക്ഷങ്ങൾ ക്രൂരമായി കൊല്ലപ്പെടുകയും അവരുടെ പൗരത്വം ചോദ്യം ചെയ്തുകൊണ്ട് നിയമഭേദഗതി വരുത്തിയും ജനദ്രോഹ നിലപാട് സംഘപരിവാരങ്ങൾ വ്യക്തമാക്കിയപ്പോഴാണ് ഫാഷിസത്തിന്റെ ഭീകരമായ മുഖം വ്യക്തമായത്.

'ചിരിയിലിരയെ ക്ഷണിച്ചിരുത്തും മാംസഭോജിയാം പൂവ്' എന്ന കവിതാ ശകലത്തിലെ മനോഹരമായ ഇതളുകൾ വിടർന്ന് മന്ദസ്മിതംതൂകി ഇരയെ ആകർഷിക്കുന്ന മാംസഭോജിയായ പൂവിനെ അനുസ്മരിക്കും വിധമാണ് ഹിംസാത്മക രാഷ്ട്രീയത്തിന്റെ നയം രൂപപ്പെടുന്നത്.

## വിഭാഗീയതയുടെ രാഷ്ട്രീയം

അധികാര പ്രമത്തതയിൽ സാമൂഹിക ധ്രുവീകരണം സാധുവാക്കാനുള്ള ശ്രമം വംശീയ ഉൻമൂലനം ലക്ഷ്യമാക്കുന്നവരുടെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണ്. മത, ജാതി, വർണ, വർഗ, ദേശ, ഭാഷാ വൈവിധ്യങ്ങളിൽ അടയിരുന്ന് ധ്രുവീകരണം സാധ്യമാക്കാൻ വളരെ എളുപ്പമാണ്. അസത്യങ്ങളുടെയും മിത്തുകളുടെയും തേരിലേറി സഞ്ചരിക്കുന്നവരുടെ മനസ്സുകളിൽ നന്മക്ക് സ്ഥാനമുണ്ടാവില്ലെന്ന തിരിച്ചറിവിൽനിന്നാണ് വർഗീയ രാഷ്ട്രീയം കുതന്ത്രങ്ങൾ മെനയുന്നത്.

നാസീജർമനിയിൽ ജൂതൻമാരും റുവാണ്ടയിൽ ടുട്സികളും വംശഹത്യകൾക്കിരയായതും പേൾ ഹാർബർ ആക്രമണത്തിനു ശേഷം അമേരിക്കയിൽ ജപ്പാൻ വംശജരും 9/11ന് ശേഷം മുസ്‌ലിംകളും വേട്ടയാടലുകൾക്ക് വിധേയമായതും ഇത്തരം സമീപനങ്ങളുടെ പരിണതിയാണ്.

വർഗീയ രാഷ്ട്രീയത്തിന്റെ നിലനിൽപ് വർഗ സംഘർഷങ്ങളിലാണെന്ന ബോധമാണിതിന് പ്രേരിപ്പിക്കുന്നത്. കൊളോണിയൽ ശക്തികളുടെ ആഗമനത്തോടെ ഇന്ത്യയിലെ അറുനൂറിൽപരം നാട്ടുരാജ്യങ്ങളെ ഒരു ഭരണകൂടത്തിനു കീഴിൽ കൊണ്ടുവരാൻ സാധിച്ചുവെന്ന് വിലയിരുത്തപ്പെടുന്നു. എങ്കിലും ഭിന്നിച്ചുനിൽക്കുന്ന സമൂഹങ്ങളുടേമേൽ മാത്രമെ കോളണിവൽകരണം സാധ്യമാകൂ എന്ന് മനസ്സിലാക്കിയ ബ്രിട്ടീഷ് ഭരണകൂടം തന്ത്രങ്ങൾ മെനഞ്ഞു. ലോകത്ത് പട്ടിണിയുടെ വ്യാപനത്തിന് കാരണം ജനസംഖ്യാ വർധനവാണെന്ന പാശ്ചാത്യരുടെ കണ്ടെത്തൽ യൂറോപ്യൻനാടുകളിൽ സെൻസസുകളെടുക്കുന്നതിന് കാരണമായപ്പോൾ മതവും ജാതിയും മാറ്റിനിർത്തിയാണ് അതിനെ യാഥാർഥ്യ

> **വർഗരഹിത സമൂഹമെന്ന കമ്യൂണിസ്റ്റ് സ്വപ്നത്തെ സാക്ഷാത്കരിക്കാനായി തൊഴിലാളി വർഗത്തിന്റെ സർവാധിപത്യരാഷ്ട്ര സംവിധാനം മാനവരിൽ അവതരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടാണ് കമ്യൂണിസ്റ്റ് ഭൗതിക പ്രത്യയശാസ്ത്രം തേരോട്ടം നടത്തിയത്. അത് ജനങ്ങളുടെമേൽ അധീശ്വത്വം സ്ഥാപിച്ച് കൊന്നുകളഞ്ഞത് കോടിക്കണക്കിന് മനുഷ്യരെയാണ്. സ്റ്റാലിന്റെ ഭരണത്തിൽ മാത്രം ഒന്നര കോടിയോളം ജനങ്ങൾ കൊല്ലപ്പെട്ടതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഉക്രയ്നിലെയും വോൾഗയിലെയും കസാക്കിസ്ഥാനിലെയും വടക്കൻ കോക്കാസസിലെയും കർഷകരെ പട്ടിണിക്കിട്ടുകൊണ്ട് 60 ലക്ഷം പേരെയാണ് കൊന്നൊടുക്കിയത്.**

മാക്കിയത്. എന്നാൽ ബ്രിട്ടീഷ് ഭരണകൂടം ഇന്ത്യയിലെ സെൻസസുകളിൽ മതവും ജാതിയും ഭാഷയും വർഗവും രേഖപ്പെടുത്താനുള്ള കോളങ്ങൾ രൂപപ്പെടുത്തി അതിലൂടെ ശേഖരിച്ച വിവരങ്ങൾ പുറത്തുവിട്ടതിലൂടെ ഓരോ വിഭാഗവും തങ്ങളുടെയും മറ്റുള്ളവരുടെയും എണ്ണവും വണ്ണവും അറിഞ്ഞതിലൂടെ അപരത്വം മനസ്സുകൾക്ക് വ്യത്യസ്ത ഭാവങ്ങൾ നൽകി.

ഈ അപരബോധം ജനമനസ്സുകളിൽ പടർന്നുകയറിയപ്പോൾ അതിലിരുന്ന് വിഭാഗീയതയുടെ മതിലുകൾ പണിയാൻ അധികാരിവർഗത്തിന് കഴിഞ്ഞു. എല്ലാവർക്കും തുല്യനീതി ഉറപ്പാക്കിയുള്ള ഭരണഘടന നിലനിൽക്കുമ്പോഴും ഇന്ത്യൻ സമൂഹത്തിൽ അപരത പുകഞ്ഞുകൊണ്ടിരിന്നു.

### വർഗരാഷ്ട്രീയം വിരിക്കുന്ന കെണികൾ

രാജ്യത്ത് പട്ടിണിയും മനുഷ്യാവകാശ ധ്വംസനങ്ങളും അധികാരപ്രമത്തതയും വർധിച്ചുവരുമ്പോഴും വംശീയ ധ്രുവീകരണത്തിനായി കെണികൾ ഒരുക്കുന്ന പണിയിലാണ് അഭിനവ ഇന്ത്യൻ ഭരണകൂടം. ബ്രിട്ടീഷ് ഭരണകാലത്ത് പടിപടിയായി നിർമിച്ചെടുക്കുകയും 1980കളിൽ തീവ്രമായി ഉയർന്നുവരികയും ചെയ്ത രാമക്ഷേത്ര പ്രശ്നം അതിലൊന്നാണ്. എട്ടാംനൂറ്റാണ്ടിൽ കീഴ്ജാതിക്കാരുടെ മേൽ ബ്രാഹ്മണാധിപത്യമുറപ്പിക്കാൻ സഹായകമായി രൂപപ്പെടുത്തിയ 'പശു' രാഷ്ട്രീയം മറ്റൊരു കെണിയാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ ആവിർഭാവത്തോടു കൂടി പുനരുജ്ജീവിപ്പിച്ച 'പശുദിവ്യത്വ'ക്കെണി ഈ കാലത്തും ജ്വലിപ്പിച്ചുനിർത്തിയാണ് ഇരകളെ വേട്ടയാടിക്കൊണ്ടിരിക്കുന്നത്.

അധിനിവേശത്തിലൂടെ ആധിപത്യമുറപ്പിക്കാൻ ശ്രമിച്ച ആര്യൻമാരുടെ പിൻമുറക്കാർ മറ്റുള്ളവരുടെ ദേശീയതയെയും ദേശസ്നേഹത്തെയും ചോദ്യംചെയ്തുകൊണ്ടാണ് വംശരാഷ്ട്രീയത്തിന് വിത്തുകൾ മുളപ്പിക്കാൻ ശ്രമിച്ചത്.

നാനാത്വത്തിൽ ഏകത്വമെന്ന ഇന്ത്യൻ പൈതൃകം ഏതെങ്കിലും ഒരു സമൂഹത്തിന്റെ സൃഷ്ടിയല്ല. മറിച്ച് ഇന്ത്യയുടെ പ്രാരംഭ ഘട്ടം മുതലേ സാമൂഹികമായി രൂപപ്പെട്ടുവന്ന സൗന്ദര്യമാണത്. അതിനെ വികൃതമാക്കാനുള്ള ശ്രമങ്ങളിലാണ് വിദ്വേഷരാഷ്ട്രീയം ചുവടുകൾ വയ്ക്കുന്നത്. ഏകീകൃത സിവിൽ കോഡ് എന്നത് ഇത്തരം ലക്ഷ്യങ്ങളെ സാക്ഷാത്കരിക്കാനായി മുന്നോട്ടുവച്ച ആശയമാണ്. കുറ്റകൃത്യങ്ങൾക്ക് ഒരേകീകൃത നിയമമുള്ളതുപോലെ സിവിൽകോഡിനും ഏകീകരണം വരണമെന്ന വാദം വേടന്റെ കെണിയിലെ വിഷം പുരട്ടിയ സ്വാദിഷ്ട വിഭവമാണെന്നതാണ് സത്യം.

മെച്ചപ്പെട്ട ജീവിതം വാഗ്ദാനം ചെയ്തുകൊണ്ടാണ് ജമ്മു കാശ്മീരിലേക്ക് ഫാഷിസ്റ്റ് സർക്കാർ കടന്നുചെന്നത്. സുദീർഘമായ ചർച്ചകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ കാശ്മീരിന്റ സ്വതന്ത്രമായ അവകാശത്തിനായി തയ്യാറാക്കിയ 370ാം വകുപ്പ് പിൻവലിച്ചു. ഇപ്പോൾ ഇതുവരെയുണ്ടായിരുന്ന സ്വൈര്യജീവിതവും നഷ്ടമായെന്ന് മാത്രമല്ല കോവിഡ് 19നോടനുബന്ധിച്ച ലോക്ഡൗൺ കാലത്തും വിദ്യാർഥികൾക്ക് ഓൺലൈൻ പഠനം മറ്റു സംസ്ഥാനങ്ങളിൽ സാധ്യമായപ്പോഴും കശ്മീരികൾ 2 ജിയിൽ പരിമിതപ്പെട്ടു വീർപ്പുമുട്ടി.

ഒരു സമുദായത്തെ ലക്ഷ്യമാക്കിയുള്ള നിയമനിർമാണങ്ങൾക്ക് സംഘപരിവാരങ്ങൾ ധൃതി കൂട്ടുകയാണ്. സമര കോലാഹലങ്ങൾകൊണ്ട് ഇന്ത്യൻ തെരുവുകൾ പ്രകമ്പിതമായ പൗരത്വനിയമ ഭേദഗതിയുടെ പിന്നിലും വർഗീയതയുടെ കൗശല ബുദ്ധിയാണെന്ന കാര്യത്തിൽ പക്ഷാന്തരമില്ല. കുടിയേറ്റ പ്രശ്നങ്ങളാൽ പ്രയാസങ്ങളനുഭവിക്കുന്ന ആസാമിനെ പോലുള്ള സംസ്ഥാനങ്ങളിൽ ബാധകമായ നിയമങ്ങളെ വക്രീകരിച്ച് ഒരു സമൂഹത്തെ മാത്രം ഒറ്റപ്പെടുത്താനും അപരൻമാരാക്കാനും ദേശവ്യാപകമായി ഉപയോഗിക്കുന്ന ഇന്ത്യൻ ഫാഷിസ്റ്റ് ഭരണകൂടം മതേതര മൂല്യങ്ങളെ തകർത്തെറിയുകയാണിന്ന്.



## ബഹുസ്വരതയിലെ പൊതുബോധം

ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ മതപരമായ ധ്രുവീകരണവും ഭരണവർഗ ഫാഷിസവും ന്യൂനപക്ഷങ്ങളിൽ അരക്ഷിതബോധം വളർത്തുകയായിരുന്നു. ബഹുസ്വരതയിലെ ഐക്യബലത്തിലാണ് ന്യൂനപക്ഷങ്ങൾക്ക് സുരക്ഷയുടെ തുരുത്തുകൾ കണ്ടെത്താനായത്. കൊളോണിയൽവർഗം ഭയപ്പെടുകയും തകർക്കാനുള്ള ആസൂത്രണം നടത്തുകയും ചെയ്ത രാജ്യത്തിന്റ ഐക്യബലത്തെ  സ്വത്വരാഷ്ട്രീയവും ഭയപ്പെട്ടു.

സമീപകാലത്തെ കാവി വർണ ഭരണകൂടങ്ങൾ കൊണ്ടുവന്ന നിയമങ്ങളധികവും പൈതൃക ഏകതയെ തകർക്കാനായിരുന്നുവെന്നത് നഗ്നമായ സത്യമാണ്. ഏറ്റവും അവസാനമായി ആരോഗ്യസുരക്ഷാ കാർഡിൽ പോലും ജാതിയും മതവും ചോദിച്ചതിലൂടെ ബ്രാഹ്മണീയ സംസ്കാരത്തിന്റ അധീശത്വ ശ്രമം വ്യക്തമാണ്. എഴുപതുകൾ മുതൽ തന്നെ ഇന്ത്യയിൽ ഹിന്ദുത്വ ശക്തികൾ അധികാരത്തിൽ വന്നാൽ നടപ്പാക്കുമെന്ന് അന്നത്തെ ആർ. എസ്. എസ് തലവൻ ബാലസാഹബ് ദേവരസ് പ്രഖ്യാപിച്ച ഹിന്ദുത്വ ദേശീയതയുടെ സാംസ്കാരിക യുക്തിയിൽ അധിഷ്ഠിതമായ മുസ്‌ലിം വിരുദ്ധമായ രാഷ്ട്രീയ ഇടപെടലാണ് പൗരത്വ ഭേദഗതി നിയമവും ദേശീയ പൗരത്വ രജിസ്റ്ററും

ഇന്ത്യയെ സ്നേഹിക്കുന്ന മുഴുവൻ ജനതയും കൈകോർത്തുനിന്ന് പ്രതിരോധിക്കേണ്ട അനിവാര്യതയിലേക്കാണ് സാഹചര്യങ്ങൾ തള്ളിവിടുന്നത്. ഏതെങ്കിലും ഒരു വിഭാഗത്തിന്റെ പ്രശ്നമാണിതെന്ന് ധരിച്ചുവശായ ചില അൽപജ്ഞാനികളുണ്ടെന്നൊഴിച്ചാൽ മതനിരപേക്ഷതയുടെ മുഴുവൻ മനസ്സുകളും ഐക്യപ്പെടുന്ന സന്തോഷങ്ങളുമുണ്ട്. ഡൽഹിയിലെ ഷാഹിൻ ബാഗ് അതിനൊരു തെളിവാണ്. ഭരണ സിരാകേന്ദ്രങ്ങൾക്ക് നടുക്കമുണ്ടാക്കും വിധം നടന്നിരുന്ന ഷാഹിൻ ബാഗ് സമരം ഇന്ത്യൻ മതനിരപേക്ഷതയുടെ മുന്നേറ്റമാണ്. ഈ മുന്നേറ്റത്തെയാണ് ഫാഷിസം ഭയപ്പെടുന്നതും.

ഷാഹിൻ ബാഗ് സമരപ്പന്തലിൽ പതിച്ച പോസ്റ്ററുകളിലൊന്നിലുള്ള സന്ദേശം പ്രസക്തമാണ്. 'ഇന്ത്യ വലിയ ഒരു പൂന്തോട്ടമാണ്, വ്യത്യസ്തമായ മതങ്ങളും ഭാഷകളും സംസ്കാരങ്ങളും പൂത്തുലഞ്ഞ് നിൽക്കുന്ന വലിയ ഒരു പൂന്തോട്ടം. താമര മാത്രം വിരിയണമെന്ന് നിങ്ങൾ വാശിപിടിക്കാതിരിക്കുക.'

ഈ വചനത്തെ അന്വർഥമാക്കുമാറ് സമരമുഖത്തിറങ്ങിയവരിൽ സിഖുകാരും ക്രിസ്ത്യാനികളും ഹിന്ദുക്കളുമെല്ലാം അണിചേർന്നിരുന്നു. സെലിബ്രിറ്റികളും പാട്ടുകാരും കവികളും മനുഷ്യാവകാശ പ്രവർത്തകരും കലാകാരൻമാരുമടക്കമുള്ളവരുടെ ഒത്തൊരുമയോടെയുള്ള മുന്നേറ്റം ഫാഷിസത്തിന്റ കുതന്ത്രങ്ങളുടെ വേരിളക്കുന്നതായിരുന്നു.

## പ്രതിരോധത്തിലെ സ്വത്വബോധം

സമരപോരാട്ടങ്ങളിലും ശബ്ദകോലാഹലങ്ങളിലും മാത്രം ഇസ്‌ലാമിനെ തളച്ചിടാൻ ശ്രമിക്കുന്ന ചിലരുണ്ട്. ലോകത്ത് നടക്കുന്ന ഭീകരപ്രവർത്തനങ്ങളുടെ പ്രതീകങ്ങളായി ഇസ്‌ലാമിനെ അവരോധിക്കാൻ 'അല്ലാഹു അക്ബർ,' 'ലാ ഇലാഹ ഇല്ലല്ലാഹ്' തുടങ്ങിയ പവിത്രമായ വചനങ്ങളെ കറുത്തശീലയിൽ കോറിയിട്ട് കോർപറേറ്റ് മാധ്യങ്ങൾ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നതിനോട് ഐക്യപ്പെടും വിധമാണ് ഇത്തരം വികാരപ്രകടനങ്ങൾ കാണാൻ സാധിക്കുന്നത്.

ഇന്ത്യൻ ഭരണഘടന തിരുത്തിയെഴുതാൻ ശ്രമിക്കുന്ന ഫാഷിസ്റ്റ് ഭരണകൂടത്തിനെതിരെ ഇന്ത്യക്കാരായ നാനാമതസ്ഥരും ഒന്നിച്ചുനിന്ന് പോരാടുക എന്നതാണ് പ്രായോഗികം. അതിന് പകരമായി മുസ്‌ലിം സമൂഹത്തെ ഒറ്റപ്പെടുത്തി ആക്രമിച്ച് നിഷ്കാസനം ചെയ്യണമെന്ന വർഗരാഷ്ട്രീയത്തിന്റെ അജണ്ട നടപ്പാക്കാൻ സഹായകമാകാൻ വേറിട്ടുനിന്ന് പോരാടുകയല്ല വേണ്ടതെന്ന ഔചിത്യബോധം ചിലർക്കില്ലാതെ പോയി.



**സമീപകാലത്തെ കാവി വർണ ഭരണകൂടങ്ങൾ കൊണ്ടുവന്ന നിയമങ്ങളധികവും പൈതൃക ഏകതയെ തകർക്കാനായിരുന്നുവെന്നത് നഗ്നമായ സത്യമാണ്. ഏറ്റവും അവസാനമായി ആരോഗ്യസുരക്ഷാ കാർഡിൽ പോലും ജാതിയും മതവും ചോദിച്ചതിലൂടെ ബ്രാഹ്മണീയ സംസ്കാരത്തിന്റ അധീശ്വത്വ ശ്രമം വ്യക്തമാണ്. എഴുപതുകൾ മുതൽ തന്നെ ഇന്ത്യയിൽ ഹിന്ദുത്വ ശക്തികൾ അധികാരത്തിൽ വന്നാൽ നടപ്പാക്കുമെന്ന് അന്നത്തെ ആർ. എസ്. എസ് തലവൻ ബാലസാഹബ് ദേവരസ് പ്രഖ്യാപിച്ച ഹിന്ദുത്വ ദേശീയതയുടെ സാംസ്കാരിക യുക്തിയിൽ അധിഷ്ഠിതമായ മുസ്‌ലിം വിരുദ്ധമായ രാഷ്ട്രീയ ഇടപെടലാണ് പൗരത്വ ഭേദഗതി നിയമവും ദേശീയ പൗരത്വ രജിസ്റ്ററും**

പൗരത്വ ഭേദഗതിനിയമത്തിനെതിരെയുള്ള സമര പോരാട്ടങ്ങളിൽ ഒരേ ശബ്ദവും സ്വരവുമായി മുന്നോട്ട് പോകുന്ന ബഹുസ്വര സമരങ്ങളിൽനിന്ന് 'അല്ലാഹു അക്ബർ' എന്ന പവിത്രമായ ശബ്ദത്തെ അനവസരത്തിൽ ഉപയോഗിച്ച് മറ്റുള്ളവരെ നിരാശരാക്കുന്ന നടപടിയെന്തായാലും ചില അപ്രായോഗിക രാഷ്ട്രീയത്തെ പുനരുജ്ജീവിപ്പിക്കാനാണെന്ന് സംശയിച്ചാൽ കുറ്റം പറയാനാവില്ല.

ഹിന്ദുത്വമെന്ന മതരാഷ്ട്രവാദ സ്വത്വരാഷ്ട്രീയത്തെ ഇസ്‌ലാമിക സ്വത്വവാദവുമായി നേരിടുന്നതെന്തായാലും ഭൂരിപക്ഷ വർഗീയതയ്ക്ക് ആക്കം കൂട്ടുന്നതാണെന്നതിൽ സംശയമില്ല. മുസ്‌ലിം സ്വത്വമെന്നത് പർദ ധരിച്ചുകൊണ്ടും ലാഇലാഹ ഇല്ലല്ലാ പ്രഖ്യാപിച്ചും സമരവേദിയിൽ ശത്രുവിനെ പ്രകോപിക്കാനുള്ളതാണെന്ന തെറ്റായ വായനയിൽ പെട്ട് പോയവരുണ്ടെന്നത് വളരെ വിചിത്രമാണ്.

'ജൂതനെന്ന നിലയ്ക്ക് ആക്രമിക്കപ്പെടുന്നവർ ചെറുത്ത് നിൽക്കേണ്ടതും ജൂതനായിട്ടാണ്, അല്ലാതെ ജർമനിക്കാരനെന്ന നിലയ്ക്കോ ആഗോള പൗരനെന്ന നിലയ്ക്കോ മാനുഷിക അവകാശങ്ങൾ ഉണ്ടെന്ന നിലയ്ക്കോ അല്ല' എന്ന, 1930കളിൽ നാസീ ജർമനിയിൽ നിന്ന് ഒളിച്ചോടിയ ജൂത ഫിലോസഫർ ഹന്ന ആരന്റിന്റെ വാക്കുകളുദ്ധരിച്ചുകൊണ്ടാണ് ഇത്തരം വാദങ്ങളെ ന്യായീകരിക്കുന്നത്.

1947ൽ ഡൽഹി ജുമാമസ്ജിദിന്റ പടികളിൽ ചവിട്ടിനിന്ന് മൗലാനാ അബുൽകലാം ആസാദ് പാക്കിസ്ഥാനിലേക്ക് പലായനം ചെയ്യാൻ ഒരുങ്ങി നിൽക്കുന്ന മുസ്‌ലിം ഭൂരിപക്ഷത്തോട് ചെയ്ത പ്രസംഗം ശ്രദ്ധേയമാണ്. അദ്ദേഹം പറഞ്ഞു: "വൈദേശികാധിപത്യത്തിനു കീഴിൽ ചെയ്തത് പോലെ നിങ്ങൾ അധികാരികളുടെ ആജ്ഞാനുവർത്തികളായി ജീവിതം നയിക്കണമെന്ന് ഞാൻ പറയുന്നില്ല. എനിക്ക് നിങ്ങളെ ഓർമിപ്പിക്കാനുള്ളത് ഇതാണ്. ചുറ്റും നിങ്ങളിന്ന് കാണുന്ന ഈ ബൃഹത്തായ കൊത്തുപണികളെല്ലാം നിങ്ങളുടെ പൂർവികർ കടന്നുപോയതിന്റ തിരുശേഷിപ്പുകളാണ്. അതു മറക്കരുത്, അവയെ കൈവെടിയരുത്. അവരുടെ യോഗ്യരായ അനന്തരവൻമാരെ പോലെ നിങ്ങൾ ജീവിക്കുക. ഈ അരങ്ങ് ഒഴിഞ്ഞുപോകാൻ മനസ്സില്ലെങ്കിൽ നിങ്ങളെ തുരത്തിയോടിക്കാൻ ഒരാൾക്കുമാവില്ലെന്ന തികഞ്ഞ ആത്മബോധ്യത്തോടെ തുടരുക. വരൂ! നമുക്ക് പ്രതിജ്ഞയെടുക്കാം; ഈ രാജ്യം ഞങ്ങളുടെ സ്വന്തമാണെന്ന്, ഞങ്ങളാണതിന്റ സ്വന്തക്കാരെന്ന്, അതിന്റെ ഭാഗധേയത്തെ കുറിക്കുന്ന അടിസ്ഥാനപരമായ ഏത് തീരുമാനവും ഞങ്ങളുടെ സമ്മതമില്ലെങ്കിൽ പൂർണമാകില്ലെന്ന്.'

പ്രൗഢമായ വാക്കുകൾകൊണ്ട് മുസ്‌ലിംകൾക്ക് സ്വത്വബോധം നൽകിയ മഹാനായ അബുൽ കലാം ആസാദ് നെഹ്റുവിനും ഗാന്ധിക്കുമൊപ്പം ബഹുസ്വരതയിലൂന്നിയ രാഷ്ട്രീയ മുന്നേറ്റമാണ് നടത്തിയതെന്നത് നമ്മുടെ കണ്ണുതുറപ്പിക്കണം.

മുസ്‌ലിമിന് സ്വത്വബോധമുണ്ടാവണം. അത് ജീവിതത്തിന്റ നിഖില മേഖലകളിലും വേണം. അത് പ്രകടമാവുകയും വേണം. ഏകദൈവാരാധനയാണ് അതിന്റ കാതൽ. എല്ലാ സദ്ഗുണങ്ങളും അതിന്റെ ഭാഗമാണ്. മാനവവിരുദ്ധമായ ഒന്നും ഇസ്‌ലാം പഠിപ്പിക്കുന്നില്ല. അന്യമതസ്ഥരെ ദ്രോഹിക്കാൻ ഇസ്‌ലാം കൽപിക്കുന്നില്ല.

അയൽവാസികളെ പരിഗണിക്കുന്നതിലൂടെ, കുടുംബ ബന്ധം ചേർക്കുന്നതിലൂടെ, ഏതു ജീവജാലത്തോടും കരുണ കാണിക്കുന്നതിലൂടെ, രാജ്യത്തിന്റെ അഖണ്ഡതയും സാഹോദര്യവും കാത്ത് സൂക്ഷിക്കുന്നതിലൂടെ ഇസ്‌ലാമിന്റെ സ്വത്വം വിശ്വാസികളിലൂടെ പ്രകടമായിക്കൊണ്ടിരിക്കും.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 60, ഭാഗം: 4

# മുംതഹിന (പരീക്ഷിക്കപ്പെടേണ്ടവൾ)

(മദീനയിൽ അവതരിച്ചത്)

لَّا يَنْهَىٰكُمُ ٱللَّهُ عَنِ ٱلَّذِينَ لَمْ يُقَٰتِلُوكُمْ فِى ٱلدِّينِ وَلَمْ يُخْرِجُوكُم مِّن دِيَٰرِكُمْ أَن تَبَرُّوهُمْ وَتُقْسِطُوٓا۟ إِلَيْهِمْ ۚ إِنَّ ٱللَّهَ يُحِبُّ ٱلْمُقْسِطِينَ ﴿٨﴾

إِنَّمَا يَنْهَىٰكُمُ ٱللَّهُ عَنِ ٱلَّذِينَ قَٰتَلُوكُمْ فِى ٱلدِّينِ وَأَخْرَجُوكُم مِّن دِيَٰرِكُمْ وَظَٰهَرُوا۟ عَلَىٰٓ إِخْرَاجِكُمْ أَن تَوَلَّوْهُمْ ۚ وَمَن يَتَوَلَّهُمْ فَأُو۟لَٰٓئِكَ هُمُ ٱلظَّٰلِمُونَ ﴿٩﴾

8. മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നന്മ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതിപാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.

9. മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യുകയും നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കുകയും നിങ്ങളെ പുറത്താക്കുന്നതിൽ പരസ്പരം സഹകരിക്കുകയും ചെയ്തവരെ സംബന്ധിച്ചു മാത്രമാണ്-അവരോട് മൈത്രി കാണിക്കുന്നത്-അല്ലാഹു നിരോധിക്കുന്നത്. വല്ലവരും അവരോട് മൈത്രിബന്ധം പുലർത്തുന്നപക്ഷം അവർ തന്നെയാകുന്നു അക്രമകാരികൾ.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا جَآءَكُمُ ٱلْمُؤْمِنَٰتُ
مُهَٰجِرَٰتٍ فَٱمْتَحِنُوهُنَّ ۖ ٱللَّهُ أَعْلَمُ بِإِيمَٰنِهِنَّ ۖ
فَإِنْ عَلِمْتُمُوهُنَّ مُؤْمِنَٰتٍ فَلَا تَرْجِعُوهُنَّ إِلَى ٱلْكُفَّارِ ۖ
لَا هُنَّ حِلٌّ لَّهُمْ وَلَا هُمْ يَحِلُّونَ لَهُنَّ ۖ وَءَاتُوهُم مَّآ أَنفَقُوا۟ ۚ
وَلَا جُنَاحَ عَلَيْكُمْ أَن تَنكِحُوهُنَّ إِذَآ ءَاتَيْتُمُوهُنَّ
أُجُورَهُنَّ ۚ وَلَا تُمْسِكُوا۟ بِعِصَمِ ٱلْكَوَافِرِ وَسْـَٔلُوا۟
مَآ أَنفَقْتُمْ وَلْيَسْـَٔلُوا۟ مَآ أَنفَقُوا۟ ۚ ذَٰلِكُمْ حُكْمُ ٱللَّهِ ۖ
يَحْكُمُ بَيْنَكُمْ ۚ وَٱللَّهُ عَلِيمٌ حَكِيمٌ ١٠

10. സത്യവിശ്വാസികളേ, വിശ്വാസിനികളായ സ്ത്രീകൾ അഭയാർഥികളായി ക്കൊണ്ട് നിങ്ങളുടെ അടുത്ത് വന്നാൽ നിങ്ങൾ അവരെ പരീക്ഷിച്ചുനോക്കണം. അവരുടെ വിശ്വാസത്തെ പറ്റി അല്ലാഹു ഏറ്റവും അറിയുന്നവനാണ്. എന്നിട്ട് അവർ വിശ്വാസിനികളാണെന്ന് അറിഞ്ഞുകഴിഞ്ഞാൽ അവരെ നിങ്ങൾ സത്യനിഷേധികളുടെ അടുത്തേക്ക് മടക്കി അയക്കരുത്. ആ സ്ത്രീകൾ അവർക്ക് അനുവദനീയമല്ല. അവർക്ക് അവർ ചെലവഴിച്ചത് നിങ്ങൾ നൽകുകയും വേണം. ആ സ്ത്രീകൾക്ക് അവരുടെ പ്രതിഫലങ്ങൾ നിങ്ങൾ കൊടുത്താൽ അവരെ നിങ്ങൾ വിവാഹം കഴിക്കുന്നതിന് നിങ്ങൾക്ക് വിരോധമില്ല. അവിശ്വാസിനികളുമായുള്ള ബന്ധം നിങ്ങൾ മുറുകെപിടിച്ചുകൊണ്ടിരിക്കുകയും ചെയ്യരുത്. നിങ്ങൾ ചെലവഴിച്ചതെന്തോ, അത് നിങ്ങൾ ചോദിച്ചുകൊള്ളുക. അവർ ചെലവഴിച്ചതെന്തോ അത് അവരും ചോദിച്ചുകൊള്ളട്ടെ. അതാണ് അല്ലാഹുവിന്റെ വിധി. അവൻ നിങ്ങൾക്കിടയിൽ വിധികൽപിക്കുന്നു. അല്ലാഹു സർവജ്ഞനും യുക്തിമാനുമാകുന്നു.

8). സത്യനിഷേധികളോട് ശത്രുതപുലർത്താൻ പ്രചോദിപ്പിക്കുന്ന ഈ പരിശുദ്ധ വചനങ്ങൾ ഇറങ്ങിയപ്പോൾ സത്യവിശ്വാസികളെ അത് എല്ലാ നിലയ്ക്കും സ്വാധീനിച്ചു. അവരത് സമ്പൂർണമായി നിർവഹിച്ചു. ബഹുദൈവ വിശ്വാസികളായ തങ്ങളുടെ ബന്ധുക്കളോട് കുടുംബബന്ധം ചേർക്കൽ അവർ തെറ്റായി കണ്ടു. ഈ വിരോധത്തിൽ അതും ഉൾപ്പെടുമെന്ന് അവർ വിചാരിച്ചു. ഈ നിഷിദ്ധത്തിൽ അതുൾപ്പെടില്ലെന്ന് അല്ലാഹു അവരെ അറിയിച്ചു.

(മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നന്മ ചെയ്യുന്നതും നിങ്ങളവരോട് നീതികാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതികാണിക്കുന്നവരെ ഇഷ്ടപ്പെടുന്നു).

ബഹുദൈവവിശ്വാസികളിൽ ബന്ധുക്കളും അല്ലാത്തവരുമായ ആളുകളോട് നീതികാണിക്കുന്നതിനെ നല്ല രൂപത്തിൽ പ്രത്യുപകാരങ്ങൾ ചെയ്യുന്നതിനും കുടുംബബന്ധം ചേർക്കുന്നതിനും പുണ്യം ചെയ്യുന്നതിനും അല്ലാഹു നിങ്ങളെ വിരോധിക്കുന്നില്ല. മതകാര്യത്തിൽ നിങ്ങളോട് യുദ്ധത്തിനൊരുങ്ങാത്തവരും നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കാത്തവരുമായിരിക്കുന്ന അവസ്ഥയിൽ അവരുമായി ബന്ധം ചേർക്കുന്നതിന് നിങ്ങൾക്ക് കുറ്റമില്ല. ഈ അവസ്ഥയിലുള്ള ബന്ധത്തെ നിങ്ങൾ ഭയപ്പെടേണ്ട കാര്യമായോ ദോഷമായോ കാണേണ്ടതില്ല. മക്കൾ മുസ്‌ലിംകളായ മാതാപിതാക്കളുടെ കാര്യത്തിൽ അല്ലാഹു പറഞ്ഞത് അതാണ്.

وَإِن جَٰهَدَاكَ عَلَىٰٓ أَن تُشْرِكَ بِى مَا لَيْسَ
لَكَ بِهِۦ عِلْمٌ فَلَا تُطِعْهُمَا ۖ وَصَاحِبْهُمَا فِى
ٱلدُّنْيَا مَعْرُوفًا

“നിനക്ക് യാതൊരു അറിവുമില്ലാത്ത ഒന്നിനെ എന്നോട് പങ്കുചേർക്കാൻ അവർ (മാതാപിതാക്കൾ) നിന്നോട് നിർബന്ധപൂർവം ആവശ്യപ്പെട്ടാൽ അവരെ നീ അനുസരിച്ച് പോകരുത്. ഈ ലോകത്ത് നീ അവരോട് നല്ലനിലയിൽ സഹവസിക്കുകയും ചെയ്യുക” (31:15).

9). (മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യുന്നതിനെ സംബന്ധിച്ച് മാത്രമാണ് അല്ലാഹു വിരോധിക്കുന്നത്) അതായത്: നിങ്ങളുടെ മതം കാരണത്താൽ. അല്ലാഹുവിന്റെ മതത്തിനോടും അത് നിർവഹിക്കുന്നവരോടും ശത്രുത കാണിക്കുന്നവർ. (നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കുകയും പ്രകടമാക്കുകയും) അതായത് മറ്റുള്ളവരെ സഹായിക്കുക. (നിങ്ങളെ പുറത്താക്കുന്നതിൽ) അല്ലാഹു നിങ്ങളെ വിരോധിക്കുന്നു. (അവരോട് മൈത്രി കാണിക്കുന്നത്) വാക്കിലും പ്രവൃത്തിയിലും സ്നേഹവും സഹായവുംകൊണ്ട്. എന്നാൽ അവർക്ക് പുണ്യം ചെയ്യലും നന്മ ചെയ്യലും ബഹുദൈവവിശ്വാസികളോട് മൈത്രിബന്ധം സ്ഥാപിക്കലല്ല. അത് അല്ലാഹു വിരോധിച്ചിട്ടുമില്ല. മറിച്ച് അതാവട്ടെ, ബന്ധുക്കളും അല്ലാത്തവരുമായവരോട് നന്മചെയ്യാൻ പറഞ്ഞ പൊതുകൽപനയിൽ ഉൾപ്പെടുന്നതുമാണ്. (വല്ലവരും അവരോട് മൈത്രിബന്ധം പുലർത്തുന്ന പക്ഷം അവർ തന്നെയാകുന്നു അക്രമകാരികൾ) മൈത്രിബന്ധത്തിന്റെ തോതനുസരിച്ചായിരിക്കും ആ അക്രമം. പൂർണമായി മൈത്രിബന്ധം ഇസ്‌ലാമിന്റെ വൃത്തത്തിൽനിന്നു തന്നെ പുറത്താക്കപ്പെടുന്നതാണ്. അതിന് പല തട്ടുകളുണ്ട്. ശക്തമായതും അല്ലാത്തതും.

10). ഹുദൈബിയ സന്ധിയുടെ സന്ദർഭത്തി ൽ നബിﷺ ബഹുദൈവവിശ്വാസികളുമായി സന്ധിയുണ്ടാക്കി; അവരിൽനിന്നാരെങ്കിലും മുസ്‌ലിമായി മുസ്‌ലിംകളിലേക്ക് വരികയാണെങ്കിൽ അവരെ ബഹുദൈവവിശ്വാസികളിലേക്ക് തന്നെ തിരിച്ചയക്കുമെന്ന്. ഈ പൊതു പ്രയോഗത്തിൽ സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടും.

എന്നാൽ പുരുഷൻമാരെ ബഹുദൈവവിശ്വാസികളിലേക്ക് തിരിച്ചയക്കുന്നതിനെ നബിﷺ വിരോധിച്ചില്ല; സന്ധിയുടെയും നിബന്ധനയുടെയും പൂർത്തീകരണത്തിന്റെ ഭാഗമായി. അത് ഏറ്റവും വലിയ സന്ധിയായിരുന്നു.

എന്നാൽ സ്ത്രീകളുടെ കാര്യം; അവരെ തിരിച്ചയക്കുമ്പോൾ ധാരാളം പ്രശ്നങ്ങളുണ്ടാകും. വിശ്വാസികളോട് കൽപിക്കുന്നു: (സത്യവിശ്വാസിനികൾ ഹിജ്റവരുന്നവരായി നിങ്ങളുടെ അടുക്കൽ വന്നാൽ) അവരുടെ വിശ്വാസത്തിൽ നിങ്ങൾ സംശയിക്കുകയും ചെയ്താൽ അവരെ നിങ്ങൾ പരീക്ഷിക്കുകയും പരിശോധിക്കുകയും ചെയ്യണം; അവരുടെ സത്യസന്ധത വ്യക്തമാകത്തക്കവിധം. ശക്തമായ സത്യം ചെയ്യലോ മറ്റോ ആകാം. ചിലപ്പോൾ അവളുടെ വിശ്വാസം സത്യസന്ധമാകാതിരിക്കാം. വിവാഹത്തിനുള്ള ആഗ്രഹമോ നാടോ മറ്റെന്തെങ്കിലും ഭൗതിക ഉദ്ദേശ്യങ്ങളോ ആകാം.

ഈ രൂപത്തിലാണ് അവരെങ്കിൽ നിബന്ധന പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി തിരിച്ചയക്കാൻ സഹായിക്കണം; യാതൊരു പ്രശ്നവും കൂടാതെ. ഇനി അവരെ പരീക്ഷിക്കുകയും അവർ സത്യസന്ധരാണെന്ന് കാണുകയും ചെയ്താൽ, അതല്ലെങ്കിൽ പരീക്ഷിക്കാതെ തന്നെ അറിഞ്ഞാലും അവരെ അവിശ്വാസികളിലേക്ക് തിരിച്ചയക്കാവതല്ല.

(ആ സ്ത്രീകൾ അവർക്ക് അനുവദനീയമല്ല. അവർ ആ സ്ത്രീകൾക്കും അനുവദനീയമല്ല) ഇതിൽ അല്ലാഹു കാണുന്ന ഏറ്റവും വലിയ പ്രശ്നമിതാണ്. മറ്റൊന്ന് നിബന്ധന പൂർത്തീകരിക്കലും സത്യനിഷേധികൾക്ക് അവരുടെ ഭാര്യമാർ അവർക്ക് ലഭിച്ച മഹ്‌റും അനുബന്ധ ചെലവുകളും തിരിച്ചുനൽകണം; അവർക്ക് പകരമായി.

അങ്ങനെയാകുമ്പോൾ മുസ്‌ലിം സ്ത്രീകൾക്ക് ബഹുദൈവ വിശ്വാസത്തിന്റെ നാട്ടിൽ അവർക്ക് ഭർത്താക്കളുണ്ടെങ്കിലും, മുസ്‌ലിംകൾക്ക് അവരെ വിവാഹം കഴിക്കുന്നതിന് വിരോധമില്ല. പക്ഷേ, ഒരു നിബന്ധനയുണ്ട്. അവർ മഹ്‌റും ചെലവും നൽകിയിരിക്കണം. ഒരു മുസ്‌ലിമായ സ്ത്രീ സത്യനിഷേധിക്കോ ഒരു സത്യനിഷേധിയായ സ്ത്രീ മുസ്‌ലിമായ പുരുഷനോ അനുവദനീയമല്ല; അവർ അവിശ്വാസത്തിൽ തുടരുന്ന കാലത്തോളം. അതാണ് അല്ലാഹു പറഞ്ഞത്. (അവിശ്വാസികളുമായുള്ള ബന്ധങ്ങളിൽ നിങ്ങൾ മുറുകെ പിടിച്ചുകൊണ്ടിരിക്കുകയും ചെയ്യരുത്). അവരുമായുള്ള വിവാഹബന്ധം മുറുകെ പിടിക്കുന്നത് വിരോധിക്കുമ്പോൾ വിവാഹം കഴിക്കുന്നതിലും വിരോധം അതിനെക്കാൾ ശക്തമായിരിക്കും.

(നിങ്ങൾ ചെലവഴിച്ചതെന്തോ അത് നിങ്ങൾ ചോദിച്ചുകൊള്ളുക) വിശ്വാസികളേ, മതമുപേക്ഷിച്ച് നിങ്ങളുടെ ഭാര്യമാർ സത്യനിഷേധികളിലേക്ക് മടങ്ങിപ്പോകുമ്പോൾ. മുസ്‌ലിംകളായി വന്ന സ്ത്രീകളിൽനിന്ന് വല്ലതും അവരെടുത്തിട്ടുണ്ടെങ്കിൽ മുസ്‌ലിംകൾക്ക് അവിശ്വാസികളിലേക്ക് പോകുന്നവരിൽനിന്ന് തത്തുല്യമായത് എടുക്കാൻ അവകാശമുണ്ട്. ശരിയായ ഒരു ഭർത്താവിൽനിന്ന് ഭാര്യ പുറത്തുപോവുകയോ മുലകുടി പോലുള്ള കാര്യങ്ങൾ കൊണ്ട് ഒരു പുരുഷന് സ്ത്രീയുമായുള്ള ബന്ധം തകരാറാവുകയോ ചെയ്താൽ മഹ്‌റിന്റെ ബാധ്യത ഈടാക്കാൻ അയാൾക്ക് അവകാശമുണ്ടായിരിക്കും.

(അതാണ് അല്ലാഹുവിന്റെ വിധി) ഈ വിധി അല്ലാഹു പറഞ്ഞതാണ്. അത് അല്ലാഹുവിന്റെ തീരുമാനമാണ്. നിങ്ങൾക്ക് അതവൻ വ്യക്തമായി വിശദീകരിച്ചുതരുന്നു.

(അല്ലാഹുസർവജ്ഞനും യുക്തിമാനുമാകുന്നു) നിങ്ങൾക്ക് നല്ലതായിത്തീരുന്ന വിധികൾ അവനറിയുകയും നിയമമാക്കുകയും ചെയ്യുന്നു.

നൂറുദ്ദീൻ സ്വലാഹി
nooorudheenvettathur@gmail.com

ലേഖനം

ആരാണ് ശിയാക്കൾ? 3



# ശിയാക്കളും മരിച്ചവരുടെ തിരിച്ചുവരവും

ശിയാക്കളുടെ ചില ഇസ്‌ലാം വിരുദ്ധ വിശ്വാസങ്ങളെക്കുറിച്ചാണ് നാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. മരിച്ചുപോയവർ ഇഹലോക ജീവിതത്തിലേക്ക് തിരിച്ചുവരില്ല എന്നത് അനിഷേധ്യ സത്യമാണ്. (ക്വുർആനിലും പ്രവാചകവചനങ്ങളിലും പ്രതിപാദിച്ചിട്ടുള്ള ചില പ്രത്യേക സംഭവങ്ങൾ ഒഴിച്ചുനിർത്തിയാണ് ഈ പറയുന്നത്).

എന്നാൽ ശിയാക്കളുടെ വിശ്വാസം അന്ത്യദിനത്തിനു മുമ്പ് ചിലർ ഭൂമിയിലേക്ക് തിരിച്ചുവരും എന്നാണ്. 'റജ്അത്' എന്ന പേരിലാണ് ഈ വിശ്വാസം അറിയപ്പെടുന്നത്. കേട്ടാൽ തമാശയായി തോന്നുമെങ്കിലും എന്തുമാത്രം അപകടങ്ങളാണ് ഈ വിശ്വാസത്തിൽ ഉൾച്ചേർന്നിരിക്കുന്നത് എന്ന് മനസ്സിലാക്കുമ്പോഴാണ് ഇസ്‌ലാമിനെ തകർക്കാൻ ജൂതൻ പടച്ചുവിട്ട ഈ വിഷം എത്രമാത്രം വിനാശകരമെന്ന് ബോധ്യമാവുക.

ശിയാ വിശ്വാസപ്രകാരം ഭരണം നിർവഹിക്കേണ്ടത് അവരുടെ ഇമാമുമാരാണ്. എന്നാൽ അലി(റ), ഹസൻ(റ) എന്നിവരുടെ ഭരണം മാറ്റിനിർത്തിയാൽ ഇവർ ഇമാമുമാരായി അവതരിപ്പിച്ചവരാരും ഭരണം കയ്യാളിയവരല്ല. ആദ്യത്തെ മൂന്ന് ഖലീഫമാരും അമവി, അബ്ബാസി ഭരണാധികാരിക

ളുമെല്ലാം ഇവരുടെ വിശ്വാസപ്രകാരം അവിശ്വാസികളാണ്! അവരുടെ കീഴിൽ ജീവിച്ച തങ്ങളുടെ ഇമാമുമാരും മറ്റു ശിയാക്കളും യഥാർഥ ഇസ്‌ലാമിക ഭരണത്തെ പുൽകിയവരല്ല എന്നാണ് ഇവരുടെ വാദം. ഇതിനെല്ലാം ഒരു പരിഹാരമായിക്കൊണ്ടുകൂടിയാണ് ഈ വിശ്വാസം ഇവർക്ക് കൊണ്ടുവരേണ്ടി വന്നത്. തങ്ങളുടെ പന്ത്രണ്ടാമത്തെ ഇമാമായ ഇമാം മഹ്ദി വരുന്ന നാളിലായിരിക്കും യഥാർഥ ഭരണം നിർവഹിക്കപ്പെടുക എന്നതാണ് ഇവരുടെ വിശ്വാസം.

അവസാനകാലത്ത് ഇമാം മഹ്ദി വരുമെന്നുതന്നെയാണ് അഹ്‌ലുസ്സുന്നയുടെയും വിശ്വാസം. എന്നാൽ ശിയാക്കളുടെ മഹ്ദി ഇതല്ല, മറിച്ച് അവർ പന്ത്രണ്ടാമത്തെ ഇമാമായി കണക്കാക്കുന്ന ഹസനുബ്നു അലി അൽഅസ്കരിയാണ്. അദ്ദേഹം ചെറുപ്രായത്തിൽ തന്നെ മരണപ്പെട്ടുപോയി. എന്നാൽ അദ്ദേഹം മരണപ്പെട്ടിട്ടില്ല, മറിച്ച് മേഘപാളികളിൽ മറഞ്ഞിരിക്കുകയാണെന്നും അവസാന നാളിൽ അദ്ദേഹം യഥാർഥ ക്വുർആനുമായി വന്ന് ഭരണം നിർവഹിക്കുമെന്നും തങ്ങളുടെ മുഴുവൻ ഇമാമുമാരും നബിമാരും അദ്ദേഹത്തിനുകീഴിൽ അണിനിരക്കും എന്നും ഇവർ വിശ്വസിക്കുന്നു. ഈ വാദം ഇസ്‌ലാമിക പ്രമാണങ്ങളോട് ഒരു നിലയ്ക്കും യോജിക്കാത്തതാണ്. അതുകൊണ്ടുതന്നെ ഇതിനെ സ്ഥാപിച്ചെടുക്കാൻ അലി ﷺ യിലേക്ക് ചേർത്ത് ഒരു കള്ളവാക്കും ഇവർ പടച്ചുവിട്ടു. അത് ഇപ്രകാരമാണ്: 'നമ്മുടെ മടങ്ങിവരവിൽ വിശ്വസിക്കാത്തവൻ നമ്മിൽ പെട്ടവനല്ല' (തഫ്സീർ സ്വാഫി 1/440).

എന്നാൽ ക്വുർആനിന്റെ അർഥമറിയുന്നവർ ഇതിനെ ഇസ്‌ലാമിക വിശ്വാസമായി എങ്ങനെ അംഗീകരിക്കും? അല്ലാഹു പറയുന്നു:

"അവർക്കു മുമ്പ് എത്രയെത്ര തലമുറകളെ നാം നശിപ്പിച്ചു! അവരാരും ഇവരുടെ അടുത്തേക്ക് തിരിച്ചു വരുന്നില്ല എന്ന് അവർ കണ്ടില്ലേ?" (ക്വുർആൻ 36:31).

മരിച്ചവർ തിരിച്ചുവരില്ല എന്നത് ക്വുർആനിലെ ഖണ്ഡിതമായ പ്രഖ്യാപനമായിരിക്കെ ഇതിനെ നിഷേധിക്കുകയല്ലേ ഇവർ ചെയ്യുന്നത്?

ശിയാനേതാവായ മജ്‌ലിസി പറയുന്നത് നോക്കൂ: "ഇമാമുമാരുടെ മടങ്ങിവരവ് എല്ലാ കാലഘട്ടത്തിലുമുള്ള ആളുകൾ യോജിച്ച കാര്യമാണ്" (ബിഹാറുൽ അൻവാർ).

ഈ വിചിത്രവാദത്തിനു പ്രചാരണം കിട്ടാൻ അലി ﷺ യുടെ പേരിൽ ഇവർ പറഞ്ഞുകൊണ്ടിരുന്ന കളവ് നോക്കൂ: "ആരെങ്കിലും മരണാനന്തരം ഭൂമിയിലേക്കുള്ള എന്റെ മടക്കത്തെ നിഷേധിച്ചാൽ അവൻ എന്നെ തള്ളിപ്പറഞ്ഞവനാണ്. എന്നെ തള്ളിപ്പറഞ്ഞവൻ അല്ലാഹുവിനെ തള്ളിപ്പറഞ്ഞു."

അലി ﷺ ഇവരുടെ ആരോപണങ്ങളിൽ നിന്നും മുക്തനാണ് എന്ന കാര്യം പ്രത്യേകം ഓർക്കുക.

ഈ വിശ്വാസം ശിയാക്കൾക്ക് ലഭിക്കുന്നത് തങ്ങളുടെ നേതാവായ അബ്ദുല്ലാഹിബ്നു സബഇൽ നിന്നായിരുന്നു. അലി ﷺ മരിക്കില്ലന്ന വാദമായിരുന്നു അയാൾക്ക്. എത്രത്തോളമെന്നാൽ അലി ﷺ യാണ് ഇലാഹ് എന്നുവരെ വാദിച്ച് അയാൾ അതിരുകടന്നു.

അലി ﷺ യുടെ മരണവാർത്തയുമായി വന്ന വ്യക്തിയോട് ഇപ്രകാരമാണ് അയാൾ പ്രതികരിച്ചത്: "നീ പറഞ്ഞത് കളവാണ്. അദ്ദേഹം മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്തിട്ടില്ല. ഭൂമിയിൽ ആധിപത്യം സ്ഥാപിക്കുന്നതുവരെ അദ്ദേഹം മരിക്കില്ല."

ഈ വിശ്വാസം പിന്നീട് ശിയാക്കളിൽ വേരോടി. തങ്ങളുടെ ഇമാമുമാരിലേക്കും അവർ ഇത് ചേർത്തുവച്ചു. കൈസാനിയ വിഭാഗം തങ്ങളുടെ ഇമാം മുഹമ്മദുബ്നുൽ ഹനഫിയ്യ മരണപ്പെട്ടിട്ടില്ല, മറിച്ച് റിദ്‌വ മലനിരകളിൽ ബന്ധിതനാണ് എന്നും അവസാന നാളിൽ അദ്ദേഹം വരുമെന്നും വിശ്വസിക്കുന്നു. മുഹമ്മദിയ്യ വിഭാഗം തങ്ങളുടെ ഇമാം മുഹമ്മദുബ്നു അബ്ദുല്ലാഹിബ്നിൽ ഹസൻ മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്തിട്ടില്ല എന്ന് വിശ്വസിക്കുന്നു. ഇതേവാദം തങ്ങളുടെ പന്ത്രണ്ടാമത്തെ ഇമാം എന്ന് പറയപ്പെടുന്ന ആളുടെ കാര്യത്തിലും ഇമാമിയ്യാക്കൾ വിശ്വസിച്ചുപോരുന്നു.

> **അവസാനകാലത്ത് ഇമാം മഹ്ദി വരുമെന്നുതന്നെയാണ് അഹ്‌ലുസ്സുന്നയുടെയും വിശ്വാസം. എന്നാൽ ശിയാക്കളുടെ മഹ്ദി ഇതല്ല, മറിച്ച് അവർ പന്ത്രണ്ടാമത്തെ ഇമാമായി കണക്കാക്കുന്ന ഹസനുബ്നു അലി അൽഅസ്കരിയാണ്. അദ്ദേഹം ചെറുപ്രായത്തിൽ തന്നെ മരണപ്പെട്ടുപോയി. എന്നാൽ അദ്ദേഹം മരണപ്പെട്ടിട്ടില്ല, മറിച്ച് മേഘപാളികളിൽ മറഞ്ഞിരിക്കുകയാണെന്നും അവസാന നാളിൽ അദ്ദേഹം യഥാർഥ ക്വുർആനുമായി വന്ന് ഭരണം നിർവഹിക്കുമെന്നും തങ്ങളുടെ മുഴുവൻ ഇമാമുമാരും നബിമാരും അദ്ദേഹത്തിനുകീഴിൽ അണിനിരക്കും എന്നും ഇവർ വിശ്വസിക്കുന്നു.**

അബ്ദുല്ലാഹിബ്നുസബഅ് തുടക്കമിട്ട ഈ ചിന്തയുടെ അനുരണനങ്ങൾ ആദ്യനൂറ്റാണ്ടുകളിൽ പെട്ട ചില ദുർബല ജനങ്ങളെ സ്വാധീനിച്ചു. എന്നാൽ ശിയാക്കൾ തങ്ങളുടെ ഇമാമുമാരായി ഗണിക്കുന്ന അലി ﵁യുടെ മക്കളും സന്തത പരമ്പരയിൽപെട്ട പലരുംതന്നെ നഖശിഖാന്തം അതിനെ വിമർശിച്ചതായി കാണാൻ കഴിയും.

ആസ്വിമുബ്നു ളംറ പറയുന്നു: "ഞാൻ ഹസൻ ഇബ്നു അലിയോട് ചോദിച്ചു: 'അലി﵁ മടങ്ങിവരുമെന്ന്, അദ്ദേഹത്തിന്റെ പക്ഷംചേർന്നു എന്ന് പറയപ്പെടുന്നവർ വാദിക്കുന്നുണ്ടല്ലോ' അദ്ദേഹം പറഞ്ഞു: 'അത് കളവാണ്. അവർ കളവു പറയുന്നവരാണ്' (മുസ്നദു അഹ്മദ്).

ശിയാക്കൾ നാലാം ഇമാമായി കണക്കാക്കുന്ന അലി സൈനുൽ ആബിദീൻ പറയുന്നു: "ബസ്വറയിൽനിന്ന് വന്ന ഒരു വ്യക്തി എന്റെ അരികിൽ വന്ന് പറഞ്ഞു: 'ഞാൻ ഹജ്ജോ ഉംറയോ നിർവഹിക്കാൻ വേണ്ടി വന്നതല്ല.' ഞാൻ ചോദിച്ചു: 'പിന്നെ എന്തിനാണ് താങ്കൾ വന്നത്?' അദ്ദേഹം പറഞ്ഞു: 'അലി﵁ എപ്പോഴാണ് പുനർജനിക്കുക എന്ന് നിങ്ങളോട് ചോദിക്കാനാണ് ഞാൻ വന്നത്.' ഞാൻ പറഞ്ഞു: 'അന്ത്യ ദിനത്തിലാണ് അലി﵁ പുനർജനിക്കുക" (മുഖ്തസ്വറു തുഹ്ഫതുൽ ഇസ്നാ അശരിയ്യ).

ഇക്കാര്യം ചോദിച്ചറിയാൻവേണ്ടി മാത്രം വലിയ ദൂരംതാണ്ടി വരണമെങ്കിൽ ഈ വിശ്വാസം അക്കാലത്തുതന്നെ ജനങ്ങൾക്കിടയിൽ എന്തുമാത്രം പ്രചരിപ്പിക്കപ്പെട്ടിട്ടുണ്ടാകും!

## മഹ്ദിയും ശിയാക്കളുടെ സ്വപ്നവും

മഹ്ദി കൊണ്ടുവരുന്ന ക്വുർആനിന്റെ അടിസ്ഥാനത്തിൽ ഭരണം സ്ഥാപിക്കുക, ഭൂമിയിൽ ആധിപത്യം സ്ഥാപിക്കുക, മുഴുവൻ ഇമാമുമാരും തിരിച്ചുവന്ന് ശിയാവിശ്വാസങ്ങൾക്ക് എതിരായി നിലകൊണ്ട ഭരണാധികാരികളെയും അവരുടെ അനുയായികളെയും ശിക്ഷിക്കുക... ഇതൊക്കെയാണ് അവസാന കാലഘട്ടത്തിൽ സംഭവിക്കാനിരിക്കുന്നത് എന്നതാണ് ശിയാക്കളുടെ സ്വപ്നം.

'അല്ലാഹുവേ, അദ്ദേഹത്തിന്റെ വരവ് പെട്ടെന്ന് സംഭവിപ്പിക്കണേ' എന്ന് ഈ സ്വപ്ന സാക്ഷാത്കാരത്തിനുവേണ്ടി ഓരോ ശിയാ വിശ്വാസിയും പ്രാർഥിച്ചുകൊണ്ടിരിക്കുന്നു. മഹ്ദിയുടെ പേര് ഉരുവിടുമ്പോഴെല്ലാം കൂടെ അവർ ഇത് ചൊല്ലിക്കൊണ്ടിരിക്കും. അദ്ദേഹത്തിന്റെ പേര് എഴുതുമ്പോൾ അറബി അക്ഷരങ്ങളായ 'അയിൻ, ജീം' എന്നിവ ഈ പ്രാർഥനയുടെ ചുരുക്കം എന്നോണം രേഖപ്പെടുത്തും.

## മഹ്ദിയുടെ ആദ്യപ്രവർത്തനം

മഹ്ദി വന്നാൽ ആദ്യം ചെയ്യുന്ന പ്രവർത്തനമായി ശിയാ ആചാര്യൻ മജ്ലിസി രേഖപ്പെടുത്തുന്നതിന്റെ ചുരുക്കം ഇങ്ങനെയാണ്: 'അദ്ദേഹം പ്രവാചകന്റെ ക്വബ്റിനരികിൽ വരും. അവിടെ തൊട്ടടുത്ത രണ്ട് ക്വബ്റുകൾ കാണുമ്പോൾ അവ ആരുടേതാണെന്ന് അന്വേഷിക്കും. അബൂബക്കറി﵁ന്റെയും ഉമറി﵁ന്റെയും ആണെന്ന് പറയപ്പെടുമ്പോൾ ആ രണ്ട് ക്വബ്റുകളും പിളർത്തി അവരെ പുറത്തെടുത്ത് രണ്ടു മരങ്ങളിലായി ക്രൂശിക്കും. അവർ രണ്ടുപേരുടെയും പാപങ്ങളുടെ ആധിക്യം കാരണം ആ രണ്ട് പച്ച മരങ്ങളും ഉണങ്ങിപ്പോകും.'

പല ശിയാ ഗ്രന്ഥങ്ങളിലും ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവാചക പത്നിയായ ആഇശ﵁ കൊണ്ടുവരപ്പെടുകയും അവർ കുറ്റാരോപിതയായ വിഷയത്തിൽ അന്ന് നടപ്പിൽ വരുത്താത്ത ശിക്ഷ ഇമാം മഹ്ദി നടപ്പിൽ വരുത്തുമെന്നും അവരെ എറിഞ്ഞുകൊല്ലുമെന്നും വരെ ഇവർ വിശ്വസിക്കുന്നു. (അല്ലാഹുവിൽ ശരണം).

ചിന്തിച്ചുനോക്കൂ! പ്രവാചകന്റെ ഉത്തമരായ മൂന്ന് സ്വഹാബിമാർ; സ്വർഗം ഉണ്ടെന്ന് സന്തോഷവാർത്ത അറിയിക്കപ്പെട്ടവർ... അവരെക്കുറിച്ചാണ് ഇവർ ഇത്തരം അസംബന്ധങ്ങൾ എഴുതിവിടുന്നത്. ക്വുർആനിലെ 24ാം സൂറത്തായ അന്നൂറിന്റെ അവതരണ പശ്ചാത്തലം തന്നെ ആഇശ﵁യുടെ പേരിൽ പ്രചരിക്കപ്പെട്ട കള്ളവാർത്തയാണ്. പ്രസ്തുത സൂറത്തിൽ ആ വ്യാജവാർത്തയുടെ യാഥാർഥ്യം വ്യക്തമാക്കുകയും കപടവിശ്വാസികളുടെ കുപ്രചാരണങ്ങളിൽനിന്ന് അവരുടെ നിരപരാധിത്വം വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. എന്നിട്ടും മുനാഫിക്വുകളെ (കപടൻമാരെ) പിന്താങ്ങുന്ന ശിയാക്കൾക്ക് ആരോടാണ് കൂടുതൽ താൽപര്യമെന്ന് മനസ്സിലാക്കാൻ ഇതിലധികം എന്തു തെളിവ് വേണം?

അഹ്ലുസ്സുന്നയുടെ ഭരണാധികാരികളെ അംഗീകരിച്ച ഓരോരുത്തരെയും തിരിച്ചുകൊണ്ടുവന്ന് അവർക്കെതിരിൽ ശിക്ഷ നടപ്പാക്കുവാനാണ് ഇവർ ആഗ്രഹിക്കുന്നത്!

അഹ്ലുസ്സുന്നയും ശിയാക്കളും തമ്മിലുള്ള വ്യത്യാസം കേവലം അഭിപ്രായഭിന്നതയാണെന്ന വിചാരം ആർക്കെങ്കിലുമുണ്ടെങ്കിൽ അത് തിരുത്തുവാൻ ഈ തെളിവുകൾ തന്നെ ധാരാളം. ശിയാ വിശ്വാസങ്ങൾ ഓരോന്നും ബന്ധപ്പെട്ടുകിടക്കുന്നത് ജൂതവിശ്വാസങ്ങളുമായിട്ടാണ്. അവിടെനിന്ന് തന്നെയാണല്ലോ ഇതിന്റെ ഉത്ഭവവും!

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# അബുൽആസ്വി(റ)ന്റെ ചരിത്രത്തിൽനിന്ന്

ഉപ്പ രാവിലെ പത്രം വായിച്ചിരിക്കുമ്പോഴാണ് ബിലാൽ അരികിൽ ചെന്നത്.

ബിലാൽ: "അസ്സലാമു അലൈക്കും ഉപ്പാ."

ഉപ്പ: "വ അലൈക്കുമുസ്സലാം വ റഹ്മതുത്താഹി വ ബറകാതുഹു."

ബിലാൽ: "സ്വഹാബിമാരുടെ കഥ പറഞ്ഞുതരാൻ ഇന്ന് ഉപ്പാക്ക് സമയമുണ്ടാകുമോ?"

ഉപ്പ: "നിനക്ക് താൽപര്യമെങ്കിൽ ഉപ്പ അതിന് സമയം കണ്ടെത്തും മോനേ, കടയിലേക്ക് പോകുംമുമ്പ് ഉപ്പ പറഞ്ഞുതരാം. അതിനുമുമ്പ് ഞാനീ പത്രമൊന്ന് വായിച്ചുതീർക്കട്ടെ. ബാസിമ എവിടെ? അവളെയും വിളിക്കൂ."

ബിലാൽ: "അവൾ അടുക്കളയിൽ ഉമ്മാനെ സഹായിക്കുകയാ. അബ്ദുർറഹ്മാനുബ്നു ഔഫി(റ)ന്റെ ചരിത്രം കേൾക്കാൻ അവളുണ്ടായിരുന്നില്ലല്ലോ. ഇന്നലെ അമ്മാവന്റെ വീട്ടിൽനിന്ന് അവൾ തിരിച്ചുവന്ന ശേഷം ഉപ്പ പറഞ്ഞുതന്ന ചരിത്രമെല്ലാം അവൾക്ക് ഞാൻ പറഞ്ഞുകൊടുത്തിട്ടുണ്ട്."

ഉപ്പ: "മിടുക്കൻ. ഇങ്ങനെ വേണം നല്ല കുട്ടികൾ. ഒരാൾക്ക് നാം അറിവു പകർന്നുകൊടുക്കുമ്പോൾ നമ്മുടെ മനസ്സിൽ അത് കൂടുതൽ പതിഞ്ഞുകിടക്കും."

ബിലാൽ: "അതു ശരിയാണ് ഉപ്പാ. ഞാൻ കുറച്ചു സമയം കഴിഞ്ഞു വരാം."

(കുറച്ചു സമയം കഴിഞ്ഞപ്പോൾ ബിലാലും ബാസിമയും സലാം പറഞ്ഞുകൊണ്ട് ഉപ്പയുടെ മുന്നിലെത്തി).

സലാം മടക്കിക്കൊണ്ട് ഉപ്പ പറഞ്ഞു: "രണ്ടു പേരും ചരിത്രകഥ കേൾക്കാൻ തയ്യാറായി വന്നിരിക്കുകയാണോ?"

ബിലാലും ബാസിമയും ഒന്നിച്ചു പറഞ്ഞു: "അതെ."

ഉപ്പ: "ഇന്ന് അബുൽആസ്വുബ്നു റബീഅ(റ)യുടെ ചരിത്രമാണ് പറയാൻ പോകുന്നത്."

ബാസിമ: "ഈ പേര് ഞാൻ ആദ്യമായി കേൾക്കുകയാ."

ബിലാൽ: "ഞാനും."

ഉപ്പ: "അബുൽആസ്വി(റ)ന്റെ ചരിത്രം പറഞ്ഞുതരും മുമ്പ് എനിക്ക് ചില കാര്യങ്ങൾ നിങ്ങൾ പറഞ്ഞുതരണം."

ബാസിമ: "ഞങ്ങൾ എന്തു പറഞ്ഞുതരാനാ?"

ബിലാൽ: "അതെ."

ഉപ്പ: "മറ്റൊന്നുമല്ല; അബ്ദുർറഹ്മാനുബ്നു ഔഫി(റ)ന്റെ ചരിത്രം ബിലാലിനു ഞാൻ പറഞ്ഞുതന്നിരുന്നുവല്ലോ. ബിലാൽ അത് ബാസിമക്കും പറഞ്ഞുതന്നിട്ടുണ്ട്."

(ബിലാലും ബാസിമയും ഒന്നും മനസ്സിലാകാതെ പരസ്പരം നോക്കുന്നു).

ബിലാൽ: "അതെ, അതു ശരിയാണ്."

ഉപ്പ: "എങ്കിൽ നിങ്ങളുടെ മനസ്സിൽ ആ ചരിത്രം സൂക്ഷിച്ചുവച്ചിട്ടുണ്ടോ എന്നറിയാൻ അതിൽനിന്ന് ഒന്നുരണ്ടു ചോദ്യങ്ങൾ ഞാൻ ചോദിക്കും. നിങ്ങൾ ഉത്തരം പറയണം."

ബിലാൽ: "ഞാൻ റെഡി."

ബാസിമ: "ഞാൻ ഉറപ്പു പറയില്ല. ബിലാലിക്ക പറഞ്ഞുതന്നതിൽ അതുണ്ടെങ്കിൽ ഞാൻ പറയാം."

ഉപ്പ: "ശരി, എന്നാൽ ചോദിക്കട്ടെ. ആദ്യം ബിലാലിനോടാണ്."

ബിലാൽ: "ചോദിച്ചോളൂ."

ഉപ്പ: "മക്കയിൽനിന്ന് മദീനയിൽ ഹിജ്റ ചെയ്തെത്തിയ മുസ്‌ലിംകൾ ഏതു പേരിൽ അറിയപ്പെടുന്നു?"

ബിലാൽ: "മുഹാജിറുകൾ."

ഉപ്പ: "മാശാ അല്ലാഹ്. ഉത്തരം ശരിയാണ്. അടുത്ത ചോദ്യം ബാസിമയോടാണ്."

ബാസിമ: "ചോദിച്ചോളൂ ഉപ്പാ."

ഉപ്പ: അബ്ദുർറഹ്മാനുബ്നു ഔഫ് അബ്സീനിയയിലേക്ക് എത്ര തവണ ഹിജ്റ പോയിട്ടുണ്ട്?"

ബാസിമ: "രണ്ടു തവണ."

ഉപ്പ: "ഉത്തരം ശരിയാണ്. കൂടുതൽ ചോദിക്കുന്നില്ല. ഇനി നമുക്ക് അബുൽആസ്വി(റ)ന്റെ ചരിത്രത്തിൽനിന്ന് അൽപം മനസ്സിലാക്കാം."

ബിലാലും ബാസിമയും ആ ചരിത്രകഥ കേൾക്കാൻ ആകാംക്ഷയോടെ ഉപ്പയുടെ മുന്നിലിരുന്നു.

**(തുടരും)**



അലി ചെമ്മാട്
alichemmad@gmail.com

ലേഖനം

കേരളീയ യുക്തിവാദം: ചരിത്രം, വർത്തമാനം, ധാർമികത 2

# കേരളത്തിലെ നാസ്തിക സന്ദേഹങ്ങൾ

നമുക്ക് യുക്തിവാദത്തിലേക്ക് തന്നെ ശ്രദ്ധതിരിക്കാം. യുക്തിവാദം അതിന്റെ ഒന്നാം തീയതി മുതൽ സ്വന്തം യുക്തിവാദ ആദർശം പറഞ്ഞിട്ടില്ല. ഇന്നും പറയുന്നില്ല. യുക്തിവാദം ശ്രദ്ധിക്കുന്ന ആർക്കും അക്കാര്യം ബോധ്യമാണ്. അവർ മറ്റുള്ള ആദർശങ്ങളെയും വിശ്വാസങ്ങളെയും മതങ്ങളെയും വിമർശിക്കാനും എതിർക്കാനും തകർക്കാനും മാത്രമെ മിനക്കെടാറുള്ളു. അതിന്റെ ചരിത്രവും അടിസ്ഥാന പാഠപുസ്തകം (യുക്തിദർശനം) പറയുന്നു: “പത്രത്തിലൂടെ ആദ്യം വെളിച്ചംകണ്ട യുക്തിവാദ ലേഖനം എം.പി.വർക്കി എഴുതിയ 'യഥാർഥ ക്രിസ്തു' എന്നതാണ്. ഈ ലേഖനം പ്രസിദ്ധീകരിച്ചത് 'സഹോദരൻ' പത്രത്തിൽ ആയിരുന്നു. 'സഹോദരൻ' ആണ് ആദ്യമായും ലെനിന്റെ ചിത്രം പ്രസിദ്ധീകരിച്ചതും ലെനിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും മറ്റും കൂടുതൽ കാര്യങ്ങൾ വിവരിച്ചതും. എന്നുതന്നെയല്ല ലോ

കപ്രശസ്ത അമേരിക്കൻ യുക്തിവാദിയായിരുന്ന ഇംഗർസോളിന്റെ ചിത്രവും ജീവചരിത്രവും പ്രസിദ്ധീകരിച്ചതിന് പുറമെ 'മോസസിന്റെ തെറ്റുകൾ,' 'നരകം,' ദൈവങ്ങൾ' തുടങ്ങിയ ചില ലേഖനങ്ങളും 'സഹോദര'നിലൂടെ അന്ന് പ്രകാശിതമായി."[10]

കാര്യം വളരെ വ്യക്തമാണ്! യുക്തിവാദികളും കമ്യൂണിസ്റ്റുകളും ചരിത്രത്തിലെവിടെയും അവരുടെ വ്യക്തമായ ആദർശവും മേൽവിലാസവും രേഖപ്പെടുത്തിയിട്ടില്ല. ഇംഗർസോളിനെ വിക്കി പരിചയപ്പെടുത്തുന്നു: "തന്റെ ഓർമയിൽ മാത്രം അധിഷ്ഠിതമായ ആ വാഗ്ധോരണി ചില സമയത്ത് മണിക്കൂറുകൾ കടന്നിരുന്നു... അദ്ദേഹത്തിന്റെ മിക്ക പ്രസംഗങ്ങളും മതവിമർശനങ്ങളായിരുന്നു. അന്നത്തെ പത്രമാധ്യമങ്ങൾ അദ്ദേഹത്തെ അതിനിശിതമായി വിമർശിച്ചിരുന്നു."[11]

ഇത് കേരളത്തിലെ മാത്രം പ്രശ്നമല്ല. ലോകത്ത് എന്നായാലും എവിടെയായാലും നാസ്തികർക്ക് അവരുടെ ആദർശം പറയാറില്ല. പകരം സമൂഹത്തിൽ ജീവിക്കുന്ന ആശയങ്ങളെയും ആദർശങ്ങളെയും മതങ്ങളെയും വിശ്വാസങ്ങളെയും ചോദ്യം ചെയ്യുക, അപഹസിക്കുക എന്നതു മാത്രമാണ് യുക്തിവാദ ആദർശങ്ങൾ. ഇക്കാര്യം ചാർവാകന്മാർ മുതൽ ഇന്നുവരെയുള്ള ഭൗതികവാദികളുടെയും നാസ്തികരുടെയും ചരിത്രം പരിശോധിച്ചാൽ ബോധ്യമാകും. ഇവർ പറയുന്ന, എഴുതുന്ന കാര്യങ്ങളെക്കുറിച്ച് ചർച്ചയിലേക്ക് വന്നാൽ അത് പറഞ്ഞയാളുടെ, എഴുതിയവന്റെ സ്വന്തം അഭിപ്രായം ആണെന്നു പറഞ്ഞ് ഒഴിഞ്ഞുമാറുകയും ചെയ്യും.

1917ൽ റഷ്യൻ വിപ്ലവത്തിന്റെ ആവേശത്തള്ളലിൽ നാസ്തിക, കമ്യൂണിസ്റ്റ് ചിന്താധാരകൾക്ക് കേരളത്തിൽ വേരോടിത്തുടങ്ങിയിരുന്നുവെങ്കിലും അതിനുവേണ്ടി മാത്രം ഒരു കൂട്ടം ഉണ്ടാകാൻ വീണ്ടും പത്തു വർഷങ്ങൾ എടുത്തു. അവർ ആദ്യമായി ഒത്തുകൂടിയത് കോഴിക്കോടാണ്. യുക്തിദർശനം പറയുന്നു: "യുക്തിവാദാശയങ്ങൾക്ക് ഇങ്ങനെ കേരളത്തിൽ പ്രചാരം സിദ്ധിച്ചുതുടങ്ങിയപ്പോൾ യുക്തിവാദ പ്രചരണത്തിന് മാത്രമായി ഒരു പ്രസിദ്ധീകരണത്തിന്റെ ആവശ്യം കേരളത്തിലെ യുക്തിവാദികൾക്ക് ബോധ്യപ്പെട്ടു. അങ്ങനെ കേരളത്തിലെ പ്രമുഖ യുക്തിവാദികൾ, കോഴിക്കോട് മിതവാദി പത്രാധിപർ സി. കൃഷ്ണന്റെ വീട്ടിൽ സമ്മേളിച്ചു. ഈ സമ്മേളനമാണ് കേരളത്തിലെ യുക്തിവാദികളുടെ പ്രഥമ സമ്മേളനം. ഈ സമ്മേളനം യുക്തിവാദി എന്നൊരു മാസിക തുടങ്ങുവാൻ തീരുമാനിച്ചു."[12] മലയാളത്തിലെ ആദ്യത്തെ യുക്തിവാദ പ്രസിദ്ധീകരണം 'യുക്തിവാദി മാസിക' ആയിരുന്നു. 1929 സെപ്തംബറിൽ യുക്തിവാദിയുടെ പ്രഥമലക്കം സഹോദരൻ പ്രസ്സിൽ അച്ചടിച്ചു കൊച്ചിയിൽനിന്നും പ്രസിദ്ധപ്പെടുത്തി."[13]

പിന്നെയും ഏതാനും ചില പ്രസിദ്ധീകരണങ്ങൾ വന്നുപോയിക്കൊണ്ടിരുന്നു. ഇസ്ക്ര (ഇടമറുക്), യുക്തി (പി.കെ. മാധവൻ), നാസ്തികർ (സണ്ണി), തേരാളി (ഇടമറുക്, സനൽ ഇടമറുക്), യുക്തിവിചാരം (എ.വി. ജോസ്), പ്രഖ്യാപനം (പവിത്രൻ), യുക്തിയുഗം (ഇ.എ ജബ്ബാർ) തുടങ്ങിയവ വന്നുപോയവയാണ്. ഇപ്പോൾ 'യുക്തിരാജ്യം,' 'യുക്തിരേഖ' എന്നീ മാസികകൾ കേരളത്തിൽ ഇറങ്ങുന്നുണ്ട്.

### കേരളത്തിലെ യുക്തിവാദ സംഘങ്ങൾ

യുക്തിവാദിസംഘം എന്ന പേരിൽ നിലവിൽ മൂന്നെണ്ണമുണ്ട്; കേരള യുക്തിവാദിസംഘം, ഭാരതീയ യുക്തിവാദിസംഘം, യുക്തിവാദി സംഘം. കൂടാതെ നിർമുക്ത, കേരള ഫ്രീ തിങ്കേഴ്സ് ഫോറം, എസ്സൻസ് സയൻസ് ക്ലബ് തുടങ്ങി പ്രാദേശികമായും സംസ്ഥാന തലത്തിലും കുറെയേറെ സംഘങ്ങളും സംഘടനകളും യുക്തിവാദികളുടെതായി ഉണ്ട്. അതിശയം തോന്നുന്നുവെങ്കിലും കേരളത്തിലെ ഒരു നാസ്തിക മൊഴി ആയിരക്കണക്കിന് യുക്തിവാദി സംഘടനകൾ നിലവിലുണ്ടെന്നാണ്.

**"ലോകത്ത് എന്നായാലും എവിടെയായാലും നാസ്തികർക്ക് അവരുടെ ആദർശം പറയാനില്ല. പകരം സമൂഹത്തിൽ ജീവിക്കുന്ന ആശയങ്ങളെയും ആദർശങ്ങളെയും മതങ്ങളെയും വിശ്വാസങ്ങളെയും ചോദ്യം ചെയ്യുക, അപഹസിക്കുക എന്നതു മാത്രമാണ് യുക്തിവാദ ആദർശങ്ങൾ. ഇക്കാര്യം ചാർവാകന്മാർ മുതൽ ഇന്നുവരെയുള്ള ഭൗതികവാദികളുടെയും നാസ്തികരുടെയും ചരിത്രം പരിശോധിച്ചാൽ ബോധ്യമാകും. ഇവർ പറയുന്ന, എഴുതുന്ന കാര്യങ്ങളെക്കുറിച്ച് ചർച്ചയിലേക്ക് വന്നാൽ അത് പറഞ്ഞയാളുടെ, എഴുതിയവന്റെ സ്വന്തം അഭിപ്രായം ആണെന്നു പറഞ്ഞ് ഒഴിഞ്ഞുമാറുകയും ചെയ്യും."**

ഇവർ തമ്മിൽ ആശയപരമായി എന്തെങ്കിലും വ്യത്യാസമുണ്ടാകാൻ സാധ്യതയില്ല. ആശയപരമായി വ്യത്യാസം ഉണ്ടാകണമെങ്കിൽ ആദ്യമായി ആശയവും ആദർശവും ഉണ്ടാകേണ്ടതുണ്ട്. താൻപ്രമാണിത്തവും നേതാക്കൾ ആകാനുള്ള വ്യഗ്രതകളും പഴിചാരലുകളും പടലപിണക്കങ്ങളും സാമ്പത്തിക ആരോപണ പ്രത്യാരോപണങ്ങളും മാത്രമാണ് വ്യത്യാസങ്ങൾ.

മുമ്പ് ഇതുപോലെ കുറെ സംഘങ്ങളും സംഘടനകളും ജന്മംകൊണ്ട് മരിച്ചുപോയിട്ടുണ്ട്. അവരുടെയൊന്നും ചരിത്രവും രേഖകളും നേതാക്കൾ ആരെന്നും അറിയാൻ മാർഗമില്ല. രജിസ്റ്റർ ചെയ്ത ആദ്യത്തെ സംഘടന, 1935 നവംബർ പതിനൊന്നാം തീയതി രജിസ്റ്റർ ചെയ്ത 'യുക്തിവാദി സംഘം' ആണ്. അത് ഒന്നുരണ്ട് വർഷത്തിനുള്ളിൽ 'വീര'മൃത്യു വരിച്ചു. 30 വർഷങ്ങൾക്കു ശേഷം 1965ൽ 'കോഴിക്കോട് ജില്ലാ യുക്തിവാദി സംഘം' രൂപീകരിച്ചു. എന്നാൽ അതും ശൈശവത്തിൽ തന്നെ മൃതിയടഞ്ഞു. 1966ൽ തിരുവനന്തപുരത്തും ഇതുപോലെ ഒരു സംഘം (തിരുവനന്തപുരം യുക്തിവാദി സംഘം) ഉണ്ടാക്കി. അതും അധികം നിലനിന്നില്ല. കോട്ടയത്തും ഇത്തരം കൂട്ടായ്മ ഉണ്ടാക്കി കൂട്ടം തെറ്റിപ്പോയി. കോട്ടയത്ത് കൂട്ടംതെറ്റിയ കൂട്ടത്തിൽ ചിലർ കോട്ടയത്തുതന്നെ വീണ്ടും കൂട്ടംകൂടിയിരുന്നു. ഒന്നിന്റെ തലപ്പത്ത് എം.സി ജോസഫ്, മറ്റേതിന്റെ കടിഞ്ഞാൺ ഇടമറുകിന്.

സംഘടനാരൂപത്തിലല്ലെങ്കിലും തൃശൂരിൽ യുക്തിവിചാരം ജോസ് മുൻകൈയെടുത്ത് 1962 മുതൽ യുക്തിവാദക്കൂട്ടായ്മ നടത്തിയിരുന്നു. അദ്ദേഹം ഒരൽപം ആത്മാർഥതയുള്ള പാവമായിരുന്നു. മുപ്പത്താറു കൊല്ലത്തോളം തന്റെ യുക്തിവിചാരം മാസിക നടത്തി നിർത്തി ഒരു കൊല്ലത്തിനുശേഷം മരണപ്പെട്ടു. അദ്ദേഹത്തിന്റെ മരണം ഒരു വാർത്തപോലും ആയില്ല. അത്രയും സാധുവായിരുന്നു അദ്ദേഹം. ജോസിന്റെ കൂട്ടായ്മയാണ് നിലനിൽക്കുന്നതിൽ ഏറ്റവും പഴക്കമുള്ള കേരള യുക്തിവാദിസംഘത്തിന്റെ പിറവിയുടെ ഉത്തരവാദി. ജോസ് 1962 മുതൽ വർഷത്തിലൊരിക്കൽ തൃശൂരിൽ യുക്തിവാദി നേതാക്കളെ വിളിച്ചുവരുത്തി സൗഹൃദ സംഗമങ്ങൾ നടത്തിവന്നിരുന്നു. 1967 ഡിസംബറിൽ നടന്ന സംഗമമാണ് കേരള യുക്തിവാദി സംഘത്തിന്റെ ജനനത്തിലേക്ക് നയിച്ചത്.[14]

1970-83 കാലഘട്ടത്തിൽ ഇടമറുകും എം. സി ജോസഫും ചേർന്ന് തുടങ്ങിയ അടി പവനനിൽ എത്തി. ഇവർ രണ്ടു ചേരിയായി നിന്നു കലഹിച്ചതിന്റെ ബാക്കിപത്രമായി പിറന്നുവീണതാണ് 'ഭാരതീയ യുക്തിവാദി സംഘം.' 2012ൽ മലപ്പുറത്തുവച്ച് നടന്ന 'സ്വതന്ത്ര ലോകം 2012' ദേശീയ സെമിനാറിനോടനുബന്ധിച്ച് കേരളയുക്തിവാദിസംഘം നേതൃത്വവും ഇ.എ ജബ്ബാറും തമ്മിലുണ്ടായ വാക്കുതർക്കങ്ങളും തെറിവിളികളുമാണ് യുക്തിവാദിസംഘത്തിന്റെ രൂപീകരണത്തിലേക്കു നയിച്ചത്. ഇപ്പോൾ യഥാർഥത്തിൽ കേരളത്തിൽ മാത്രം, എത്ര യുക്തിവാദി സംഘങ്ങളും സംഘടനകളും കൂട്ടായ്മകളും ഉണ്ട് എന്ന് അവർക്കോ മറ്റുള്ളവർക്കോ അറിയില്ല. അത്രമാത്രം സംഘങ്ങളും സംഘടനകളും കൂട്ടായ്മകളും തമ്മിൽതല്ല് ഗ്രൂപ്പുകളും അവർക്കിടയിൽ ഉണ്ട്. എല്ലാവരുടെയും പ്രവർത്തനലക്ഷ്യവും മാർഗവും എല്ലാം ഒന്നുതന്നെ. എന്തിനു വേറിട്ടുനിൽക്കുന്നു എന്ന് വേറിട്ടവർക്കും അറിയില്ല. 'മതങ്ങൾ

**"'ലിറ്റ്മസ്' മാമാങ്കശേഷം മാത്രം നാസ്തികർക്കിടയിൽ നടന്നുകൊണ്ടിരിക്കുന്ന പിളർപ്പുകളും പഴിചാരലുകളും വിഴുപ്പലക്കലുകളും തുടർന്നുകൊണ്ടിരിക്കുന്നു. ഈ പതിമൂന്നാം തിയതി എം.എൻ കാരശ്ശേരി ഫെയ്സ്ബുക്കിൽ പറഞ്ഞ അവതാരികാ തട്ടിപ്പാണ് ഏറ്റവും ലേറ്റസ്റ്റ്. ലേറ്റായാൽ ലേറ്റസ്റ്റുകൾ വന്നുകൊണ്ടേയിരിക്കും. യുക്തിവാദി എഴുത്തുകാരനും പ്രാസംഗികനും സംവാദകനുമായ പി.എം അയ്യൂബ് മൗലവി, ഡി.സി പ്രസിദ്ധീകരിച്ച തന്റെ പുസ്തകത്തിന് കാരശ്ശേരിയുടെ പേരിൽ അദ്ദേഹത്തിന്റെ അറിവോ സമ്മതമോ ഇല്ലാതെ എഴുതിയ അവതാരികക്കെതിരെ വക്കീൽ നോട്ടീസയച്ചതും അയ്യൂബ് മാപ്പെഴുതിക്കൊടുത്ത് തടിയൂരിയതും സോഷ്യൽമീഡിയയിൽ വൈറലാണ്. മാത്രമല്ല മലയാള നാസ്തികതയുടെ ആൾദൈവത്തിന്റെ സംഘിസാമ്യത അവരിലെ പലരും തിരിച്ചറിയുകയും ചെയ്തിട്ടുണ്ട്. ആൾദൈവത്തിന്റെ ഗാന്ധിജി വിരുദ്ധ, ദേശീയഗാന വിരുദ്ധ, ഗോഡ്സെ കീർത്തനങ്ങൾ കേരളത്തിൽ അലയടിക്കുന്നു."**

മണ്ണടിയട്ടെ, മനുഷ്യർ ഒന്നാകട്ടെ,' 'മതമുപേക്ഷിക്കൂ മനുഷ്യരാകൂ' എന്നൊക്കെ പറഞ്ഞ് ആർത്തട്ടഹസിക്കുന്ന നാസ്തികർ കേരളത്തിൽ ആയിരം കഷ്ണങ്ങളായി എന്നത് എന്താണ് വ്യക്തമാക്കുന്നത്? അവർ മനുഷ്യരല്ല. അതുകൊണ്ട് അവർ പറയുന്നത് മനുഷ്യരെ സംബന്ധിച്ചാണ്; അവരെക്കുറിച്ചല്ല എന്നാണ്. ഇതുപോലെ ഒരുപാട് മുദ്രാവാക്യങ്ങൾ അവർ കാലാകാലങ്ങളിൽ തരാതരം ഇറക്കാറുണ്ട്. 2019 ഒക്ടോബർ 6ന് കോഴിക്കോടുവച്ച് നടന്ന 'ലിറ്റ്മസ്' മാമാങ്കശേഷം മാത്രം നാസ്തികർക്കിടയിൽ നടന്നുകൊണ്ടിരിക്കുന്ന പിളർപ്പുകളും പഴിചാരലുകളും വിഴുപ്പലക്കലുകളും തുടർന്നുകൊണ്ടിരിക്കുന്നു. ഈ പതിമൂന്നാം തിയതി എം.എൻ കാരശ്ശേരി ഫെയ്സ് ബുക്കിൽ പറഞ്ഞ അവതാരികാ തട്ടിപ്പാണ് ഏറ്റവും ലേറ്റസ്റ്റ്. ലേറ്റായാൽ ലേറ്റസ്റ്റുകൾ വന്നുകൊണ്ടേയിരിക്കും. യുക്തിവാദി എഴുത്തുകാരനും പ്രാസംഗികനും സംവാദകനുമായ പി.എം അയ്യൂബ് മൗലവി ഡി.സി പ്രസിദ്ധീകരിച്ച തന്റെ പുസ്തകത്തിന് കാരശ്ശേരിയുടെ പേരിൽ അദ്ദേഹത്തിന്റെ അറിവോ സമ്മതമോ ഇല്ലാതെ എഴുതിയ അവതാരികക്കെതിരെ വക്കീൽ നോട്ടീസയച്ചതും അയ്യൂബ് മാപ്പെഴുതിക്കൊടുത്ത് തടിയൂരിയതും സോഷ്യൽമീഡിയയിൽ വൈറലാണ്. മാത്രമല്ല മലയാള നാസ്തികതയുടെ ആൾ ദൈവത്തിന്റെ സംഘിസാമ്യത അവരിലെ പലരും തിരിച്ചറിയുകയും ചെയ്തിട്ടുണ്ട്. ആൾദൈവത്തിന്റെ ഗാന്ധിജി വിരുദ്ധ, ദേശീയഗാന വിരുദ്ധ, ഗോഡ്സെ കീർത്തനങ്ങൾ കേരളത്തിൽ അലയടിക്കുന്നു.

യുക്തിവാദ ചരിത്രത്തിൽ പോസിറ്റീവായ ഒരു സന്ദേശവും കണ്ടിട്ടില്ല. "യുക്തിവാദി സംഘത്തിന്റെ ആഭിമുഖ്യത്തിൽ പഠനക്ലാസ്സുകളും ക്യാമ്പുകളും നടക്കുമ്പോൾ ശരിയായ റഫറൻസ് ഗ്രന്ഥങ്ങൾ കിട്ടാൻ അധ്യാപകർ വിഷമിക്കാറുണ്ട്. ഇതിനൊക്കെ പുറമെ യുക്തിവാദത്തെക്കുറിച്ചു സമഗ്രമായി മനസ്സിലാക്കുന്നതിന് സഹായിക്കുന്ന ഒരു പാഠപുസ്തകം, അടിസ്ഥാന ഗ്രന്ഥം എന്ന നിലയിൽ ലഭ്യവുമല്ല. യുക്തിദർശനം എന്ന ഈ പുസ്തകം ഈ കുറവ് ഒരുപരിധിവരെ നികത്താൻ പോന്നതാണ്."(15)

പുറംചട്ടയിലും മുഖവുരയിലും ഇങ്ങനെ പരിചയപ്പെടുത്തിയ 866 പേജുകളുള്ള ബൃഹദ്ഗ്രന്ഥത്തിൽ എന്തിനാണ് ഈ 'യുക്തിവാദം' എന്ന് വ്യക്തമാക്കുന്നില്ല. എന്തിനാണ് യുക്തിവാദമെന്ന് ഒരു ശീർഷകം ഉണ്ട്. അതിൽ എന്താണ് പറഞ്ഞതെന്ന് അതെഴുതിയ ആൾക്ക് പോലും മനസ്സിലായിക്കാണും എന്ന് തോന്നുന്നില്ല. ആ തലക്കെട്ടും ലേഖനവും പൂർണമായി പകർത്തുന്നു. ഒട്ടും കൂട്ടാതെ കുറക്കാതെ.

### 'എന്തിനാണ് യുക്തിവാദം?'

തത്വശാസ്ത്രത്തിന്റെ ചരിത്രം യുക്തിവാദത്തിന്റെ ചരിത്രവുമാണ്. ഗ്രീസിലെ ഡമോക്രിറ്റസ്, അരിസ്റ്റോട്ടിൽ, സോക്രട്ടീസ് മുതൽ ഇന്ത്യയിലെ ചാർവാകൻ, കണാദൻ, കപിലൻ, ബുദ്ധൻ മുതലായവരുടെ ദർശനങ്ങൾ യുക്തിവാദവുമായി ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ബന്ധപ്പെട്ടതാണ്. ഫ്യൂഡലിസത്തിന്റെ പിന്നീട് മുതലാളിത്തത്തെയും ഇങ്ങനെ സാമ്രാജ്യത്വത്തെയും നിലനിർത്തിയ ആശയവാദ അടിത്തറക്കെതിരെയാണ് യുക്തിവാദത്തിന്റെ കാഴ്ചപ്പാടുകൾ വികസിച്ചത്. മധ്യകാലഘട്ടത്തിലെ നവോത്ഥാനം യുക്തിവാദത്തിൽ അധിഷ്ഠിതമായിരുന്നു. ആസ്തികത്വം നാസ്തികത്വവും തദ്വാരായുക്തിവാദവും ആരംഭിച്ചു."(16)

ഇത് ഒരു ശീർഷകം ആണ്. അപ്പുറത്ത് 'സമരോത്സുക യുക്തിവാദം' എന്ന തലക്കെട്ട്. ഇതിനപ്പുറത്ത് 'മതത്തിനെതിരായ സമരം' എന്ന തലവാചകവും. തലക്കെട്ട് യുക്തിവാദം എങ്ങനെ ആരംഭിച്ചു എന്നായിരുന്നുവെങ്കിൽ മനസ്സിലാക്കാം. 866 പേജ്, പാഠപുസ്തകമാണ്, അടിസ്ഥാന ഗ്രന്ഥമാണ് എന്നെല്ലാം മഹത്വപ്പെടുത്തി അച്ചടിച്ചുവന്നിട്ട് അതിൽ യുക്തിവാദം എന്താണെന്നോ എന്തിനാണെന്നോ വിവരിക്കാൻ കഴിഞ്ഞില്ല എങ്കിൽ പിന്നെ എന്താണ്, എന്തിനാണ് യുക്തിവാദം? സ്വന്തമായി എന്തെങ്കിലും ആദർശം ഉണ്ടെങ്കിൽ അത് ആരുടെ മുമ്പിലും പറയാൻ നട്ടെല്ലും തന്റേടവും ഉണ്ടാകും. അതില്ലാത്തതുകൊണ്ട് എന്തെങ്കിലും പിച്ചും പേയും പറയുകയല്ലാതെ മാർഗമില്ല. എന്നാൽ മുമ്പും ശേഷവുമുള്ള ശീർഷകങ്ങൾ യുക്തിവാദം എന്താണെന്ന് വ്യക്തമാക്കുന്നുണ്ട്. 1. 'സമരോത്സുക യുക്തിവാദം.' കണ്ടതിനു കണ്ടവരോടൊക്കെ കലഹിച്ചു പോരടിക്കുക. 2. 'മതത്തിനെതിരായ സമരം.' മതത്തിനെതിരെ അക്രമം അഴിച്ചുവിടുക. ഇതാണ് യുക്തിവാദത്തിന്റെ ലക്ഷ്യം.

### റഫറൻസ്:

10. യുക്തിദർശനം പേജ് 767.

11. https://ml.wikipedia.org/wiki/റോബർട്ട് ബഗ്രീൻ ഇംഗർസോൾ.

12. യുക്തിദർശനം, പേജ് 768.

13. യുക്തിർശനം, പേജ് 769.

14. യുക്തിദർശനം, പേജ് 768-785.

15. യുക്തിദർശനം, പേജ് 5. (മുഖവുര), പുറംചട്ട.

16. യുക്തിദർശനം, പേജ് 742.

ടി.കെ.അശ്റഫ്
tkashraf100@gmail.com

ലേഖനം




# കോവിഡ് പ്രോട്ടോകോളും മരണാനന്തര ചടങ്ങുകളും

**കോ**വിഡ് 19 ലോകത്ത് നാശംവിതച്ച് മുന്നോട്ടു കുതിച്ചുകൊണ്ടിരിക്കുകതന്നെയാണ്. ചില രാജ്യങ്ങളിൽ അത് ഒരു പരിധിവരെ നിയന്ത്രണവിധേയമായിട്ടുണ്ടെങ്കിലും ഇന്ത്യയടക്കമുള്ള അനേകം രാജ്യങ്ങളിൽ പടർന്നുപിടിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാവരുടെയും കണക്കുകൂട്ടൽ കോവിഡിന്റെ കാര്യത്തിൽ തെറ്റിയിട്ടുണ്ട് എന്ന് വ്യക്തമാണ്.

ലോകത്ത് ലക്ഷക്കണക്കിനാളുകൾ കോവിഡ് ബാധിച്ച് മരണപ്പെട്ടുകഴിഞ്ഞു. പുതുതായി ഓരോദിവസവും ഒട്ടേറെ പേർ രോഗബാധിതരാകുന്നുണ്ട്, ഭൂരിഭാഗം പേർക്കും രോഗവിമുക്തി ലഭിക്കുന്നുമുണ്ട്. ആരോഗ്യമുള്ളവരിൽ വലിയ ബുദ്ധിമുട്ടൊന്നുമുണ്ടാക്കാതെ കോവിഡ് പിൻമാറുമ്പോൾ വൃദ്ധരും പലവിധ രോഗങ്ങൾ ഉള്ളവരുമായ ആളുകളെ ഗുരുതരാവസ്ഥയിലെത്തിക്കുകയോ മരണത്തിലേക്ക് നയിക്കുകയോ ചെയ്യുന്നുണ്ട്.

നമ്മുടെ സംസ്ഥാനത്ത് കോവിഡിന്റെ ആരംഭത്തിൽ രോഗംപിടികൂടിയവർക്ക് മുന്തിയ പരിഗണനയും മികച്ച പരിചരണവും ലഭിച്ചിരുന്നു. എന്നാൽ രോഗികളുടെ എണ്ണം ക്രമാതീതമായി ഉയർന്നപ്പോൾ ആ അവസ്ഥക്ക് മാറ്റംവന്നു എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഗുരുതരാവസ്ഥയിലുള്ള കോവിഡ് രോഗികളെ പരിചരിക്കുക എന്നത് ഒരു വെല്ലുവിളി തന്നെയാണ്. എന്നാൽ ഉത്തരവാദപ്പെട്ടവർ എല്ലാവിധ സുരക്ഷാസംവിധാനങ്ങളും സ്വീകരിച്ച് അവരെ പരിചരിക്കുക എന്നത് ബാധ്യതയല്ലേ? ആശുപത്രിയിൽ നിന്നും ഡിസ്ചാർജുചെയ്യപ്പെട്ട ഒരു രോഗി പുഴുവരിക്കുന്ന അവസ്ഥയിലായിരുന്നു എന്ന വാർത്ത കണ്ട് നാമൊക്കെ വേദനിച്ചുവല്ലോ. കോവിഡ് രോഗികളെ വേണ്ടവിധം പരിചരിക്കാനും അവരുടെ ശരീരം ശുദ്ധിയാക്കുവാനും രോഗപ്പകർച്ച ഭയന്ന് ഉത്തരവാദപ്പെട്ടവരിൽ ചിലരെങ്കിലും മടികാണിക്കുന്നു എന്നല്ലേ ഈ സംഭവം നൽകുന്ന സൂചന?

വേണമെങ്കിൽ രോഗിയുടെ ഒരു ബന്ധുവിന് പി.പി.ഇ കിറ്റു ധരിച്ച് രോഗിക്ക് കൂട്ടിരിക്കാൻ സർക്കാർ അനുവാദം നൽകുന്നുണ്ട്. അത് എത്രത്തോളം പ്രാവർത്തികമാക്കുന്നുണ്ട് എന്നും ബന്ധുക്കൾ അതിന് തയ്യാറാകുന്നുണ്ടോ എന്നും പരിശോധിക്കേണ്ടതുണ്ട്.

ഒരു ഉറ്റ ബന്ധുവിന്റെ മരണം; അത് ഏതുവിധത്തിലായാലും ആരെയും സങ്കടപ്പെടുത്തുന്നതാണ്. മരണപ്പെട്ടു കഴിഞ്ഞാൽ പിന്നെ പരേതനുവേണ്ടി ചെയ്യാൻ കഴിയുന്നത് മാന്യമായ അന്തിമ ചടങ്ങളുകളാണ്. ഓരോ മതവിഭാഗത്തിനും പ്രത്യേകമായ മരണാനന്തര ചടങ്ങളുകളുണ്ട്. അത് അപ്രകാരം ചെയ്താലേ മരണപ്പെട്ട വ്യക്തിയുടെ ബന്ധുക്കളുടെ മനസ്സിന് തൃപ്തിയും സമാധാനവും ലഭിക്കുകയുള്ളൂ. ഒരു മുസ്‌ലിം മരണപ്പെട്ടാൽ മൃതദേഹത്തെ ഇസ്‌ലാം പഠിപ്പിക്കുന്ന രീതിയിൽ കുളിപ്പിക്കേണ്ടതുണ്ട്. ഇസ്‌ലാം പഠിപ്പിച്ച രീതിയിൽ തുണിയിൽ പൊതിയേണ്ടതുണ്ട് അഥവാ കഫൻ ചെയ്യേണ്ടതുണ്ട്. മരണപ്പെട്ടയാൾക്കുവേണ്ടി പ്രാർഥിക്കുന്ന പ്രത്യേക നമസ്‌കാരം നിർവഹിക്കേണ്ടതുണ്ട്. മറവു ചെയ്യേണ്ടതുണ്ട്. അന്നേരം ചുറ്റുംനിന്ന് പ്രാർഥിക്കേണ്ടതുണ്ട്. കോവിഡ് ബാധിച്ച് മരണപ്പെട്ട മുസ്‌ലിംകൾക്ക് ഇപ്പറഞ്ഞ രീതിയിലുള്ള അന്തിമ ചടങ്ങുകളിൽ ചിലത് ലഭിക്കാതെ യാത്രയാകേണ്ടിവരുന്നു എന്നത് വേദനാജനകമായ കാര്യമാണ്. കോവിഡ് പ്രോട്ടോകോളിന്റെ പേരിൽ മൃതദേഹത്തെ കുളിപ്പിക്കുവാനം കഫൻ ചെയ്യുവാനും ബന്ധുക്കളെ അനുവദിക്കുന്നില്ല. എല്ലാം നടത്തി എന്നുപറഞ്ഞ് ബാഗിലാക്കി കൊണ്ടുവരികയാണ് ചെയ്യുന്നത്. ഇസ്‌ലാമിക രീതിയിൽ കുളിപ്പിക്കുകയും കഫൻ ചെയ്യുകയും ചെയ്തു എന്ന് ഉറപ്പാക്കാൻ ബന്ധുക്കൾക്ക് അവസരം ലഭിക്കുന്നില്ല. നമസ്‌കരിക്കുവാനും മറ്റും നാമമാത്രമായ അനുമതി നൽകുന്നുണ്ട് എന്ന കാര്യം വിസ്മരിക്കുന്നില്ല.

ലോകാരോഗ്യ സംഘടനയുടെ നിർദേശമാണ് തങ്ങൾ നടപ്പിലാക്കുന്നത് എന്നാണ് ബന്ധപ്പെട്ടവർ നൽകുന്ന വിശദീകരണം. എന്താണ് ലോകാരോഗ്യ സംഘടന ഈ വിഷയത്തിൽ നൽകുന്ന നിർദേശങ്ങൾ? കോവിഡ് 19 ബാധിച്ചു മരണപ്പെട്ട വ്യക്തിയുടെ മൃതശരീരം പരിപാലിക്കുന്നതിന് വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ നിർദേശിക്കുന്ന മാനദണ്ഡങ്ങൾ താഴെപ്പറയുന്നവ മാത്രമാണ്:

‘മൃതദേഹം കൈകാര്യം ചെയ്യുന്ന ആളുകൾ (മൃതദേഹം കുളിപ്പിക്കുക, മുടി വൃത്തിയാക്കുക, ക്ഷൗരം ചെയ്യുക, നഖം മുറിക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നവർ) ഗൗൺ, മാസ്‌ക്, ഗ്ലൗസ്, ഫെയ്‌സ് ഷീൽഡ് അല്ലെങ്കിൽ ഗോഗിൾസ് എന്നിവ അടങ്ങുന്ന പി.പി.ഇ കിറ്റ് ധരിക്കേണ്ടതാണ്. രോഗിയുടെ ശരീരത്തിലുള്ള മുഴുവൻ ട്യൂബുകളും നീക്കം ചെയ്യുക. ശരീരത്തിലെ ദ്വാരങ്ങളിലൂടെ സ്രവങ്ങൾ പുറത്തുവരുന്നത് തടയുക. (ഉദാ: മൂക്കിൽ പഞ്ഞി വെക്കുക).

മൃതശരീരവുമായി നേരിട്ട് ഇടപെടുന്ന സമയം പരമാവധി കുറയ്ക്കുക. മൃതശരീരം തുണികൊണ്ട് ചുറ്റിപ്പൊതിയുക. ബോഡിബാഗ് ഉപയോഗിക്കേണ്ട ആവശ്യമില്ല. ശരീരസ്രവങ്ങൾ അമിതമായി പുറത്തുവരുന്ന പ്രശ്നമുണ്ടെങ്കിൽ മാത്രം ബോഡിബാഗ് ഉപയോഗിക്കാം. മൃതദേഹം ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകുന്നതിനായി പ്രത്യേകം ട്രാൻസ്‌പോർട്ട് എക്യുപ്‌മെന്റ് സുകളോ പ്രത്യേകം വാഹനമോ ആവശ്യമില്ല. ബന്ധുക്കൾക്ക് മൃതദേഹം കാണുന്നതിന് വിരോധമില്ല. എന്നാൽ സ്പർശനവും ചുംബനവും ഒഴിവാക്കേണ്ടതാണ്. ഒരുമീറ്റർ അകലം പാലിക്കുക. 60 വയസ്സിന് മുകളിലുള്ളവർ, കുട്ടികൾ, രോഗികൾ എന്നിവർ മൃതദേഹവുമായി നേരിട്ട് അടുത്ത് ഇടപെടുന്നത് ഒഴിവാക്കേണ്ടതാണ്. മൃതദേഹ പരിപാലനവുമായി നേരിട്ട് ബന്ധപ്പെടുന്നവർ കൈകൾ നന്നായി സോപ്പിട്ട് കഴുകേണ്ടതാണ്.’

ഇത്രയേ ലോകാരോഗ്യ സംഘടന പറയുന്നുള്ളൂ. മരണപ്പെട്ടവർ മാന്യമായ മരണാനന്തര ചടങ്ങുകൾക്ക് അർഹരാണെന്ന് പ്രത്യേകം പറയുന്നുമുണ്ട്.

കോവിഡ് ബാധിച്ച് മരണപ്പെടുന്ന രോഗികൾക്ക് മാന്യമായ അന്തിമകർമങ്ങൾ ലഭിക്കുന്നില്ല എന്ന വ്യാപകമായ പരാതി സമൂഹത്തിലുണ്ട്. മരണപ്പെട്ട രോഗികളെ കുളിപ്പിക്കാതെ, മരണപ്പെട്ട അതേ അവസ്ഥയിൽ (പലപ്പോഴും മലമൂത്ര വിസർജനം നടത്തിയ അവസ്ഥയിൽ തന്നെ) ബോഡി ബാഗുകളിൽ കയറ്റുകയും ബന്ധുക്കൾക്ക് പോലും അവസാനമായി ഒന്നു കാണുവാൻ അവസരം നൽകാതെ 'കുഴിച്ചുമൂടുക'യും ചെയ്യുന്ന അവസ്ഥയുണ്ടാകുന്നത് ചിന്തിക്കുവാൻ പോലും കഴിയാത്തതാണ്. ലോകാരോഗ്യ സംഘടന നിർദേശിച്ചതല്ല ഇതൊന്നും.

കുഴിക്ക് പത്തടി ആഴം വേണമെന്ന് വാശിപിടിക്കുന്നത് ആരുടെ നിർദേശമനുസരിച്ചാണെന്നറിയില്ല. പത്തടി താഴ്ചയിലേക്ക് മൃതദേഹം ഇറക്കിവെക്കുക എന്നത് വളരെ പ്രയാസകരമായ കാര്യമാണ്.

ജീവിച്ചിരിക്കുന്ന ഒരു രോഗിയിൽ നിന്ന് മറ്റൊരാളിലേക്ക് വൈറസ് പകരുന്നതിനെക്കാൾ എത്രയോ സാധ്യത കുറവാണ് മൃതശരീരത്തിൽനിന്ന് മറ്റൊരാൾക്ക് വൈറസ് പകരുന്നത് എന്നിരിക്കെ മരണാനന്തര കർമങ്ങൾ നടത്തുന്നത് ശാസ്ത്രീയ മാനദണ്ഡങ്ങൾ പാലിച്ച് ബന്ധുക്കളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടാകണം എന്നാണ് നമ്മുടെ ആവശ്യം.

രോഗത്തെയും മരണത്തെയും നമുക്ക് തടയാനാവില്ല. രോഗബാധയും മരണവും തന്നെ ഒരു കുടുംബത്തെ അങ്ങേയറ്റം തളർത്തുന്നു. അതിനുശേഷം മാന്യമായി തങ്ങളുടെ മതാചാരം അനുസരിച്ച് സംസ്കരിക്കാനും സാധ്യമാകാതെ പോകുന്നത് എത്ര വലിയ മാനസികാഘാതമാണ് ഏൽപ്പിക്കുന്നത്! പ്രത്യേകിച്ച്, യാതൊരു അവധാനതയും ഇല്ലാതെ ജെ.സി.ബി ഉപയോഗിച്ച് കുഴിയിലേക്ക് കോരിയിട്ടുകൊണ്ടുള്ള മൃതദേഹ സംസ്കരണത്തിന്റെ ദൃശ്യങ്ങൾ (മറ്റു ചില സംസ്ഥാനങ്ങളിലോ രാജ്യങ്ങളിലോ നടന്നത്) കാണുകയോ അനുഭവസ്ഥരുടെ കുറിപ്പുകളിൽ നിന്ന് വായിക്കുകയോ ചെയ്യാൻ ഇടവരുമ്പോൾ മരിച്ചയാളുടെ ബന്ധുക്കളുടെ വേദനയ്ക്ക് തീപിടിക്കുമെന്നതിൽ സംശയമില്ല. പ്രോട്ടോകോൾ മനുഷ്യത്വപരമാകണം. ആശുപത്രി അധികൃതർ മുകളിൽ നിന്നുള്ള ഓർഡറാണെന്ന് പറഞ്ഞ് കൈമലർത്തുകയും ഓർഡർ ഇറക്കിയവർ കേന്ദ്രത്തെയും ലോകാരോഗ്യ സംഘടനയെയും പഴിചാരി ഉത്തരവാദിത്വത്തിൽനിന്ന് ഒഴിയുകയും ചെയ്യുന്ന രീതി ഉണ്ടാവരുത്. മാന്യമായ മൃതദേഹ സംസ്കരണം നിഷേധിക്കപ്പെടുന്നത് അതീവ ഗൗരവമുള്ള വിഷയമാണ്.

ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കിയ മുസ്‌ലിം സംഘടനകളും പണ്ഡിതന്മാരും സമയോചിതമായി രംഗത്തുവരികയും മുഖ്യമന്ത്രിക്കും ആരോഗ്യമന്ത്രിക്കും നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പത്രത്തിലൂടെ ഇക്കാര്യം പൊതുവായി അഭ്യർഥിക്കുകയും ചെയ്തു. മതസംഘടനകളുടെ നേതാക്കളും ജനപ്രതിനിധികളും മറ്റും ഉത്തരവാദപ്പെട്ടവരെ ഫോണിൽ വിളിച്ച് വിഷയത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തിയിട്ടുമുണ്ട്. വിഷയത്തിൽ ഇടപെട്ട് പെട്ടെന്ന് റിപ്പോർട്ട് സമർപ്പിക്കാൻ മുഖ്യമന്ത്രി ബന്ധപ്പെട്ടവർക്ക് നിർദേശം നൽകിയതായും അറിയുന്നു. ന്യൂനപക്ഷക്ഷേമ മന്ത്രിയും ഇക്കാര്യത്തിൽ ഇടപെടുമെന്ന് വ്യക്തമാക്കിയതായി കണ്ടു. കോവിഡ് പ്രോട്ടോകോളനുസരിച്ച് മൃതദേഹ സംസ്കരണ ചടങ്ങുകൾ നടത്താൻ ബന്ധുക്കൾക്ക് വിട്ടുകൊടുക്കാനുള്ള തീരുമാനം സർക്കാരിന്റെ ഭാഗത്തുനിന്ന് താമസിയാതെ ഉണ്ടാകുമെന്നു തന്നെയാണ് നമ്മുടെ പ്രതീക്ഷ.

പൂർണമായ പി.പി.ഇ കിറ്റ് ധരിച്ചുകൊണ്ട് മയ്യിത്ത് കുളിപ്പിക്കുവാനും കഫൻ ചെയ്യുവാനും മാന്യമായി ഖബ്റടക്കുവാനും തയ്യാറുള്ള യുവാക്കളുടെ കൂട്ടായ്മ പ്രാദേശിക അടിസ്ഥാനത്തിൽ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. (സർക്കാർ അനുമതി നൽകിയിട്ടും നമ്മുടെ അനാസ്ഥ കാരണം അത് നടക്കാതെ പോകുന്ന അവസ്ഥയുണ്ടാകാൻ പാടില്ലല്ലോ). കോവിഡ് രോഗം ബാധിച്ചതിനുശേഷം സുഖം പ്രാപിച്ചവരാണ് അതിന് ഏറ്റവും അനുയോജ്യർ. അവർ വൈറസിനെതിരെ രോഗപ്രതിരോധശേഷി നേടിയവരായതുകൊണ്ട് അവർക്ക് ധൈര്യസമേതം മുന്നിട്ടിറങ്ങാവുന്നതാണ്. (കോവിഡ് പ്രോട്ടോകോൾ അനുസരിച്ചായതിനാൽ അല്ലാത്തവരും രംഗത്തിറങ്ങാൻ ഭയപ്പെടേണ്ടതില്ല). ഇവർക്ക് ഇസ്‌ലാമിക രീതിയിലുള്ള ജനാസ സംസ്കരണത്തിനും കോവിഡ് ബാധിച്ച് മരണപ്പെട്ടവർക്കു നടത്തുന്ന ശാസ്ത്രീയമായ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനും പരിശീലനം നൽകേണ്ടതാണ്. എല്ലാ മുസ്‌ലിം സംഘടനകളും ഒന്നു മനസ്സുവെച്ചാൽ ഇത് നിഷ്പ്രയാസം സാധിക്കും.

ഡോ: ഹാഫിസ് ജലാലുൽഹഖ് സലഫി, ആമയൂർ
mail@nerpatham.com

ലേഖനം



# പരിശുദ്ധ ക്വുർആനിലെ ഉപമാലങ്കാരങ്ങളിലൂടെ

3

### നല്ലവാക്കിന്റെ ഉപമ

വിശിഷ്ടമായ വാക്കിനെയും ദുഷിച്ച വാക്കിനെയും അല്ലാഹു ഉപമിച്ചിരിക്കുന്നത് കാണുക:

"അല്ലാഹു നല്ല വചനത്തിന് എങ്ങനെയാണ് ഉപമ നൽകിയിരിക്കുന്നത് എന്ന് നീ കണ്ടില്ലേ? (അത്) ഒരു നല്ല മരംപോലെയാകുന്നു. അതിന്റെ മുരട് ഉറച്ചുനിൽക്കുന്നതും അതിന്റെ ശാഖകൾ ആകാശത്തേക്ക് ഉയർന്നുനിൽക്കുന്നതുമാകുന്നു. അതിന്റെ രക്ഷിതാവിന്റെ ഉത്തരവനുസരിച്ച് അത് എല്ലാ കാലത്തും അതിന്റെ ഫലം നൽകിക്കൊണ്ടിരിക്കും. മനുഷ്യർക്ക് അവർ ആലോചിച്ചു മനസ്സിലാക്കുന്നതിനായി അല്ലാഹു ഉപമകൾ വിവരിച്ചുകൊടുക്കുന്നു" (ക്വുർആൻ 14:24,25).

"ദുഷിച്ച വചനത്തെ ഉപമിക്കാവുന്നതാകട്ടെ, ഒരു ദുഷിച്ച വൃക്ഷത്തോടാകുന്നു. ഭൂതലത്തിൽനിന്ന് അത് പിഴു

തെടുക്കപ്പെട്ടിരിക്കുന്നു. അതിന്ന് യാതൊരു നിലനിൽപുമില്ല. ഐഹികജീവിതത്തിലും പരലോകത്തും സുസ്ഥിരമായ വാക്കുകൊണ്ട് സത്യവിശ്വാസികളെ അല്ലാഹു ഉറപ്പിച്ച് നിർത്തുന്നതാണ്. അക്രമകാരികളെ അല്ലാഹു ദുർമാർഗത്തിലാക്കുകയും ചെയ്യും...'' (ക്വുർആൻ 14:26-27).

ഏറ്റവും നല്ല വാക്ക് 'ലാഇലാഹ ഇല്ലല്ലാഹു'(ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല)വാണ്. അത് സ്വർഗത്തിന്റെ താക്കോലാണ്. അതിന്റെ ആശയം അറിയുകയും മരണം വരെ അതിനനുസരിച്ച് ജീവിതം ക്രമപ്പെടുത്തുകയും വേണം. എങ്കിൽ അത് സ്വർഗപ്രവേശനത്തിന് കാരണമായിത്തീരും.

ഇവിടെ ഏറ്റവും നല്ല വാക്കിനെ അല്ലാഹു ഉപമിച്ചിരിക്കുന്നത് ഏറ്റവും നല്ല വൃക്ഷത്തോടാണ്. സത്യവിശ്വാസവും അവിശ്വാസവും തമ്മിലുള്ള താരതമ്യമാണ് ഇവിടെ കാണാൻ കഴിയുന്നത്. സത്യവിശ്വാസിയുടെ പ്രത്യേകതയും സവിശേഷതയും അവിശ്വാസിയുടെ പ്രത്യേകതയും ഈ ഉപമയിലൂടെ അല്ലാഹു നമ്മെ പഠിപ്പിക്കുകയാണ്.

വേരുകൾ ആഴ്ന്നിറങ്ങിയ, ശക്തമായ കാറ്റടിച്ചാലും വീഴാതെ ഭൂമിയിൽ ഉറച്ചുനിൽക്കുന്ന ഒരു വൃക്ഷം; അതിന്റെ ശാഖകളാകട്ടെ അന്തരീക്ഷത്തിൽ പടർന്നുപന്തലിച്ച് നിൽക്കുന്നു. പറവകൾക്കും മനുഷ്യർക്കും മറ്റു ജീവികൾക്കുമെല്ലാം അത് എക്കാലവും തണലും ഫലങ്ങളും നൽകിക്കൊണ്ടിരിക്കുന്നു. ഉപകാരമേ അതിൽനിന്ന് എല്ലാവർക്കും ലഭിക്കുന്നുള്ളൂ.

മറ്റൊരു വൃക്ഷമുണ്ട്; അതിന്റെ വേരുകൾ ഭൂമിയുടെ മുകൾ ഭാഗത്തുമാത്രം പറ്റിപ്പിടിച്ച് നിൽക്കുന്നു. ചെറിയ കാറ്റിൽ തന്നെ അത് മറിഞ്ഞുവീണേക്കാം. അല്ലെങ്കിൽ അത് പിഴുതെടുക്കപ്പെട്ടിരിക്കുന്നു. അതിലെ ഫലങ്ങളാകട്ടെ ഭക്ഷ്യയോഗ്യമല്ലാത്തതുമാണ്. അപ്പോൾ അതിൽനിന്ന് ആർക്ക്, എന്ത് ഉപകാരം ലഭിക്കാനാണ്?

സത്യവിശ്വാസവും അവിശ്വാസവും തമ്മിലും, സത്യവിശ്വാസിയും അവിശ്വാസിയും തമ്മിലുമുള്ള ഒരു താരതമ്യമാണ് ഈ ഉപമകളിൽ പ്രധാനമായും അടങ്ങിയിരിക്കുന്നത്. അതായത്, സത്യവിശ്വാസിയുടെ വിശ്വാസം അചഞ്ചലവും സ്ഥിരപ്രതിഷ്ഠിതവുമായിരിക്കും. അവന്റെ പ്രവൃത്തികൾ അതിനു സാക്ഷ്യംവഹിക്കുകയും ചെയ്യും. അവന്റെ കർമങ്ങൾ അല്ലാഹുവിങ്കൽ സ്വീകാര്യമായതും ഇടമുറിയാതെ തുടർന്നുകൊണ്ടിരിക്കുന്നതുമായിരിക്കും. അവിശ്വാസിയുടെ അവിശ്വാസമാകട്ടെ, അടിയുറപ്പില്ലാത്തതും കർമങ്ങൾ ദുഷിച്ചതും ഉപയോഗ്യശൂന്യവുമായിരിക്കും എന്നു ചുരുക്കം.

നല്ല വാക്കുകളും സൽകർമങ്ങളും മുകളിലേക്ക് ഉയർന്നുപോകുന്നു. ക്വുർആൻ അക്കാര്യം വ്യക്തമാക്കുന്നു: "ആരെങ്കിലും പ്രതാപം ആഗ്രഹിക്കുന്നുവെങ്കിൽ പ്രതാപമെല്ലാം അല്ലാഹുവിന്റെ അധീനത്തിലാകുന്നു. അവങ്കലേക്കാണ് ഉത്തമ വചനങ്ങൾ കയറിപ്പോകുന്നത്. നല്ല പ്രവർത്തനത്തെ അവൻ ഉയർത്തുകയും ചെയ്യുന്നു. ദുഷിച്ച തന്ത്രങ്ങൾ പ്രയോഗിക്കുന്നതാരോ അവർക്ക് കഠിനശിക്ഷയുണ്ട്. അത്തരക്കാരുടെ തന്ത്രം നാശമടയുക തന്നെ ചെയ്യും'' (ക്വുർആൻ 35:10).

ഉത്തമമായ വചനങ്ങൾ അല്ലാഹുവിന്റെ സന്നിധിയിലേക്കാണ്, അല്ലെങ്കിൽ അവന്റെ രേഖയിലേക്കാണ് എത്തിച്ചേരുന്നത്. അതിനുമാത്രമെ നിലനിൽപുള്ളൂ. ബുദ്ധിയുള്ളവർ സ്വീകരിക്കേണ്ടത് എന്നും നിലനിൽക്കുന്നതിനെയാണ്. അതാണ് ശാശ്വതവിജയം.

ചുരുക്കത്തിൽ, നല്ലവചനം എന്നത് ഒരവസരത്തിലും മറിഞ്ഞുവീഴാത്ത, ശാഖകൾ പടർന്നുപന്തലിച്ച് നിൽക്കുന്ന, ഏതവസരത്തിലും പഴങ്ങൾ നൽകുന്ന ഒരു നല്ലവൃക്ഷം പോലെയാണ്. ഏതു പരീക്ഷണ ഘട്ടങ്ങളിലും പതറിപ്പോകാതെ, അചഞ്ചലമായി നിലനിൽക്കാൻ സത്യസാക്ഷ്യം സത്യവിശ്വാസികളെ സഹായിക്കുമെന്നർഥം.

### വിശ്വാസികൾക്ക് ഉദാഹരണം രണ്ടു മഹിളകൾ

അല്ലാഹുവിൽ അചഞ്ചലമായി വിശ്വസിച്ച, ജീവിതത്തിൽ വലിയ ത്യാഗങ്ങൾ ചെയ്ത രണ്ടു മഹതികളെക്കുറിച്ച് ക്വുർആൻ പറയുന്നുണ്ട്. ഒന്ന് ഫിർഔന്റെ ഭാര്യ ആസിയ(റ)യും മറ്റൊന്ന് ഇംറാന്റെ മകൾ മർയം ബീവി(റ)യും.

"സത്യവിശ്വാസികൾക്ക് ഒരു ഉപമയായി അല്ലാഹു ഫിർഔന്റെ ഭാര്യയെ എടുത്തുകാണിച്ചിരിക്കുന്നു. അവൾ പറഞ്ഞ സന്ദർഭം: എന്റെ രക്ഷിതാവേ, എനിക്കു നീ നിന്റെ അടുക്കൽ സ്വർഗത്തിൽ ഒരു ഭവനം ഉണ്ടാക്കിത്തരേണമേ. ഫിർഔനിൽനിന്നും അവന്റെ പ്രവർത്തനത്തിൽനിന്നും എന്നെ നീ രക്ഷിക്കേണമേ. അക്രമികളായ ജനങ്ങളിൽനിന്നും എന്നെ നീ രക്ഷിക്കുകയും ചെയ്യേണമേ'' (ക്വുർആൻ 66:11).

"തന്റെ ഗുഹ്യസ്ഥാനം കാത്തുസൂക്ഷിച്ച ഇംറാന്റെ മകളായ മർയമിനെയും (ഉപമയായി എടുത്ത് കാണിച്ചിരിക്കുന്നു). അപ്പോൾ നമ്മുടെ ആത്മചൈത

ന്യത്തിൽനിന്നു നാം അതിൽ ഊതുകയുണ്ടായി. തന്റെ രക്ഷിതാവിന്റെ വചനങ്ങളിലും ഗ്രന്ഥങ്ങളിലും അവൾ വിശ്വസിക്കുകയും അവൾ ഭയഭക്തിയുള്ളവരുടെ കൂട്ടത്തിലാവുകയും ചെയ്തു" (ക്വുർആൻ 66:12).

സത്യവിശ്വാസികൾക്ക് ഉദാഹരണമായി രണ്ടു വനിതകളെയാണ് അല്ലാഹു എടുത്തുപറയുന്നത് എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

ഏറ്റവും വലിയ സത്യനിഷേധിയും ദൈവധിക്കാരിയുമായ ഫിർഔന്റെ ഭാര്യ അന്ത്യനാൾവരെയുള്ള സത്യവിശ്വാസികൾക്ക് മാതൃകയാണെന്ന് അല്ലാഹു നമ്മെ അറിയിക്കുന്നതിൽ നമുക്കേറെ പഠിക്കാനുണ്ട്. സത്യനിഷേധിയുടെ ഭാര്യയായി എന്നതുകൊണ്ട് അവരുടെ സത്യവിശ്വാസത്തിന് ഒരു പോറലും സംഭവിച്ചില്ല. മർദനങ്ങൾ അവരുടെ വിശ്വാസത്തിന് മാറ്റുകൂട്ടുകയാണുണ്ടായത്. ആർ സത്യവിശ്വാസം സ്വീകരിച്ചുവോ അവർ സുരക്ഷിതരായി. ലൂത് വ് നബി(عليه السلام)യുടെയും നൂഹ് നബി(عليه السلام)യുടെയും ഭാര്യമാർ സത്യനിഷേധികളായി എന്ന കാരണത്താൽ നരകാവകാശികളായി എന്ന് ഈ വചനങ്ങൾക്കു തൊട്ടുമുമ്പിൽ പറയുന്നുണ്ട്. അവരെ സത്യനിഷേധികൾക്ക് ഉദാരണമായിട്ടാണ് അല്ലാഹു നമ്മെ പരിചയപ്പെടുത്തുന്നത്. ബന്ധത്തിന്റെ പേരിലല്ല വിശ്വാസത്തിന്റെ പേരിലാണ് അല്ലാഹു ആരെയും പരിഗണിക്കുക എന്ന് വ്യക്തം.

ഈസാ നബി(عليه السلام)യുടെ മാതാവായ മർയം(عليها السلام) സദ്വൃത്തയും ചാരിത്രം കാത്തുസൂക്ഷിക്കുകയും അല്ലാഹുവിന്റെ വിധിവിലക്കുകൾക്കനുസൃതമായി ജീവിതം പാകപ്പെടുത്തുകയും ചെയ്തവരാണ്. അക്കാരണത്താൽ അല്ലാഹുവിന്റെ വമ്പിച്ച അനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ അവർക്ക് സാധിക്കുകയും ചെയ്തു. അവരെയും സത്യവിശ്വാസികൾക്ക് ഉദാഹരണമായി അല്ലാഹു എടുത്തുപറയുന്നു.

ലോകാവസാനം വരെയുള്ള മുഴുവൻ സത്യവിശ്വാസികളും സത്യവിശ്വാസിനികളും ഈ മഹതികളുടെ ദൃഢവിശ്വാസം മാതൃകയാക്കണമെന്ന് അല്ലാഹു ഉണർത്തുകയാണ്.

ഈ ഉദാഹരണങ്ങൾ വിവാഹ ബന്ധവുമായി ബന്ധപ്പെടുത്തികൊണ്ടാണ് അല്ലാഹു പറഞ്ഞുതരുന്നത്. ഇതിൽ നാം പ്രത്യേകമായും ശ്രദ്ധിക്കേണ്ട മൂന്ന് കാര്യങ്ങൾ കാണാം. ഒന്ന്: നൂഹ്(عليه السلام), ലൂത്ത്(عليه السلام) എന്നിവർ പ്രവാചകന്മാരും ഭർത്താക്കന്മാരുമാണ് എന്നതുകൊണ്ട് അവരുടെ സത്യനിഷേധികളായ ഭാര്യമാർക്ക് യാതൊരു ഉപകാരവും ചെയ്യാൻ അവർക്ക് സാധിച്ചില്ല. രണ്ട്: ഫിർഔൻ ഏറ്റവും വലിയ സത്യനിഷേധിയായി എന്നതിനാൽ ഭാര്യയായ ആസിയ ബീവിയുടെ വിശ്വാസത്തിന് ഒരു കോട്ടവും സംഭവിച്ചില്ല. മൂന്ന്: ഭർത്താവില്ല എന്നതിനാൽ മർയം ബീവിക്ക് ഒരു ന്യൂനതയും സംഭവിച്ചില്ല.

സത്യവിശ്വാസവും സൽകർമങ്ങളും മാത്രമാണ് രക്ഷാമാർഗം. പ്രവാചകന്മാരുടെ അടുത്തവരും ബന്ധുക്കളുമായി എന്നതുകൊണ്ടൊന്നും ഒരു പ്രയോജനവും ഇല്ല, അല്ലാഹുവിന്റെ ശിക്ഷയിൽനിന്നും രക്ഷപ്പെടണമെങ്കിൽ ഓരോരുത്തരും അവനവന്റെ വിശ്വാസവും പ്രവർത്തനങ്ങളും നന്നാക്കണമെന്നു സാരം.

## ക്വുർആനിൽനിന്ന് തിരിഞ്ഞുകളയുന്നവരുടെ ഉപമ

പരിശുദ്ധ ക്വുർആൻ അല്ലാഹുവിന്റെ വചനമാണ്. ലോകത്തുള്ള എല്ലാ വചനങ്ങളെക്കാളും അത് ശ്രേഷ്ഠമാണ്. നമ്മുടെ നാവ് ഉച്ചരിക്കുന്നതിൽവച്ച് ഏറ്റവും ശ്രേഷ്ഠം ക്വുർആൻ പാരായണവും അതിന്റെ പഠനവും പഠിപ്പിക്കലുമാണ്. അതിനാൽ ക്വുർആൻ പാരായണത്തോട് നാം ഒരിക്കലും വിമുഖതകാണിക്കരുത്. ക്വുർആൻ പാരായണത്തിനും പഠനത്തിനും നാം സമയം കണ്ടെത്തുകതന്നെ വേണം.

ക്വുർആനിനെ വ്യാജമാക്കുകയും അംഗീകരിക്കാതിരിക്കുകയും അതിൽ നിന്ന് തിരിഞ്ഞുകളയുകയും ചെയ്ത ആളുകളെ സംബന്ധിച്ച് അല്ലാഹു പറയുന്നു:

"എന്നിരിക്കെ അവർക്കെന്തു പറ്റി? അവർ ഉൽബോധനത്തിൽനിന്ന് തിരിഞ്ഞുകളയുന്നവരായിരിക്കുന്നു. അവർ വിറളി പിടിച്ച കഴുതകളെപ്പോലിരിക്കുന്നു. സിംഹത്തിൽനിന്ന് ഓടിരക്ഷപ്പെടുന്ന (കഴുതകൾ)" (74:49-51).

ക്വുർആൻ പാരായണം ചെയ്യുന്നത് കേട്ടാൽ, ക്വുർആനിലെ ഉപദേശങ്ങളിലേക്കും നിർദേശങ്ങളിലേക്കും ക്ഷണിക്കപ്പെട്ടാൽ ചിലരിൽ പ്രകടമാകുന്ന അവസ്ഥ എന്താണ് എന്നാണ് ക്വുർആൻ വ്യക്തമാക്കുന്നത്. വേട്ടയാടിപ്പിടിക്കാൻ വന്ന സിംഹങ്ങളെ കണ്ട് പേടിച്ച് വിവിധ ഭാഗങ്ങളിലേക്ക് ചിന്നിച്ചിതറിയോടുന്ന കാട്ടുകഴുതകളെ പോലെയാണവർ. പേടിപ്പെടുത്തുന്ന എന്തോ കണ്ടപോലെയാണവർ വിറളിപിടിച്ച് ഓടിയകലുന്നത്. വാസ്തവത്തിൽ ക്വുർആൻ അവരെ വിളിക്കുന്നത് ശാശ്വത രക്ഷയിലേക്കാണ്എന്ന കാര്യം അവർ മനസ്സിലാക്കുന്നില്ല.

അല്ലാഹുവിനെപ്പറ്റിയും ക്വുർആനിനെക്കുറിച്ചും പറയപ്പെട്ടാൽ വിശ്വാസിയുടെ പ്രതികരണം എപ്രകാരമായിരിക്കുമെന്നും ക്വുർആൻ പറയുന്നുണ്ട്:



"തൗറാത്ത് സ്വീകരിക്കാൻ ചുമതല ഏൽപിക്കപ്പെടുകയും, എന്നിട്ട് അത് ഏറ്റെടുക്കാതിരിക്കുകയും ചെയ്തവരുടെ (യഹൂദരുടെ) ഉദാഹരണം ഗ്രന്ഥങ്ങൾ ചുമക്കുന്ന കഴുതയുടേത് പോലെയാകുന്നു. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചുകളഞ്ഞ ജനങ്ങളുടെ ഉപമ എത്രയോ ചീത്ത! അക്രമികളായ ജനങ്ങളെ അല്ലാഹു സന്മാർഗത്തിലാക്കുകയില്ല" (ക്വുർആൻ 62:5).

തന്റെ പുറത്തിരിക്കുന്ന ഗ്രന്ഥങ്ങളിലടങ്ങിയിരിക്കുന്ന അറിവിന്റെ ആഴവും പരപ്പുമൊന്നും അത് വഹിക്കുന്ന കഴുതയ്ക്ക് അറിയില്ലല്ലോ. ഉപ്പുചാക്കാണെങ്കിലും ഗ്രന്ഥക്കെട്ടാണെങ്കിലും കഴുതക്ക് സമംതന്നെ. ഇപ്രകാരം തന്നെയാണ് തൗറാത്തിന്റെ അനുയായികളായ യഹൂദരുടെയും അവസ്ഥ. അവർ അതിലെ നിയമങ്ങളൊന്നും അനുസരിക്കാൻ തയ്യാറായില്ല. അതിന്റെ ഉള്ളടക്കമെന്താണെന്നും അവരറിയുന്നില്ല. പുരോഹിതന്മാർ പറയുന്നത് മാത്രമാണ് അവരുടെ മതം.

മനുഷ്യർ വിശേഷ ബുദ്ധിയുള്ളവരാണ്. മൃഗങ്ങൾ അങ്ങനെയല്ല. അതിനാൽ അവയ്ക്ക് നന്മയും തിന്മയും എന്തെന്നറിയില്ല. ധാർമികത എന്തെന്നും അവയ്ക്കറിയില്ല. അവയ്ക്ക് ചിന്താശേഷിയുമില്ല. എന്നാൽ ചിന്താശേഷിയുള്ള മനുഷ്യർ അത് ഉപയോഗിക്കുന്നില്ലെങ്കിലോ? അവർ മൃഗസമാനമാണ്. അല്ലാഹു പറയുന്നു:

"ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നും ധാരാളംപേരെ നാം നരകത്തിന് വേണ്ടി സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് മനസ്സുകളുണ്ട് അതുപയോഗിച്ച് അവർ കാര്യം ഗ്രഹിക്കുകയില്ല. അവർക്കു കണ്ണുകളുണ്ട് അതുപയോഗിച്ച് അവർ കണ്ടറിയുകയില്ല. അവർക്ക് കാതുകളുണ്ട് അതുപയോഗിച്ച് അവർ കേട്ടു മനസ്സിലാക്കുകയില്ല. അവർ കാലികളെപ്പോലെയാകുന്നു. അല്ല; അവരാണ് കൂടുതൽ പിഴച്ചവർ. അവർ തന്നെയാണ് ശ്രദ്ധയില്ലാത്തവർ" (ക്വുർആൻ 7:179).

ഇവർ ഐഹികസുഖം മാത്രം കൊതിക്കുന്നവരാണ്. ഭൗതികതയുടെ അലങ്കാരങ്ങളിൽ ഭ്രമിച്ചുപോയവരാണവർ. ഇത്തരം സ്വഭാവമുള്ളവരെക്കുറിച്ച് അല്ലാഹു ക്വുർആനിൽ മറ്റൊരിടത്തു പറഞ്ഞത് കാണുക:

"...സത്യനിഷേധികളാകട്ടെ (ഇഹലോകത്ത്) സുഖമനുഭവിക്കുകയും നാൽകാലികൾ തിന്നുന്നത്പോലെ തിന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. നരകമാണ് അവർക്കുള്ള വാസസ്ഥലം" (ക്വുർആൻ 47:12).

ഗ്രന്ഥം വഹിക്കുന്ന കഴുത എന്ന ഉപമ യഹൂദർക്ക് മാത്രം ബാധകമല്ലെന്നറിയുക. ക്വുർആനിന്റെ അനുയായികളെന്ന് മേനിനടിക്കുകയും എന്നാൽ അതിന്റെ ഉള്ളടക്കം മനസ്സിലാക്കാനോ, മനസ്സിലാക്കിയത് ജീവിതത്തിൽ പകർത്താനോ ശ്രമിക്കാത്തവർക്കും ഈ ഉപമ ചേരുമല്ലോ.

"അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും, അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചുകേൾപിക്കപ്പെട്ടാൽ വിശ്വാസം വർധിക്കുകയും, തങ്ങളുടെ രക്ഷിതാവിന്റെമേൽ ഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ" (ക്വുർആൻ 8:2).

"തീർച്ചയായും തങ്ങളുടെ രക്ഷിതാവിനെപ്പറ്റിയുള്ള ഭയത്താൽ നടുങ്ങുന്നവർ" (ക്വുർആൻ 23:57).

ഇപ്പറഞ്ഞ വിഭാഗത്തിൽ ഉൾപ്പെടുവാനാണ് അല്ലാഹു കൽപിക്കുന്നത്. അവർക്കാണ് ഈ ലോകത്തും പരലോകത്തും സമാധാനവും വിജയവും ഉണ്ടായിരിക്കുക.

## ഗ്രന്ഥങ്ങൾ ചുമക്കുന്ന കഴുതകൾ

അറിവും സത്യസന്ധമായ കർമവും വളരെ പ്രധാനമാണല്ലോ. നമ്മുടെ അറിവിനനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ തീർച്ചയായും അത് അല്ലാഹുവിന്റെയും റസൂലിന്റെയും സത്യവിശ്വാസികളുടെയും ആക്ഷേപത്തിന് വിധേയമാണ്. പ്രവർത്തിക്കാത്തത് പറയുന്നവരുണ്ട്. മതപരമായ വിഷയങ്ങളെ പരിഹസിക്കുകയും വിലകുറച്ച് കാണുകയും ചെയ്യുന്നവരുണ്ട്. മറച്ചുവെക്കുന്നവരുണ്ട്, ചിന്തിക്കാത്തവരുണ്ട്.

തൗറാത്ത് എന്ന വേദഗ്രന്ഥം യഹൂദികൾക്ക് ഇറക്കപ്പെട്ടതാണ്. എന്നാൽ അവർ അതിനെ ഉൾക്കൊള്ളേണ്ടതുപോലെ ഉൾക്കൊണ്ടില്ല. അതിലെ നിയമങ്ങൾ പാലിക്കുവാൻ തയ്യാറായില്ല. അവരെ അല്ലാഹു ഉപമിക്കുന്നത് കാണുക:

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം
വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ
ആസ്പദമാക്കിയുള്ള മെഗാ ഓൺലൈൻ ക്വിസ് മത്സരം

# നേർപഥം MEGA Online Quiz



zameel

## നേർപഥം ഓൺലൈൻ ക്വിസ് ലക്കം 197 - ചോദ്യങ്ങൾ

1) സത്യവിശ്വാസികൾക്ക് ഉപമയായി അല്ലാഹു എടുത്തുപറഞ്ഞ രണ്ടു മഹതികൾ?

(1) ആഇശ(റ)യും ഖദീജ(റ)യും (2) ഫാത്വിമ(റ)യും സ്വഫിയ്യ(റ)യും (3) ഫിർഔന്റെ ഭാര്യയും മർയം ബീവിയും

2) "നീ പറഞ്ഞത് കളവാണ്. അദ്ദേഹം മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്തിട്ടില്ല. ഭൂമിയിൽ ആധിപത്യം സ്ഥാപിക്കുന്നതുവരെ അദ്ദേഹം മരിക്കില്ല." അലി(റ)യുടെ മരണവാർത്തയുമായി വന്ന വ്യക്തിയോട് ഇപ്രകാരം പ്രതികരിച്ചത് ആര്?

(1) ജൂതനായ അബ്ദുല്ലാഹിബ്നു സബഅ് (2) അബൂലുഅ്ലുഅ (3) ഇബ്നു മുൽജിം

3) "നിങ്ങളുടെ അടുക്കലുള്ളത് തീർന്നുപോകും. അല്ലാഹുവിങ്കലുള്ളത് അവശേഷിക്കുന്നതത്രെ" എന്ന് അർഥമുള്ള ക്വുർആൻ സൂക്തം?

(1 ) 9:16 (2) 16:96 (3) 96:16

4) "വരൂ! നമുക്ക് പ്രതിജ്ഞയെടുക്കാം; ഈ രാജ്യം ഞങ്ങളുടെ സ്വന്തമാണെന്ന്, ഞങ്ങളാണതിന്റ സ്വന്തക്കാരെന്ന്, അതിന്റെ ഭാഗധേയത്തെ കുറിക്കുന്ന അടിസ്ഥാനപരമായ ഏത് തീരുമാനവും ഞങ്ങളുടെ സമ്മതമില്ലെങ്കിൽ പൂർണമാകില്ലെന്ന്.' ഇത് ആരുടെ വാക്കുകളാണ്?

(1) മൗലാനാ അബുൽകലാം ആസാദിന്റെ (2) മൗലാനാ ഷൗക്കത്തലിയുടെ (3) മഹാത്മാ ഗാന്ധിയുടെ

5) 'പരലോകത്ത് ഫലപ്പെടാത്തത് കയ്യൊഴിക്കലാണ് സുഹ്ദ് (വിരക്തി)' എന്നു പറഞ്ഞത്?

(1) ശൈഖുൽ ഇസ്‌ലാം ഇബ്നുതയ്മിയ്യ (2) ഇബ്നുൽ ക്വയ്യിം (3) ഇബ്നു മസ്ഊദ്(റ)

6) തൗറാത്ത് സ്വീകരിക്കാൻ ചുമതല ഏൽപിക്കപ്പെടുകയും, എന്നിട്ട് അത് ഏറ്റെടുക്കാതിരിക്കുകയും ചെയ്തവരെ ക്വുർആൻ 62:5ൽ ഉപമിച്ചത് എന്തിനോടാണ്?

(1) ഗ്രന്ഥങ്ങൾ ചുമക്കുന്ന കഴുതയോട് (2) കിതയ്ക്കുന്ന നായയോട് (3) എട്ടുകാലിയോട്

7) "....പറയുക: ഇഹലോകത്തെ സുഖാനുഭവം വളരെ തുച്ഛമായതാണ്. പരലോകമാണ് സൂക്ഷ്മതപാലിക്കുന്നവർക്ക് കൂടുതൽ ഗുണകരം"

(1) ക്വുർആൻ 4:77 (2) (3) ക്വുർആൻ 77:4 (3) ക്വുർആൻ 47:7

8) .......... പറഞ്ഞതായി ഇമാം മുജാഹിദിൽനിന്ന് നിവേദനം: "തിരുദൂതർ എന്റെ ചുമലിൽ പിടിച്ചു. എന്നിട്ടു പറഞ്ഞു: 'താങ്കൾ ഭൗതികലോകത്ത് ഒരു വിദേശിയെ പോലെ, അല്ലെങ്കിൽ ഒരു വഴിയാത്രികനെ പോലെ ആയിത്തീരുക" (ബുഖാരി).

(1) ഇബ്നു അബ്ബാസ്(റ) (2) അനസ് ഇബ്നു മാലിക്(റ) (3) ഇബ്നുഉമർ(റ)

9) ശിയാക്കളിലെ ഏതു വിഭാഗമാണ് തങ്ങളുടെ ഇമാം മുഹമ്മദുബ്നുൽ ഹനഫിയ്യ മരണപ്പെട്ടിട്ടില്ല, മറിച്ച് റിദ്‌വ മലനിരകളിൽ ബന്ധിതനാണ് എന്നും അവസാനനാളിൽ അദ്ദേഹം വരുമെന്നും വിശ്വസിക്കുന്നത്?

(1) കൈസാനിയ (2) മുഹമ്മദിയ്യ (3) ഇമാമിയ്യ

10) ഭൗതിക ജീവിതത്തിലെ വിരക്തിയെ കുറിച്ച് ......... ചോദിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം പ്രതിവചിച്ചു: 'വിശിഷ്ഠമായ സമ്പാദ്യവും ഹ്രസ്വമായ പ്രതീക്ഷയുമാണത്.'

(1) നബി(സ്വ)യോട് (2) അബൂഹുറയ്റ(റ)യോട് (3) ഇമാം മാലികിനോട്

മത്സരസംബന്ധമായ വിശദവിവരങ്ങൾക്ക് നേർപഥം പേജ് 35 നോക്കുക



സൈദലവി വിളയൂർ
mail@nerpatham.com

കവിത

# തകരുന്ന സ്വപ്നങ്ങൾ

രാവിന്റെ വിരിമാറിൽ
കരിമ്പടം പുതച്ചുറങ്ങുമ്പോൾ
ബാക്കിയാവുന്നുണ്ട്
പുലരിയെക്കുറിച്ച്
ഒരിറ്റു പ്രതീക്ഷകൾ.
പുലർക്കാല വെട്ടത്തിൻ
വെൺമയിൽ
ഉണർന്നെണീറ്റിടും നേരവും
പകലിനെക്കുറിച്ചുണ്ട്
നീണ്ട പ്രതീക്ഷകൾ.
ഉടുത്തൊരുങ്ങിപ്പുറപ്പെടും സമയവും
തിളങ്ങിടും പ്രതീക്ഷകൾ
ഊതിക്കാച്ചിയ പൊന്നുപോൽ.
പിന്നെയെവിടെയോ,
ഒരൊറ്റ നിമിഷത്തിൻ പാതിയിൽ
തകരുന്നുവെല്ലാം
ചില്ലു ഗോപുരം പോൽ.
എത്ര പെട്ടെന്നൊരു
കുഴിമാടം തുറക്കുന്നു;
സ്വരുക്കൂട്ടി വെച്ച
സ്വപ്നങ്ങളെ
കുഴിച്ചു മൂടാൻ!
വീടിന്നകങ്ങളിൽ
ഉയരുന്നു രോദനം,
പിന്നീടു മൗനം
കനത്തിടുന്നു!
ദൈവം വിധിക്കുന്നതല്ലോ
നടക്കുന്നു;
മർത്യർക്കതിലൊരു
പങ്കുമില്ല!




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ആഗസ്ത് 1 മുതൽ ഡിസംബർ 12 വരെ പുറത്തിറങ്ങുന്ന 20 ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക.
- പങ്കെടുത്ത മത്സരങ്ങളിൽ നേടിയ ശരിയുത്തരങ്ങളെ അടിസ്ഥാനമാക്കി ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച മത്സരാർഥികളെ ഉൾപ്പെടുത്തി ഡിസംബർ അവസാനം ഓൺലൈൻ മെഗാ മത്സരം നടത്തും.
- മെഗാ മത്സരത്തിലെ വിജയികൾക്ക് ലാപ്ടോപ്പും ടാബും മൊബൈൽ ഫോണും പുസ്തകങ്ങളുമടങ്ങുന്ന, ലക്ഷം രൂപ വില വരുന്ന സമ്മാനങ്ങളാണ് നൽകുന്നത്. പുറമെ 10 പ്രോത്സാഹന സമ്മാനങ്ങളും സമ്മാനിക്കും.
- കൂടുതൽ ശരിയുത്തരമയക്കുന്നവരുടെ മാർക്ക് വിവരങ്ങൾ സമീൽ ആപ്പിലും നേർപഥം വെബ്സൈറ്റിലും പോയിന്റ് ടേബിളായി പ്രസിദ്ധപ്പെടുത്തും.
- മത്സരത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ പുതിയ ലക്കം നേർപഥത്തിലും രജിസ്ട്രേഷൻ പോർട്ടലിന്റെ ലിങ്ക് നേർപഥം വെബ്സൈറ്റിലും സമീൽ ഓൺലൈൻ ലൈബ്രറിയിലും ലഭ്യമാവും.
- എല്ലാ ഞായറാഴ്ചയും മാഗസിൻ ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുകയും, രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ശനിയാഴ്ചയും രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വച്ചാണ് മത്സരാർഥികൾ ഓൺലൈൻ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ഒരു നമ്പറിൽ നിന്ന് ഒന്നിലധികം ആളുകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യമുണ്ടാവും.
- ശരിയുത്തരങ്ങൾ തൊട്ടടുത്ത ഞായറാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- വിജയികളുടെ പേരുകൾ ഞായറാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- ആഴ്ച തോറുമുള്ള വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 194

**ഒന്നാം സമ്മാനം:**
Faheema VK, Kodiyathur, Kozhikode

**രണ്ടാം സമ്മാനം:**
Safna Noushad, Erattupetta, Kottayam

**മൂന്നാം സമ്മാനം:**
Ashiq Ziyan PK, Kottakkal, Malappuram

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 OCTOBER 24

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ
പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള

**മെഗാ ഓൺലൈൻ ക്വിസ് മത്സരം**

ONLINE
നേർപഥം Quiz
MEGA

**ഒന്നാം സമ്മാനം ലാപ്ടോപ്പ്..!!**
**രണ്ടാം സമ്മാനം ടാബ്ലെറ്റ്..!!**
**മൂന്നാം സമ്മാനം മൊബൈൽ ഫോൺ..!!**
**പത്ത് പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ..!!**
**കൂടാതെ ശരിയുത്തരമയക്കുന്ന**
**1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!**

**ലക്ഷം രൂപയുടെ സമ്മാനങ്ങൾ...!!!**



QR കോഡ് സ്കാൻ ചെയ്യുക

zameel
the soulmate

വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ
ലൈബ്രറിയോ സന്ദർശിക്കുക

**ഇപ്പോൾ രണ്ട് മത്സരങ്ങളിൽ ഒരുമിച്ച് പങ്കെടുക്കാൻ അവസരം...!!!**
**മത്സരങ്ങൾ, എല്ലാ ഞായറാഴ്ചയും 10 AM മുതൽ... ഉത്തരങ്ങൾ സ്വീകരിക്കാൻ 14 ദിവസം...!!**